വിദ്യാഭ്യാസം-കലാ-കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

Education-Culture-Sports Standing Committee

# നഗരസഭകളിലെ വിദ്യാഭ്യാസം-കലാ-കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുള്ള

# കൈപ്പുസ്തകം

## Handbook for Education-Culture-Sports Standing Committee in Urban Local Governments

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

മുളങ്കുന്നത്തുകാവ്.പി.ഒ, തൃശ്ശൂർ-680581

KERALA INSTITUTE OF LOCAL ADMINISTRATION (KILA)

MULAMKUNNATHUKAVU.P.O, TRISSUR-680581

നവംബർ 2022

November 2022

**നഗരസഭകളിലെ വിദ്യാഭ്യാസം-കലാ-കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുള്ള കൈപ്പുസ്തകം**

**ചീഫ് എഡിറ്റർ**
**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

**എഡിറ്റർ**
ഡോ. കെ രാജേഷ്
സീനിയർ അർബൻ ഫെല്ലോ, കില

**അസോസിയേറ്റ് എഡിറ്റർമാർ**
ശ്രീ. എം രേണുകുമാർ
കൺസൾട്ടന്റ്, കില
ശ്രീ. ആർ ബാലഗംഗാധരൻ
കൺസൾട്ടന്റ്, കില
ശ്രീ. പി എം ദേവരാജൻ
ട്രെയിനിംഗ് കോർഡിനേറ്റർ, കില
അഡ്വ. ടി എസ് സെയ്ഫുദ്ദീൻ
ട്രെയിനിംഗ് കോർഡിനേറ്റർ, കില

**അസിസ്റ്റന്റ് എഡിറ്റർമാർ**
ശ്രീ. കെ വിനീത്
പ്രോഗ്രാം കോർഡിനേറ്റർ, കില
ശ്രീമതി. റിമ ജോസ്
പ്രോഗ്രാം കോർഡിനേറ്റർ, കില

**രചനയിൽ സഹായിച്ചവർ**
ഡോ. കെ പി എൻ അമൃത
ഡോ. കെ പ്രദീപ് കുമാർ
ഡോ. രമ്യ
ഡോ. സി മധുസൂദനൻ
ശ്രീ. വി മനോജ്
ശ്രീ. ടി കെ മീരാഭായ്
ശ്രീ. ജയ് ശ്രീകുമാർ വി
ശ്രീമതി. ശശികല കെ ജി
ശ്രീ. ഫിലിപ്പ് തോമസ്
ശ്രീ. കെ വി ഗോവിന്ദൻ
ശ്രീ. ഇ നിസാമുദ്ദീൻ
പ്രൊഫ. എം ഹരിദാസ്
ശ്രീ. ലെസ്ലി ഫ്രാൻസിസ്
ശ്രീ. വി കെ ഉണ്ണികൃഷ്ണൻ

**ഡിറ്റിപി**
ശ്രീമതി. ജോഫി എൻ ജോണി

**കവർ & ലേഔട്ട്**
ശ്രീ. അഭിരാം കെ ടി കെ

**പ്രസാധനം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളംകുന്നത്തുകാവ്, തൃശ്ശൂർ - 680 581
ഫോൺ: +91-487-2207000, 2201312
ഫാക്സ് : +91-487-2201062
ഇ-മെയിൽ : info@kila.ac.in
വെബ് സൈറ്റ് : http://www.kila.ac.in

**അച്ചടി**
ഗ്രാമലക്ഷ്മി മുദ്രാലയം
കഞ്ചിക്കോട്

നവംബർ 2022

**Handbook for Education-Culture-Sports Standing Committee in Urban Local Governments**

**Chief Editor**
**Dr. Joy Elamon**
Director General, KILA

**Editor**
Dr. K Rajesh
Senior Urban Fellow, KILA

**Associate Editors**
Shri. M Renukumar
Consultant, KILA
Shri. R Balagangadharan
Consultant, KILA
Shri. P M Devarajan
Training Coordinator, KILA
Adv. T S Saifudeen
Training Coordinator, KILA

**Assistant Editors**
Sri. K Vineeth
Programme Coordinator, KILA
Smt. Rima Jose
Programme Coordinator, KILA

**Contributors**
Dr. K P N Amrutha
Dr. K Pradeep Kumar
Dr. Remya
Dr. C Madhusoodhanan
Sri. V Manoj
Sri. T K Meerabhai
Sri. Jai Sreekumar V
Smt. Sasikala K G
Sri. Philip Thomas
Sri. K V Govindan
Sri. E Nizamudheen
Prof. M Haridas
Sri. Lesly Francis
Sri. V K Unnikrishnan

**DTP**
Smt. Jofi N Johny

**Cover & Layout**
Mr. Abhiram K T K

**Published by**

Kerala Institute of Local Administration (KILA)
Mulamkunnathukavu, Thrissur-680 581
Phone: +91-487-2207000, 2201312
Fax : +91-487-2201062
e-mail : info@kila.ac.in
Website : http://www.kila.ac.in

**Printed by**
Gramalakshmi Mudralayam
Kanjikode

November 2022

ISBN NUMBER 978-81-954977-8-2

**ശ്രീ. എം.ബി രാജേഷ്**
**ബഹു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി**
**കേരള സർക്കാർ**



# സന്ദേശം

കേരളത്തിലെ നഗരസഭകളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്ക് നഗരസഭാ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങളെപ്പറ്റി കില പരിശീലനം നല്കി കഴിഞ്ഞിരിക്കുന്നു. അതിന്റെ തുടർച്ചയായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കും കാലാനുസൃതമായ രീതിയിൽ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് 1996 ൽ കേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണത്തോടെ ശക്തമായ പ്രാദേശിക ഭരണസംവിധാനം രൂപപ്പെടുത്തുകയും ത്രിതല പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുകയും ചെയ്തു. ഇന്ന് അധികാരവും വിഭവങ്ങളും ഉദ്യോഗസ്ഥ-സ്ഥാപന സംവിധാനങ്ങളുമെല്ലാം സ്വന്തമായുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾ ഏറെ പ്രതീക്ഷിക്കുന്നു. ഇതനുസരിച്ച് ജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഒത്ത് ഉയരുമ്പോഴേ അധികാരവികേന്ദ്രീകരണം സാർത്ഥകമായി എന്ന് പറയാൻ കഴിയൂ.

ജനപ്രതീക്ഷയ്ക്ക് ഒത്ത് ഉയരാനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും തക്കവിധം ജനാധിപത്യ ഭരണസംവിധാനം കാര്യക്ഷമമാക്കണമെങ്കിൽ അതിന്റെ രണ്ടു ഘടകങ്ങളായ ജനപ്രതിനിധി സംവിധാനവും ഉദ്യോഗസ്ഥ സംവിധാനവും ഒരേപോലെ കാര്യക്ഷമമാകണം. തീരുമാനങ്ങൾ എടുക്കാൻ അധികാരപ്പെട്ട ജനപ്രതിനിധി സംവിധാനത്തിന് ഫലപ്രദമായി അത് കഴിയണമെങ്കിൽ കൃത്യമായ പരിശീലനം ആവശ്യമാണ്. ഇതിനനുസരണമായ പരിശീലനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ കില സ്തുത്യർഹമായ രീതിയിൽ നടപ്പാക്കിയിട്ടുണ്ട്.

ഈ പ്രത്യേകതകൾക്കനുസരണമായിട്ടാണ് ജനപ്രതിനിധികൾക്കായിട്ടുള്ള പുതിയ കൈപ്പുസ്തകങ്ങൾ കില തയ്യാറാക്കിയിട്ടുള്ളത്. തീർച്ചയായും ഈ പുസ്തകങ്ങൾ പുതിയ കടമകൾ ഏറ്റെടുക്കുന്നതിന് കൗൺസിലർമാരെ പ്രാപ്തരാക്കും എന്നത് നിസ്തർക്കമാണ്. പുതിയ സവിശേഷതയോടുകൂടി ഈ പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കിലയേയും അതിനവരെ സഹായിച്ച മറ്റുള്ളവരേയും അഭിനന്ദിയ്ക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയാണ്.

സ്നേഹപൂർവ്വം

**ശ്രീ. എം. ബി രാജേഷ്**

**ഡോ. ജോയ് ഇളമൺ**
**ഡയറക്ടർ ജനറൽ**
**കില**



# അവതാരിക

കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് ഏകദേശം തുല്യ പ്രാധാന്യം നൽകുന്ന ഒരു ഭരണസംവിധാനം ആയിരുന്നു സ്വതന്ത്ര ഇന്ത്യ മുന്നോട്ട് വെച്ചത്. എന്നാൽ കാലം മുന്നോട്ടു പോയപ്പോൾ പല കാരണങ്ങളാലും ഭരണസംവിധാനത്തിന് കേന്ദ്രീകൃത സ്വഭാവം കൂടുതലായി കൈവരികയാണ് ചെയ്തത്. ഇത്തരമൊരു സംവിധാനത്തിൽ ദുർബല ജനസമൂഹങ്ങളും അവികസിത പ്രദേശങ്ങളും വികസന മുന്നേറ്റത്തിൽ സ്വാഭാവികമായും പിന്തള്ളപ്പെട്ടു പോകുന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ പല മുൻനിര നേതാക്കന്മാർക്കും ഈ പ്രതിഭാസം ഉണ്ടാകുമെന്ന് അറിയാമായിരുന്നു. അതുകൊണ്ടാണ് സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ അധികാര വികേന്ദ്രീകരണത്തെപ്പറ്റി ദേശീയ പ്രസ്ഥാനത്തിനുള്ളിൽ സജീവമായ ചർച്ചകൾ ഉയർന്നു വന്നത്. അതിന്റെ ഏറ്റവും ഉയർന്ന രൂപമായിരുന്നു ഗാന്ധിജി മുന്നോട്ടുവെച്ച 'ഗ്രാമസ്വരാജ്'.

എന്നാൽ, സ്വാതന്ത്ര്യാനന്തരമുണ്ടായ ഭരണനടപടികളിൽ ഈ ആശയങ്ങൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കപ്പെട്ടില്ല. ഈ അവസ്ഥയ്ക്കെതിരായി, തുടക്കത്തിൽ തന്നെ പല സ്ഥലങ്ങളിലായി പ്രതിഷേധങ്ങൾ ഉയർന്നു വരികയുണ്ടായി. അതിന്റെ ഒരു ഘട്ടത്തിൽ അധികാര വികേന്ദ്രീകരണം എന്ന ആശയം വീണ്ടും ഉയർന്നു വന്നു. അതനുസരിച്ചുള്ള ചില നടപടികൾ പല സമയത്തായി കേന്ദ്ര–സംസ്ഥാന സർക്കാരുകളിൽ നിന്നുണ്ടാവുകയും ചെയ്തു. കേരളത്തിലെ ജില്ലാ കൗൺസിലുകൾ, കർണാടകത്തിലെ തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾ, പശ്ചിമബംഗാളിൽ ഒരു ഘട്ടത്തിൽ നടപ്പാക്കപ്പെട്ട അധികാര വികേന്ദ്രീകരണ സംരംഭങ്ങൾ എന്നിവ ഈ സരണിയിലുള്ള ചില കാൽവെപ്പുകൾ ആയിരുന്നു. എന്നാൽ 73, 74 ഭരണഘടനാ ഭേദഗതികളോടെയാണ് അധികാരവികേന്ദ്രീകരണ നടപടികൾക്ക് അഖിലേന്ത്യാടിസ്ഥാനത്തിൽ ഫലപ്രദമായ തുടക്കമായത്.

എഴുപത്തിനാലാം ഭരണഘടനാ ഭേദഗതിയോടെ ഇന്ത്യയിലെ നഗരസഭകൾക്ക് കൂടുതൽ അധികാരങ്ങളും ഫണ്ടുകളും ലഭ്യമായി. അതനുസരിച്ച് നഗരഭരണ സംവിധാനത്തെ പറ്റിയുള്ള ജനകീയ പ്രതീക്ഷകളും വിപുലമായി.

ഈ മാറ്റങ്ങൾ ജനപ്രതിനിധികളുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിപ്പിക്കുന്നു. സമൂഹം നഗരസഭകളിൽ നിന്ന് സമഗ്രവും സമയബന്ധിതവുമായ സേവനങ്ങൾ പ്രതീക്ഷിക്കുന്നു. ഈ വെല്ലുവിളി നേരിടുന്നതിന് നഗരഭരണകൂടങ്ങൾക്ക് സാധ്യമാവാതെ വന്നാൽ അധികാര

വികേന്ദ്രീകരണം നഗരപ്രദേശങ്ങളിൽ ഫലപ്രാപ്തിയിൽ എത്താൻ പ്രയാസമാണ്. ഈ കഴിവ് നേടുന്നതിനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗം നിരന്തരവും ഇടമുറിയാത്തതുമായ വിദഗ്ധ പരിശീലനമാണ്.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്ക് അവരുടെ പ്രവർത്തന തുടക്കത്തിൽ 2020 ഡിസംബർ മാസത്തിൽ 3 ദിവസത്തെ പരിശീലനം നൽകുകയുണ്ടായി. ഇതിനോട നുബന്ധിച്ച് നവകേരളത്തിനായി നഗരസഭകൾ എന്ന പേരിൽ വിവിധ വിഷയങ്ങളിലായി തയ്യാറാക്കിയ കൈപ്പുസ്തകങ്ങളും എല്ലാ ജനപ്രതിനിധികൾക്കും ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പരിശീലനത്തിന്റെ തുടർച്ചയായി നഗരസഭകളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർക്കും അംഗങ്ങൾക്കും അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തന പരിധിയിൽ വരുന്ന വിഷയങ്ങളിൽ വിശദമായ പരിശീലനവും നൽകുകയുണ്ടായി. ഇത്തരത്തിൽ നഗരസഭകളിലെ വിദ്യാഭ്യാസം–കല–കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യുടെ പരിശീലനത്തിന്റെ തുടർച്ചയായി പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ഉപകാര പ്രദമാകും വിധമാണ് വിദ്യാഭ്യാസം–കല–കായികകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾക്കായി ഈ കൈപുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്. അത് രൂപപ്പെടുത്തുന്നതിന് നേതൃത്വം നൽകിയ കില അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കാളിയത്ത്, സീനിയർ അർബൻ ഫെല്ലോ ഡോ. കെ രാജേഷ് എന്നിവരോടൊപ്പം ഈ സംരംഭത്തിൽ പങ്കാളികളായ കില ടീം അംഗങ്ങളേയും അഭിനന്ദിച്ചു കൊണ്ട് ഈ പുസ്തകം കിലയ്ക്കുവേണ്ടി സമർപ്പിക്കുന്നു.

**ഡോ. ജോയ് ഇളമൺ**

**ഡോ. അജിത് കാളിയത്ത്**
**അർബൻ ചെയർ പ്രൊഫസർ**
**കില**



# ആമുഖം

സംസ്ഥാന സർക്കാർ മുന്നോട്ട് വെച്ച 'നമ്മൾ നമുക്കായ്' എന്ന ആശയത്തിന്റെ സാധ്യതകൾ പൂർണ്ണമായും നേടാൻ കഴിവുള്ള ഒരു പ്രാദേശിക ഭരണ സംവിധാനം ഇന്ന് കേരളത്തിലുണ്ട്. 73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് കേരളത്തിൽ നടപ്പിൽ വന്ന അധികാരവികേന്ദ്രീകരണ ഭരണസംവിധാനങ്ങളും വികേന്ദ്രീകരണ ആസൂത്രണവും മറ്റ് രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും മാതൃകയായി തീരുകയും വിജയം കൈവരിയ്ക്കുകയും ചെയ്തതിന്റെ പ്രധാന കാര്യങ്ങളിൽ ഒന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിയ്ക്കുന്ന എല്ലാവർക്കും വിവിധ മേഖലകളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിരന്തര പരിശീലനങ്ങളാണ്. ഇതിന് നേതൃത്വം നല്കുന്ന സ്ഥാപനങ്ങളിൽ മുൻനിരയിൽ നില്ക്കുന്നത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ അഥവാ കിലയാണ്. ഓരോ തെരഞ്ഞെടുപ്പിന് ശേഷവും പുതിയ ജനപ്രതിനിധികൾക്ക് പരിശീലനം ആരംഭിക്കുകയും അവരുടെ ഭരണ കാലാവധി അവസാനിയ്ക്കും വരെ തുടർപരിശീലനം നല്കി കൊണ്ടിരിയ്ക്കുകയും ചെയ്യുക എന്നത് കില വർഷങ്ങളായി തുടർന്നു വരുന്ന നടപടിക്രമമാണ്.

സാങ്കേതിക മുന്നേറ്റത്തിന് വിധേയമായി കാലാകലങ്ങളിൽ പഠനരീതിയിൽ ഉണ്ടാവുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് കില പഠനസമ്പ്രദായങ്ങൾ പരിഷ്ക്കരിയ്ക്കുന്നു പഠിതാക്കൾ മുതിർന്നവരാണെന്ന കാര്യവും കണക്കിലെടുക്കുന്നു. നീണ്ട അവതരണ രീതികൾക്ക് പകരം പങ്കാളിത്ത പഠന രീതിയ്ക്ക് അനുയോജ്യമായ ദൃശ്യ-ശ്രവ്യ സങ്കേതങ്ങൾ, ഗ്രൂപ്പ് ചർച്ച, ബ്രെയിൻ സ്റ്റോമിംഗ് തുടങ്ങിയ രീതികൾ സന്ദർഭാനുസരണം ഉപയോഗിയ്ക്കുന്നു.

ഇന്നാവട്ടെ സ്ഥിതി മറ്റെല്ലാ കാലത്തേക്കാളും സങ്കീർണ്ണമാണ്. കോവിഡ്-19 എന്ന മഹാമാരി അറിവിന്റേയും പഠനത്തിന്റേയും തലങ്ങളിലും പുതിയ മാറ്റങ്ങൾ ആവശ്യപ്പെടുന്നു. അതനുസരിച്ച് പഴയ രീതിയിൽ പഠിതാക്കളെ ഒരു കേന്ദ്രത്തിൽ ഒന്നിച്ചു കൂട്ടി പഠനം നടത്തുക എന്നത് പ്രായോഗികമായി പ്രയാസകരമായപ്പോൾ പകരം സംവിധാനങ്ങൾ കിലയ്ക്കും പരീക്ഷിയ്ക്കേണ്ടിവന്നു. ഏറ്റവും സ്വാഭാവികമായ പുതു സംവിധാനം എന്ന നിലയിൽ ഓൺലൈൻ രീതിയാണ് കില സ്വീകരിച്ചത്. നഗരസഭാ കൗൺസിലർമാരുടെ പൊതുപരിശീലനത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ പ്രത്യേക പരിശീലനത്തിനും ഈ രീതി വിജയകരമായി പ്രയോജനപ്പെടുത്താൻ കിലയ്ക്ക് കഴിഞ്ഞു. ഡിജിറ്റൽ ഇക്കോണമിയുടെ

സഹായത്തോടെ വിജ്ഞാന സമൂഹത്തിലേക്കുള്ള ചുവടു വെപ്പുകൾ അതിവേഗം നടത്തുന്ന കേരളത്തിലെ ജനപ്രതിനിധികൾക്ക് ഈ മാറ്റം ഉൾക്കൊള്ളാനും, അവരുടെ പ്രവർത്തനങ്ങൾ ഇത്തരത്തിലൂടെ മെച്ചപ്പെടുത്തുന്നതിനും സഹായിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ പുതിയ സംവിധാനത്തിൽ പഠനത്തിനു സഹായകരമായ കൈപുസ്തകങ്ങളുടെ പ്രാധാന്യം വളരെയേറെ വർദ്ധിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി പരിശീലനത്തിനും ഇത് ബാധകമാണ്. ഈ പുതിയ പരിസ്ഥിതി കണക്കിലെടുത്ത് അതനുസരിച്ചുള്ള കാഴ്ചപ്പാടോടു കൂടിയാണ് കൈപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും പ്രത്യേകം പ്രത്യേകം പുസ്തകങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പതിവിൽ നിന്നും വ്യത്യസ്തമായി ഓരോ വിഷയങ്ങളോടും ബന്ധപ്പെട്ട വിദഗ്ധരെ കണ്ടെത്തി അവരുടെ അനുഭവും വൈദഗ്ധ്യവും ഉൾക്കൊള്ളുന്ന ലേഖനങ്ങൾ സംഭരിയ്ക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സമകാലീന സേവനങ്ങൾക്ക് ഉതകുന്നതോടൊപ്പം ഭാവിയിലും ഉപയോഗിയ്ക്കുവാൻ കഴിയുന്ന രീതിയിലാണ് പുസ്തകങ്ങൾ സംവിധാനം ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട മേഖലകളിൽ ദീർഘകാലമായി പ്രവർത്തിച്ചു വരുന്നവരാണ് എല്ലാ ലേഖന കർത്താക്കളും. പ്രാദേശിക ഭരണ സംവിധാനങ്ങളുടെയും അധികാര വികേന്ദ്രീകരണത്തിന്റേയും ചരിത്രപരമായ ഉരുത്തിരിയൽ മുതൽ ഇന്ന് അത് അഭിമുഖീകരിയ്ക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളും അതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പങ്കും പ്രസക്തിയും വരെ ഈ പുസ്തകങ്ങളിൽ ചർച്ച ചെയ്യുന്നു.

ഈ രീതിയിൽ ഈ പുസ്തകം രൂപകല്പന ചെയ്യാനും സമയബന്ധിതമായി തയ്യാറാക്കുന്നതിനും ലേഖനകർത്താക്കളും കിലയുടെ ജീവനക്കാരും പൂർണ്ണ മനസ്സോടെ സഹകരിച്ചിട്ടുണ്ട്. അവർക്കും സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ തന്ന് ഞങ്ങളെ പ്രോത്സാഹിപ്പിച്ച ബഹുമാന്യനായ കില ഡയറക്ടർ ജനറലിനും നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിയ്ക്കുന്നു.

**ഡോ. അജിത് കാളിയത്ത്**

# ഉള്ളടക്കം

1 **വിദ്യാഭ്യാസ ലക്ഷ്യങ്ങൾ** ..... **11**

2 **വിദ്യാഭ്യാസം അവകാശം** ..... **18**

2.1 ആരാണ് കുട്ടി ..... 18

2.2 കുട്ടികൾക്ക് ഉറപ്പു നൽകുന്ന അവകാശങ്ങൾ ..... 19

2.3 സർക്കാർ ചുമതലകൾ ..... 19

2.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ..... 19

2.5 രക്ഷിതാവ് ..... 20

2.6 സ്കൂൾ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ..... 20

2.7 സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ഘടന ..... 21

2.8 ചുമതലകൾ ..... 21

2.9 അദ്ധ്യാപകർ ..... 22

2.10 പാഠ്യപദ്ധതിയും പ്രാഥമിക വിദ്യാഭ്യാസ പൂർത്തീകരണവും ..... 22

2.11 കുട്ടികളുടെ അവകാശ സംരക്ഷണം ..... 22

2.12 ഷെഡ്യൂൾ ..... 23

3 **നഗരഭരണവും കമ്മിറ്റി സംവിധാനവും** ..... **24**

3.1 കമ്മിറ്റിയുടെ പ്രസക്തി ..... 24

3.2 സ്റ്റാന്റിംഗ് കമ്മിറ്റികൾ ..... 25

3.3 ജനപ്രതിനിധി സംവിധാനവും കമ്മിറ്റികളും ..... 25

3.4 സ്റ്റാന്റിംഗ് കമ്മിറ്റികളും ചുമതലാ വിഷയങ്ങളും ..... 26

മുനിസിപ്പാലിറ്റികൾ ..... 26

മുനിസിപ്പൽ കോർപ്പറേഷൻ ..... 27

3.5 സ്റ്റാന്റിംഗ് കമ്മിറ്റി – പൊതു വ്യവസ്ഥകൾ ..... 28

3.6 സ്റ്റിയറിംഗ് കമ്മിറ്റി ..... 30

3.7 പ്രത്യേക കമ്മിറ്റികൾ ..... 30

3.8 ജോയിന്റ് കമ്മിറ്റികൾ ..... 30

3.9 വാർഡ് കമ്മിറ്റികളും വാർഡ് സഭകളും ..... 31

3.10 ആരോഗ്യ സ്ഥാപനങ്ങൾക്കായുള്ള മാനേജ്മെന്റ് കമ്മിറ്റി. (എച്ച്.എം.സി) .. 31
3.11 ഭരണ നിർവ്വഹണ കമ്മിറ്റി ........ 31
3.12 ജില്ലാ പ്ലാനിംഗ് കമ്മിറ്റി ........ 31
3.13 സംസ്ഥാന വികസന കൗൺസിൽ ........ 32
**4 വിദ്യാഭ്യാസം: നഗരസഭകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ........ 33**
4.1 സംസ്ഥാന സർക്കാരുകളുടേയും പ്രാദേശിക ഭരണ കൂടത്തിന്റേയും ചുമതലകൾ (2011 ലെ Kerala Right of Children to Free and Compulsary Education Rules പ്രകാരം) ........ 34
4.2 സുസ്ഥിരവികസന ലക്ഷ്യങ്ങൾ 2030– Sustainable Development Goals (SDGs) ........ 35
4.3 ഗുണമേന്മയുള്ള വിദ്യാഭ്യാസം ........ 37
4.4 വിദ്യാഭ്യാസ അവകാശനിയമം 2009 ........ 38
4.5 സവിശേഷതകൾ ........ 38
**5 നവകേരള കർമ്മ പരിപാടി ........ 40**
5.1 നവകേരള നിർമ്മിതിക്കായി നാല് മിഷനുകൾ ........ 41
5.1.1 ഹരിതകേരള മിഷൻ ........ 41
5.1.1.1 ശുചിത്വം മാലിന്യ സംസ്കരണം ........ 41
5.1.1.2 ജലസംരക്ഷണം ........ 42
5.1.1.3 കാർഷിക വികസനം ........ 42
5.1.2 ആർദ്രം മിഷൻ ........ 42
5.1.3 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ........ 42
5.1.4 ലൈഫ് മിഷൻ ........ 43
**6 നഗര യുവതയുടെ ശേഷി വികസനം ........ 45**
6.1 ശേഷി വികസന ആവാസ വ്യവസ്ഥയുടെ പ്രധാന ഭാഗഭാക്കുകളെ തിരിച്ചറിയൽ ........ 46
6.2 പഠിതാക്കളുടെ പ്രതീക്ഷകൾ ........ 46
6.3 ശേഷി വികസന പ്രക്രിയ ........ 46
6.3.1 ബോധവത്ക്കരണ ക്യാമ്പയിൻ ........ 46
6.3.2 പ്രൊഫഷണൽ ആയ കരിയർ അഭിരുചി പരിശോധന ........ 47
6.3.3 സാധ്യതകൾ ........ 47
6.3.3.1 നഗരതല കരിയർ കേന്ദ്രങ്ങൾ ........ 47
6.3.3.2 കേന്ദ്രീകൃത ഡാറ്റാ ബാങ്ക് ........ 48
6.3.3.3 സോഫ്റ്റ് വെയർ/മൊബൈൽ ആപ്പ് ........ 48
6.3.4 സംരംഭകത്വ ബോധവത്ക്കരണം ........ 48

6.3.5 മുൻസിപ്പൽ സ്കിൽ മിഷൻ ... 48
6.3.6 സർക്കാർ ബന്ധിത പദ്ധതികൾ/സി.എസ്.ആർ ഫണ്ടുകൾ ... 49
6.3.7 ശേഷി വികസനത്തിനുള്ള സംവിധാനങ്ങൾ ... 49
**7 ഉൾചേർന്നുള്ള വിദ്യാഭ്യാസം (Inclusive Education) ... 50**
7.1 മനുഷ്യാവകാശ പ്രഖ്യാപനം ... 50
7.2 ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവും ... 51
7.3 ഇന്ത്യൻ ഭരണഘടനയുടെ സാധ്യതകൾ ... 51
7.4 ക്ലാസ് മുറിയിലെ നിരക്ഷരതയും കൊഴിഞ്ഞുപോക്കും ... 52
7.4.1 പഠന പിന്നോക്കാവസ്ഥ ... 52
7.4.2 കൊഴിഞ്ഞുപോക്ക് ... 53
7.5 ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ ദർശനം ... 53
7.5.1 ലക്ഷ്യം ... 53
7.5.2 ഇന്ത്യയിലെ ഇടപെടലുകൾ ... 53
7.5.3 പ്രശ്നങ്ങൾ വെല്ലുവിളികൾ ... 54
7.6 കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ ... 55
7.6.1 കോവിഡ് കാലത്തെ വെല്ലുവിളികൾ ... 55
7.6.2 പട്ടികജാതി വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ ... 56
7.6.3 മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ ... 56
7.6.4 എന്തെല്ലാം ഇടപെടലുകൾ ... 57
7.6.5 ഗോത്ര വിഭാഗത്തിലെ കുട്ടികൾ ... 58
7.6.6 കോവിഡ് – കാലം – ഓൺലൈൻ പഠനം ... 59
**8 ലിംഗനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസം ... 61**
8.1 പിതൃമേധാവിത്ത വ്യവസ്ഥ ... 63
8.2 ഭിന്ന ലിംഗ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ... 64
8.3 ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ... 66
**9 പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് ... 67**
9.1 നയരൂപീകരണം (Policy Making) ... 67
9.1.1 പദ്ധതി നിർവ്വഹണം നയവും കാഴ്ചപ്പാടും ... 67
9.2 പദ്ധതി നിർവ്വഹണം ... 67
9.2.1 പദ്ധതി–പ്രോജക്ട് അംഗീകാരം ... 67
9.2.2 നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ... 68
9.2.3 നിർവ്വഹണ ഉദ്യോഗസ്ഥർ ... 68
9.3 അനുമതികൾ ... 69

9.3.1 ഭരണാനുമതി ........ 69
9.3.2 സാങ്കേതികാനുമതി ........ 69
9.3.3 സാമ്പത്തികാനുമതി ........ 69
9.4 നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ അംഗീകാരം ........ 69
9.4.1 നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ ........ 69
9.4.2 നിർവ്വഹണ കലണ്ടർ ........ 70
9.4.3 നിർവ്വഹണ കലണ്ടർ പ്രകാരം നിർവ്വഹണം ........ 70
9.5 പ്രോജക്ട് നിർവ്വഹണ രീതികൾ ........ 70
9.5.1 ഗുണഭോക്തൃ സമിതി ........ 70
9.5.2 അക്രഡിറ്റഡ് ഏജൻസി/അംഗീകൃത ഏജൻസി മുഖേന ........ 71
9.5.3 തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട് ........ 71
9.5.4 പീസ് വർക്ക് കരാർ ........ 72
9.5.5 കരാറുകാരൻ മുഖേനയുള്ള നിർവ്വഹണം ........ 72
9.5.6 ഡെപ്പോസിറ്റ് വർക്ക് ........ 72
9.5.7 ലേബർ കോൺട്രാക്ട് സൊസൈറ്റി ........ 72
9.5.8 പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ........ 72
9.6 പദ്ധതി മോണിറ്ററിംഗ് ........ 73
9.6.1 മോണിറ്ററിംഗ് ചുമതലകൾ ........ 74
9.6.2 മോണിറ്ററിംഗ് എങ്ങനെ? ........ 74
9.7 സോഷ്യൽ ഓഡിറ്റ് ........ 75
9.7.1 സാമൂഹ്യ ഓഡിറ്റിനായി അവശ്യം പരിശോധിക്കേണ്ട രേഖകളുടെ പട്ടിക ........ 76
**10 ഉന്നത വിദ്യാഭ്യാസം ........ 78**
10.1 പശ്ചാത്തലം ........ 78
10.2 പ്രശ്നങ്ങളും ഇടപെടൽ സാധ്യതകളും ........ 78
10.3 പദ്ധതി ആശയങ്ങളുടെ കരട് നിർദ്ദേശങ്ങൾ – സൂചകങ്ങൾ ........ 79
**11 മാറുന്ന നഗരത്തിനൊരു സാംസ്കാരിക സമീപനം ........ 82**
11.1 പൊതുഇടങ്ങളും സാംസ്കാരിക ഇടങ്ങളും ........ 83
11.2 നഗരങ്ങളിൽ നല്ല പൊതു ഇടങ്ങൾ ........ 84
11.3 നഗരസഭകളും സാസ്കാരിക പരിപാടികളും ........ 86
11.4 നമ്മുടെ പ്രധാന സാംസ്കാരിക–കലാ സ്ഥാപനങ്ങൾ ........ 88
11.5 സാംസ്കാരിക മേഖലയിലെ ലിംഗനീതി എങ്ങനെ? ........ 89
11.5.1 സമൂഹത്തിലെ ലിംഗനീതി ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ 91
**12 എസ്.എസ്.കെ പദ്ധതിയും നഗരങ്ങളിലെ വിദ്യാഭ്യാസ ഇടപെടലുകളും ........ 92**
12.1 എസ്.എസ്.കെ പദ്ധതിയുടെ ലക്ഷ്യങ്ങൾ ........ 92

12.2 പ്രവർത്തനങ്ങൾ ........ 93
12.3 വിഭവ സമാഹരണം ........ 94
12.4 മുൻസിപ്പൽ വിദ്യാഭ്യാസ സമിതികളുടെ ശാക്തീകരണവും
എസ്.എസ്.കെ യും ........ 94
**13 സ്കൂൾ മുനിസിപ്പൽതല മാസ്റ്റർ പ്ലാനും കർമ്മപരിപാടികളും ........ 96**
13.1 വിദ്യാലയ വികസന മാസ്റ്റർ പ്ലാൻ ........ 97
13.2 മുനിസിപ്പൽ തല മാസ്റ്റർ പ്ലാനിലേക്ക് ........ 98
13.3 വിദ്യാലയ മാസ്റ്റർ പ്ലാൻ നവീകരണം ........ 98

# 1

# വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

വിദ്യാഭ്യാസ രംഗത്ത് കേരളം നേടിയ പുരോഗതി കേരള വികസനത്തിന്റെ നാഴികക്കല്ലുകളിൽ ഒന്നാണ്. സാർവത്രിക വിദ്യാഭ്യാസം, സമ്പൂർണ സാക്ഷരത തുടങ്ങിയവയെല്ലാം ഇന്ത്യക്കു മാതൃകയെന്നോണം നമ്മൾ പ്രാവർത്തികമാക്കി. സമ്പൂർണ സ്കൂൾ പ്രവേശനത്തിലേക്കു നയിക്കുന്നതിന് സഹായകമായി സ്കൂളുകളുടെ വ്യാപനവും കേരളത്തിൽ നടന്നു. അതോടൊപ്പം ജനങ്ങളുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിൽ വന്ന ചെറു ചലനങ്ങളും കുട്ടികൾ സ്കൂളിലെത്തുന്നതിനു സഹായകമായി. മതേതരത്വത്തിന്റേയും സൗഹൃദത്തിന്റേയും വിളനിലം കൂടിയായി നമ്മുടെ ക്ലാസ്സ് മുറികൾ മാറി.

പ്രീ പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെ സൗജന്യ വിദ്യാഭ്യാസത്തിന് കേരളം അവസരമൊരുക്കി. നടന്നെത്താവുന്ന ദൂരത്ത് പ്രൈമറി സ്കൂളുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെല്ലാം ഹൈസ്കൂൾ, ഹയർ സെക്കന്ററികളും ഉറപ്പാക്കി, സ്കൂൾ പ്രവേശനത്തിൽ നേടിയ നേട്ടം കൊഴിഞ്ഞു പോക്ക് കുറയ്ക്കുന്നതിലും നമുക്ക് നേടാനായി. 1980 കളുടെ അവസാനത്തോടെയാണ് സ്കൂൾ പ്രാപ്യതയും നില നിർത്തലും ഏറെക്കുറെ പൂർത്തിയാക്കാൻ നമുക്കു കഴിഞ്ഞത്.

ദേശീയ തലത്തിൽ രൂപപ്പെട്ട നയ രേഖകൾ പലതും കേരളത്തിലെ വിദ്യാഭ്യാസ ഇടപെടലുകൾക്ക് ശക്തി പകരുന്നതായി. 2009 ലെ ദേശീയ വിദ്യാഭ്യാസ അവകാശ നിയമം അതിലൊന്നാണ്. ആറു മുതൽ 14 വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും അടിസ്ഥാന വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുന്നതിന് ഇന്ത്യൻ പാർലമെന്റ് ആവിഷ്കരിച്ച നിയമമാണ് വിദ്യാഭ്യാസ അവകാശ നിയമം (Right To Education Act– RTE Act). 2009 ആഗസ്റ്റ് 4 ന് പാർലമെന്റ് ഇതു പാസ്സാക്കി. 2010 ഏപ്രിൽ ഒന്നിനാണ് പ്രാബല്യത്തിൽ വന്നത്. സ്കൂൾ പ്രവേശനത്തിനും കുട്ടികൾക്ക് സൗജന്യ പിന്തുണ നൽകുന്നതിനും ഈ നിയമം നിഷ്കർഷ പുലർത്തുന്നു. അവ ഭരണകൂടത്തിന്റെ ഉത്തരവാദിത്തമായും മാറുകയുണ്ടായി.

2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും തുടർന്ന് രൂപപ്പെടുത്തിയ കേരള പാഠ്യപദ്ധതി ചട്ടക്കൂടും (2007) നമ്മുടെ ക്ലാസ് റൂം ഉള്ളടക്കത്തേയും പഠന രീതികളേയും വലിയ തോതിൽ സ്വാധീനിച്ചു. രാജ്യത്തെ പാഠ്യപദ്ധതി, പാഠപുസ്തകം, അദ്ധ്യാപന രീതികൾ തുടങ്ങിയവ സംബന്ധിച്ച ഒരു മാർഗരേഖ കൂടിയായിരുന്നു ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (National

Curriculum Framework-NCF). അമിത ഭാരമുള്ളതാകരുത് പഠന പ്രക്രിയ എന്നും കുട്ടിയെ കേന്ദ്രീകരിച്ചാവണം പഠന സമീപനമെന്നും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് വിഭാവനം ചെയ്യുന്നു. പഠനം സന്തോഷകരമായ ഒരനുഭവമാക്കി മാറ്റാനും ഇത് നിർദേശിക്കുന്നു. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ ചുവടു പിടിച്ചാണ് 2007ൽ കേരള പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്നത്.

1996-97 കാലത്ത് കേരളത്തിൽ തുടങ്ങി വെച്ച പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ തുടർച്ച കൂടിയായിരുന്നു ഇത്. ആശയാവതരണ രീതി, ഉദ്ഗ്രഥിത സമീപനം, ബഹുമുഖമായ ബുദ്ധി വികാസം, അറിവിന്റെ നിർമാണം തുടങ്ങിയവയെല്ലാം കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ ഇടം പിടിക്കുകയുണ്ടായി. കേരളത്തിൽ 96-97 മുതൽ നടപ്പിലാക്കി വന്ന പരിഷ്കരണ പ്രവർത്തനങ്ങൾ വലിയ തോതിലുള്ള സജീവതയാണ് ക്ലാസ് മുറികൾക്കു പകർന്നു നൽകിയത്. പഠനം ആനന്ദകരമായ അനുഭവമാക്കി മാറ്റിയതും എല്ലാ കുട്ടികളേയും പഠനത്തിന്റെ ധാരയിലെത്തിക്കാൻ കഴിഞ്ഞതും ഇതിന്റെ നേട്ടമായി.

ഇപ്പോൾ പുതിയ ദേശീയ വിദ്യാഭ്യാസ നയം 2020 കൂടി പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. സ്കൂൾ ഘടനയിൽ സമൂലമായ മാറ്റം പുതിയ നയം മുന്നോട്ടു വെയ്ക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘട്ടമായി ആദ്യ 5 വർഷവും തുടർന്ന് 3+ 3+4 ഉം നിർദേശിക്കുന്നു. 2025 ഓടെ രാജ്യത്തെ പ്രാഥമിക വിദ്യാലയ പ്രായക്കാർക്കെല്ലാം അടിസ്ഥാന സാക്ഷരതയും സംഖ്യാ പ്രാവീണ്യവും ലക്ഷ്യമിടുന്നു.

ഐക്യരാഷ്ട്രസഭ മുന്നോട്ടു വെച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി കണ്ണി ചേർക്കാനുള്ള ശ്രമം ഇനിയും മുന്നേറേണ്ടതുണ്ട്. വികസിത വികസ്വര രാഷ്ട്ര വേർതിരിവില്ലാതെ 2030 ഓടെ ആർജിക്കേണ്ട ലക്ഷ്യങ്ങളെ യു.എൻ പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇത്തരമൊരു ലക്ഷ്യപ്രാപ്തിയെ കേരളം സമഗ്രമായ കാഴ്ചപ്പാടോടു കൂടിയാണ് കാണുന്നത്. നവകേരളം എന്ന ലക്ഷ്യത്തിലൂടെ അതാണ് നാം മുന്നോട്ടു വെയ്ക്കുന്നത്. ഇതേ കാഴ്ചപ്പാടോടെയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കിയത്. ഭൗതിക സൗകര്യ വികസനത്തിനൊപ്പം കുട്ടികളെ മികവിന്റെ കാര്യത്തിൽ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുകയെന്നതും മിഷന്റെ ലക്ഷ്യമായിരുന്നു. സാങ്കേതിക സൗഹൃദ ക്ലാസ് മുറികളും അദ്ധ്യാപക ശാക്തീകരണവുമെല്ലാം ഈ ദിശയിലുള്ള കാൽവെപ്പുകളാണ്. അൺ എയ്ഡഡ് മേഖലയിൽ നിന്ന് 6 ലക്ഷത്തോളം കുട്ടികൾ പൊതു വിദ്യാലയങ്ങളിലെത്തിയത് ഇത്തരം ശ്രമങ്ങളുടെ തുടർച്ചയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ആശയം ഏതാണ്ട് പൂർത്തീകരിച്ചതിനാലും ഇനി ഗുണമേന്മാ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകേണ്ടതിനാലും വിദ്യാഭ്യാസ മിഷന്റെ പേര് "വിദ്യാകിരണം" എന്ന് പുനർനാമകരണം ചെയ്തു. നിലവിലുള്ള നാല് മിഷനുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവും ഉൾപ്പെടുത്തി ഏകോപന നവകേരളം കർമ്മ പദ്ധതി-2 രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

കുട്ടിയുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ച, ശാസ്ത്രബോധമുള്ള തലമുറയെ സൃഷ്ടിക്കൽ, കുട്ടിയുടെ ഉള്ളിലുള്ള എല്ലാ കഴിവുകളേയും പുറത്തെടുക്കുകയും അവയെ സമൂഹ നിർമ്മിതിക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുക, എല്ലാ തരത്തിലുള്ള അടിച്ചമർത്തലുകളിൽ നിന്നുമുള്ള മോചനം, മുഴുവൻ കുട്ടികൾക്കും നീതിയിലധിഷ്ഠിതമായ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പു വരുത്തുക, മതനിരപേക്ഷത ഉറപ്പാക്കുക, ആത്മവിശ്വാസത്തോടെയും ആത്മാഭിമാനത്തോടെയും ജീവിക്കാൻ പ്രാപ്തിയുണ്ടാക്കുക തുടങ്ങിയവയെല്ലാം വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ പ്രധാനമാണ്.

ഇവയെല്ലാം പരിഗണിച്ചു വേണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ സാധ്യതകൾ പരിശോധിക്കാൻ. വിദ്യാഭ്യാസമെന്നത് ഒരു സാമൂഹിക പ്രക്രിയയാണ്. അതിന്റെ കേന്ദ്രം എന്ന നിലയിലാണ് സ്കൂളുകൾ പ്രവർത്തിക്കുന്നത്. സമൂഹത്തിന്റെ യാകെ പിന്തുണയും ഇടപെടലുകളും വിദ്യാഭ്യാസ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. അതിന്റെ ഏകോപന സ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉണ്ടാവണം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമായി കാണണം. ഇതിനുതകുന്ന മികച്ച അടിസ്ഥാന സൗകര്യങ്ങൾ വേണം. നിലവാരമുള്ള കെട്ടിടങ്ങൾ, കളിസ്ഥലം, ടോയ് ലെറ്റുകൾ, ലാബ്, ലൈബ്രറി സൗകര്യങ്ങൾ എന്നിവയെല്ലാം വേണം. ഒപ്പം ക്ലാസ് മുറികൾ സാങ്കേതിക വിദ്യാ സൗഹൃദവുമാകണം. പോഷക മൂല്യമുറപ്പാക്കിയുള്ള ഉച്ചഭക്ഷണം, പ്രഭാത ഭക്ഷണം തുടങ്ങിയവയും ഒരുക്കണം. ഇവ പ്രാദേശിക ഉല്പാദന പ്രക്രിയയുമായി ബന്ധിപ്പിക്കാനാവും. ലിംഗ നീതി കൂടി ഉറപ്പാക്കുന്നതാവണം ഇടപെടലുകൾ ഓരോന്നും. സാമൂഹ്യമായും ശാരീരികമായും പിന്നാക്കം നിൽക്കുന്നവർ, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവരെയൊക്കെ പ്രത്യേകം പരിഗണിക്കണം.

അക്കാദമിക പ്രവർത്തനങ്ങളിൽ മുനിസിപ്പൽ വിദ്യാഭ്യാസ സമിതികൾക്ക് വലിയ തോതിൽ ഇടപെടാനാകും. പാഠ്യപദ്ധതി മുന്നോട്ടു വെച്ച ലക്ഷ്യങ്ങൾ നേടി എന്ന് ഉറപ്പാക്കാനുള്ള അക്കാദമിക പിന്തുണയാണ് നൽകേണ്ടത്. അവശ്യ ഘട്ടങ്ങളിൽ അദ്ധ്യാപക ശാക്തീകരണം, രക്ഷാകർതൃ വിദ്യാഭ്യാസം തുടങ്ങിയവ ഏറ്റെടുക്കേണ്ടി വരും. പ്രാദേശിക വൈദഗ്ധ്യത്തെ വിദ്യാലയ പ്രവർത്തനങ്ങളുമായി കണ്ണി ചേർക്കാനും കഴിയണം.

വിദ്യാലയ വിലയിരുത്തലും ഗതി നിർണയവുമെല്ലാം തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളുടെ ഇടപെടൽ മേഖലകളാണ്. വിവിധ സർക്കാർ ഏജൻസികളെ ഏകോപിപ്പിക്കാനും കഴിയണം. വിദ്യാഭ്യാസ പ്രക്രിയയെ സമഗ്രമായി കണ്ടു കൊണ്ടു വേണം ഓരോ കാൽവെപ്പും. പ്രാദേശിക സർക്കാരുകൾക്ക് വലിയ ഉത്തരവാദിത്തമാണ് ഏറ്റെടുക്കാനുള്ളത്. ഒരു കുട്ടിയേയും അരിച്ചു മാറ്റാനാവില്ല. എല്ലാവരേയും ഒപ്പം നിർത്തണം.

# 2

# വിദ്യാഭ്യാസം അവകാശം

രാജ്യത്തെ ജനസംഖ്യയുടെ നാല്പതു ശതമാനം 18 വയസ്സിനു താഴെയുള്ള കുട്ടികളാണ്. ഇവരിൽ പകുതിയിലധികവും 6നും 14നും ഇടയിൽ വയസ്സുള്ളവരും. ഇതിൽ നിർദ്ധനരും നിരാലംബരുമായ ധാരാളം കുട്ടികൾ പണിശാലകളിൽ കഷ്ടപ്പെടുന്നു. സാമൂഹ്യമോ ചരിത്ര പരമോ സാമ്പത്തികമോ ആയ കാരണങ്ങളാൽ പിന്നാക്കം നിൽക്കുന്ന മുഴുവൻപേരെയും ഫലപ്രദമായ വിദ്യാഭ്യാസത്തിലൂടെ മാത്രമേ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിയൂ.

ഇതിനുവേണ്ടി ഇന്ത്യയിലെ 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് എട്ടാം ക്ലാസ് വരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്ന നിയമം 2009 ഓഗസ്റ്റ് 26 ന് പ്രസിഡണ്ടിന്റെ അനുമതി ലഭിച്ച് നിലവിൽ വന്നു. അത് 2009 ഓഗസ്റ്റ് 27 ന് പ്രത്യേക ഗസ്റ്റായി പ്രസിദ്ധീകരിച്ചു. 2010 ഏപ്രിൽ 1 ന് നിയമം പ്രാബല്യത്തിൽ വരുത്തികൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് 2010ൽ കേന്ദ്രസർക്കാറും 2011 ൽ സംസ്ഥാന സർക്കാറും ചട്ടങ്ങൾ പുറപ്പെടുവിച്ചു.

കുട്ടികളുടെ വിദ്യാഭ്യാസം അവരുടെ രക്ഷിതാക്കളുടെ മാത്രം ബാധ്യതയായിരുന്ന കാലം കഴിഞ്ഞു. വിദ്യാഭ്യാസ അവകാശ നിയമം പൂർണമായും നടപ്പിലാക്കുന്നതോടെ സർക്കാർ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, വിദ്യാഭ്യാസ പ്രവർത്തകർ, പൊതുസമൂഹം ഇവർക്കെല്ലാം ഉത്തരവാദിത്തങ്ങൾ വന്നു ചേരുന്നു.

2009 ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം 7 അധ്യായങ്ങളും 32 വകുപ്പുകളും ഒരു ഷെഡ്യൂളും ഉൾപ്പെടുന്നതാണ്.

## 2.1 ആരാണ് കുട്ടി

2009 ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ആറു വയസ്സിനും 14 വയസ്സിനും ഇടയിലുള്ളവരെയാണ് "കുട്ടി" എന്നു നിർവചിച്ചിരിക്കുന്നത്. പല നിയമങ്ങളിലും കുട്ടികളുടെ പ്രായം വ്യത്യസ്തമായ രീതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. 1989 ഐക്യരാഷ്ട്രസഭ രൂപീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടിയിൽ 18 വയസ്സിനു താഴെയുള്ള എല്ലാ മനുഷ്യരെയും കുട്ടികളായിട്ടാണ് നിർവ്വചിച്ചിരിക്കുന്നത്.

## 2.2 കുട്ടികൾക്ക് ഉറപ്പു നൽകുന്ന അവകാശങ്ങൾ

- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം
- സ്കൂൾ പ്രവേശനത്തിനോ പഠനത്തിനോ യാതൊരു ഫീസും ഈടാക്കുന്നില്ല. കുട്ടികൾക്ക് ഒരു കിലോമീറ്റർ പരിധിയിൽ ലോവർ പ്രൈമറി വിദ്യാലയവും 3 കിലോമീറ്റർ പരിധിയിൽ അപ്പർ പ്രൈമറി വിദ്യാലയവും ഉറപ്പാക്കേണ്ടതാണ് (അയൽപക്ക വിദ്യാലയങ്ങൾ)
- ആറു വയസിനു മുകളിലുള്ള കുട്ടി ഒരു സ്കൂളിലും പ്രവേശിക്കപ്പെട്ടില്ലെങ്കിലും ആ കുട്ടിയുടെ വയസ്സിന് അനുസരിച്ചുള്ള ക്ലാസിൽ പ്രവേശിപ്പിക്കേണ്ടതാണ്. ഈ കുട്ടികൾക്ക് മറ്റു കുട്ടികൾക്കൊപ്പമെത്താൻ പ്രത്യേക പരിശീലനം(Special Training) നൽകേണ്ടതാണ്.
- ഏതെങ്കിലും കാരണത്താൽ ഒരു സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ ഏതു സ്കൂളിലേക്ക് മാറാനും അതിനായി ടി സി ലഭിക്കാനുമുള്ള അവകാശമുണ്ട്. ടി സി ലഭിക്കാൻ കാലതാമസം ഉണ്ടാകാൻ പാടില്ല. അങ്ങനെ കാലതാമസം വന്നാൽ തന്നെ വിദ്യാലയ പ്രവേശനം നിഷേധിക്കുവാനോ വൈകിക്കുവാനോ പാടില്ല.

എന്നാൽ അൺ എയ്ഡഡ്/കേന്ദ്ര ഗവൺമെന്റിനു കീഴിലുള്ള പ്രത്യേക വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ പ്രവേശനം അവകാശമായിരിക്കില്ല.

## 2.3 സർക്കാർ ചുമതലകൾ

- എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക
- നിയമം നിലവിൽ വന്നു മൂന്നുവർഷത്തിനകം അയൽപക്കവിദ്യാലയങ്ങൾ ഉറപ്പുവരുത്തുക
- സർക്കാരിന്റെയോ പ്രാദേശിക ഭരണകൂടത്തിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ അല്ലാത്ത ഏതെങ്കിലും സ്കൂളിൽ കുട്ടിയെ രക്ഷിതാവിന്റെ താൽപര്യപ്രകാരം പ്രവേശിപ്പിച്ചാൽ അതിനുള്ള ചെലവ് ആവശ്യപ്പെടാൻ കുട്ടിക്കോ രക്ഷിതാവിനോ ആവില്ല.
- ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകർ, പഠന സഹായ വസ്തുക്കൾ എന്നിവ ലഭ്യമാക്കുക.
- ദേശീയ പാഠ്യപദ്ധതിയുമായി പൊരുത്തപ്പെടും വിധത്തിൽ പാഠ്യപദ്ധതി ചട്ടക്കൂടും പാഠപുസ്തകങ്ങളും വികസിപ്പിക്കുക
- പ്രൈമറിയിലേയും പ്രീപ്രൈമറിയിലേയും അദ്ധ്യാപകപരിശീലനത്തിന് നിർദ്ദിഷ്ട നിലവാരം ഉറപ്പാക്കുക
- വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റിലെയും ബി. ആർ. സിയിലേയും അക്കാദമിക് പ്രവർത്തകർ എന്നിവരെ ഉപയോഗിച്ച് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അക്കാദമിക പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
- പ്രാഥമിക വിദ്യാഭ്യാസത്തിന് തയ്യാറാക്കത്തക്കവിധം മൂന്ന് വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് ആറു വയസ്സ് പൂർത്തിയാകുന്നതുവരെ ആവശ്യമായ ശൈശവകാല പരിചരണവും വിദ്യാഭ്യാസവും നൽകുക.

## 2.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

- തങ്ങളുടെ അധികാരപരിധിയിൽ വീടുകൾതോറും സർവേ നടത്തി 14 വയസ്സു വരെ പ്രായമുള്ള (വെല്ലുവിളികൾ നേരിടുന്നവരുടെ കാര്യത്തിൽ 18 വരെ) മുഴുവൻ കുട്ടികളുടെയും

ലിസ്റ്റ് തയ്യാറാക്കുക.

» എല്ലാ കുട്ടികൾക്കും ഒരു യൂണിക് ഐഡന്റിഫിക്കേഷൻ നമ്പർ നൽകി അയൽപക്ക വിദ്യാലയ പ്രവേശനം, ഹാജർ, പഠനനിലവാരം, പ്രമോഷൻ എന്നീ കാര്യങ്ങൾ മോണിറ്റർ ചെയ്യുക.
» സ്കൂൾ കെട്ടിടമടക്കമുള്ള അടിസ്ഥാനസൗകര്യങ്ങൾ, അദ്ധ്യാപകർ, പഠനസാമഗ്രി ഇവ ലഭ്യമാക്കുക
» പ്രായക്കൂടുതലുള്ള കുട്ടികൾ പ്രവേശിക്കപ്പെട്ടാൽ അവർക്ക് പ്രത്യേക പരിശീലനം നൽകുക.
» ഇടയ്ക്കിടയ്ക്ക് മാറി താമസിക്കുന്നവരുടെ (MIGRANT LABOURERS) കുട്ടികളുടെ പ്രവേശനം ഉറപ്പാക്കുക.
» അങ്കണവാടികൾ, പ്രീപ്രൈമറി സ്കൂളുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഓരോ കുട്ടിക്കും ഹെൽത്ത് കാർഡ് തയ്യാറാക്കി പ്രാഥമിക വിദ്യാഭ്യാസ പൂർത്തീകരണം വരെ പുതുക്കികൊണ്ടിരിക്കണം.
» സമൂഹത്തിലെ അവശതയനുഭവിക്കുന്നതോ ദുർബല വിഭാഗത്തിലുള്ള ഏതെങ്കിലും ഒരു കുട്ടി അടുത്തുള്ള സ്കൂളിൽ ചേർന്നിട്ടില്ലായെങ്കിൽ ആ കുട്ടിയെ സ്കൂളിൽ എത്തിക്കേണ്ട ചുമതല.

## 2.5 രക്ഷിതാവ്

» തന്റെ കുട്ടിയെ അയൽപക്കവിദ്യാലയത്തിൽ ചേർക്കേണ്ടത് ഓരോ രക്ഷിതാവിന്റെയും കടമയാണ്.

## 2.6 സ്കൂൾ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി

» എല്ലാ കുട്ടികൾക്കും പ്രവേശനം നൽകുകയും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്ന ബാധ്യത ഏറ്റെടുക്കുകയും ചെയ്യുക
» സ്കൂളുകളിൽ നിശ്ചിതപഠന സമയം ഉറപ്പുവരുത്തുക
» കുട്ടികളുടെ വ്യക്തിഗത തിരിച്ചറിയൽ നമ്പർ, പ്രത്യേകവിവരങ്ങൾ എന്നിവ അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കുക
» വിദ്യാലയപ്രവേശനത്തിന് ക്യാപിറ്റേഷൻ ഫീസോ, സ്ക്രീനിംഗോ നടത്താൻ പാടില്ല. ഇത് ലംഘിച്ച് തലവരിപ്പണം വാങ്ങിയാൽ, വാങ്ങിയ തുകയുടെ പത്തിരട്ടിവരെ പിഴയിടാക്കാവുന്നതാണ്. ഒരു കുട്ടിയെ സ്ക്രീനിംഗിന് വിധേയമാക്കിയാൽ ആദ്യ ലംഘനത്തിന് 25000 രൂപ വരെയും പിന്നീടുള്ള ഓരോ ലംഘനത്തിനും 50000 രൂപ വരെയും പിഴ ഈടാക്കാവുന്നതാണ്.
» ഒരു അദ്ധ്യാപകന് ഒരു ക്ലാസ് മുറി, അദ്ധ്യാപക വിദ്യാർഥി അനുപാതം എന്നിവ ഉറപ്പുവരുത്തുക.
» ജാതി, മത, വർഗ്ഗ, വർണ്ണ, ലിംഗ വിവേചനങ്ങൾ ഇല്ലായെന്ന് ഉറപ്പുവരുത്തുക.
» ജനനസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനത്തിനുള്ള പ്രായം കണക്കാക്കണം. എന്നാൽ ജനന സർട്ടിഫിക്കറ്റ്, ടി സി എന്നിവയില്ലാത്തതിന്റെ പേരിൽ പ്രവേശനം നിഷേധിക്കരുത്

» അൺ എയ്ഡഡ് സ്കൂൾ, പ്രത്യേക കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവ ഒഴികെ ബാക്കി എല്ലാ സ്കൂളുകളും രക്ഷിതാക്കൾ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയും വേണം

## 2.7 സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ഘടന

» 750 വരെ കുട്ടികളുള്ളിടത്ത് പരമാവധി അംഗങ്ങൾ 16 പേരും, 750 ന് മുകളിൽ കുട്ടികളുള്ളിടത്ത് അംഗങ്ങൾ 20 വരെയും ആകാം
» ആദ്യത്തേതിന്റെ കോറം 9 രണ്ടാമത്തേതിന്റെ പതിനൊന്നും അംഗങ്ങൾ
» 75% അംഗങ്ങൾ, കുട്ടികളുടെ രക്ഷിതാക്കളുടെ പ്രതിനിധികളാകണം. മുൻസിപ്പൽ കൗൺസിലർ, അദ്ധ്യാപകർ, സ്കൂൾ ലീഡർ, പ്രാദേശികവിദ്യാഭ്യാസ പ്രവർത്തകർ എന്നിവരാകണം ശേഷിക്കുന്ന 25% അംഗങ്ങൾ
» സ്ത്രീകൾക്കും ദുർബല വിഭാഗങ്ങൾക്കും, പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്കും പ്രാതിനിധ്യം വേണം.
» ഹെഡ് മാസ്റ്റർ എക്സ് ഒഫീഷ്യോ കൺവീനർ,
» ആകെ അംഗങ്ങളുടെ 50% സ്ത്രീകൾ
» ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പാൾ എക്സ് ഒഫീഷ്യോ കൺവീനർ, ഹെഡ്മാസ്റ്റർ ജോയിന്റ് കൺവീനർ
» കുട്ടികളുടെ സംരക്ഷണം, ശിശുമനഃശാസ്ത്രം, ആരോഗ്യവും, പോഷണവും സ്കൂൾ നിർമ്മാണപ്രവർത്തനങ്ങൾ, എന്നീ മേഖലകളിലെ വിദഗ്ധരെ സമിതിയിലേക്ക് ക്ഷണിക്കാം. എന്നാൽ ഇവർ നിർദ്ദിഷ്ട ക്വാറത്തിന്റെ ഭാഗമായിരിക്കില്ല.
» 2 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരണം. യോഗതീരുമാനങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിലും, വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണം.

## 2.8 ചുമതലകൾ

» അദ്ധ്യാപകർ സ്കൂളിൽ കൃത്യമായി ഹാജരാകുന്നുവെന്ന് ഉറപ്പുവരുത്തുക
» കുട്ടികളുടെ ഹാജർ, പഠനനേട്ടം എന്നിവ അദ്ധ്യാപകർ രക്ഷാകർത്താക്കളുമായി ആശയവിനിമയം നടത്തുന്നുവെന്ന് ഉറപ്പുവരുത്തുക. സെൻസസ്, തെരഞ്ഞെടുപ്പ്, ദുരന്തനിവാരണം തുടങ്ങിയ അനിവാര്യ സാഹചര്യങ്ങളിലല്ലാതെ അദ്ധ്യാപകർ മറ്റു ഡ്യൂട്ടികൾക്ക് നിയോഗിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുക
» അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ നടത്തുന്നില്ലെന്ന് ഉറപ്പാക്കുക
» സ്കൂളിന് ഒരു സമഗ്രവിദ്യാലയവികസന പദ്ധതി തയ്യാറാക്കുക
» സ്കൂളിന് ലഭിക്കുന്ന ഫണ്ടുകളുടെ യഥാവിധിയുള്ള വിനിയോഗം ഉറപ്പാക്കുക. ബന്ധപ്പെട്ട ഏജൻസികൾക്ക് വിനിയോഗസർട്ടിഫിക്കറ്റ് നൽകുക.
» സ്കൂളിന്റെ അക്കാദമിക നിലവാരം ഉറപ്പാക്കുക. അദ്ധ്യാപകരുടെ ഹ്രസ്വകാല അവധികൾ മൂലമുള്ള ഒഴിവുകൾ നികത്തുക
» സ്കൂൾ വികസനപദ്ധതി തയ്യാറാക്കുക(വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ)

## 2.9 അദ്ധ്യാപകർ

» സ്കൂൾ പ്രവർത്തനങ്ങളിൽ കൃത്യതയും സമയനിഷ്ഠയും പാലിക്കുക
» പാഠ്യ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുക
» നിരന്തര മൂല്യനിർണയവും പരിഹാരം ബോധനവും നടത്തുക
» എട്ടാം തരം വരെ കുട്ടിയെ ഒരു ക്ലാസ്സിലും തോൽപ്പിക്കാൻ പാടില്ല. ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ ആർജ്ജിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. കുട്ടികളെ സംബന്ധിച്ച എല്ലാ പ്രസക്തമായ കാര്യങ്ങളും രക്ഷിതാക്കളുമായി പങ്കുവെക്കുക
» ഗവൺമെന്റ് നിശ്ചയിക്കുന്ന മിനിമം യോഗ്യത നേടിയിരിക്കണം

## 2.10 പാഠ്യപദ്ധതിയും പ്രാഥമിക വിദ്യാഭ്യാസ പൂർത്തീകരണവും

» ഗവൺമെന്റ് ചുമതലപ്പെടുത്തുന്ന അക്കാദമിക് അതോറിറ്റി, കരിക്കുലം, മൂല്യനിർണ്ണയ രീതി ഇവ രൂപപ്പെടുത്തണം
» ഭരണഘടന മൂല്യങ്ങൾ
» കുട്ടികളുടെ സർവ്വതോമുഖ വികാസം
» കുട്ടിയുടെ അറിവ്, ആന്തരിക ശേഷി, പ്രതിഭ
» ശാരീരിക മാനസിക കഴിവുകളുടെ പൂർണ്ണ വികാസം
» ശിശു സൗഹൃദപരവും, ശിശു കേന്ദ്രീകൃതവുമായ രീതിയിൽ പ്രവർത്തനങ്ങൾ, കണ്ടെത്തൽ, അന്വേഷണം എന്നിവ വഴിയുള്ള പഠനം
» ബോധനമാധ്യമം സാധ്യമാകുന്നിടത്തോളം മാതൃഭാഷ
» കുട്ടിയുടെ അറിവിന്റെ ധാരണയും അത് പ്രയോഗിക്കാനുള്ള കഴിവും തുടർച്ചയായും സമാഗമായും മൂല്യനിർണയം ചെയ്യൽ
» പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ ഒരു കുട്ടിയും ഏതെങ്കിലും ബോർഡിന്റെ പരീക്ഷകൾ ജയിക്കേണ്ടതില്ല
» പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോൾ ഒരു കുട്ടിക്ക് നിർദ്ദിഷ്ട വ്യവസ്ഥകൾക്കനുസരിച്ച് ഒരു സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## 2.11 കുട്ടികളുടെ അവകാശ സംരക്ഷണം

» വിദ്യാഭ്യാസാവകാശ സംരക്ഷണം സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കാനുള്ള അവകാശം ദേശീയ ശിശു അവകാശ സംരക്ഷണ കമ്മിഷനും കേരളസംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനുമാണ്
» സംസ്ഥാന ഗവൺമെന്റ് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സുഗമമാക്കുന്നതിനുവേണ്ടി 15 അംഗങ്ങളിൽ അധികരിക്കാതെ സംസ്ഥാന കൗൺസിൽ രൂപീകരിക്കേണ്ടതാണ് (State Advisory Council)
» കേരളത്തിൽ ഇതിന്റെ ഭാഗമായി കുട്ടികൾക്കും മറ്റുള്ളവർക്കും വേണ്ടി കുട്ടികളുടെ അവകാശ ലംഘനത്തെകുറിച്ച് പരാതിപ്പെടാൻ ഒരു വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. www.kescpcr.kerala.gov.in
» ബന്ധപ്പെട്ട ഗവൺമെന്റുകൾ ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി പ്രാദേശിക ഭരണകൂടം, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവയ്ക്ക് നിർദ്ദേശം നൽകും

» ഈ നിയമം, അനുബന്ധനിയമങ്ങൾ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സദുദ്ദേശത്തോടെ നടത്തുന്ന ഒരു കാര്യത്തിനുമെതിരായി കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, പ്രാദേശിക ഭരണകൂടം, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അല്ലെങ്കിൽ ഏതെങ്കിലും വ്യക്തികൾ എന്നിവർക്കെതിരെ ഒരു നിയമനടപടിയും നിലനിൽക്കുന്നതല്ല.
» ഈ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ (Rules) ബന്ധപ്പെട്ട സർക്കാറുകൾ വിജ്ഞാപനം വഴി രൂപീകരിക്കേണ്ടതാണ്

## 2.12 ഷെഡ്യൂൾ

» സ്കൂൾ കെട്ടിടം
  • ഓരോ ടീച്ചറിനും കുറഞ്ഞത് ഒരു ക്ലാസ് മുറി
  • ഓഫീസും സ്റ്റോറുമടങ്ങുന്ന മുറി ഹെഡ് ടീച്ചർക്ക്
  • ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ്
  • എല്ലാ കുട്ടികൾക്കും സുരക്ഷിതവും പര്യാപ്തമായ കുടിവെള്ള സൗകര്യം
  • ഉച്ചഭക്ഷണം പാചകം ചെയ്യാൻ ഒരു അടുക്കള
  • ഉച്ചഭക്ഷണം
  • സ്കൂൾ കെട്ടിടത്തിന് മതിൽ/വേലി
» ഒരു വിദ്യാഭ്യാസ വർഷത്തിലെ പ്രവർത്തിദിനം/പഠനസമയം
  • 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 200 പ്രവർത്തി ദിനങ്ങൾ
  • 6 മുതൽ 8 വരെ ക്ലാസുകൾക്ക് 220 പ്രവർത്തി ദിനങ്ങൾ
  • 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 800 മണിക്കൂർ പഠനസമയം
  • 6 തൽ 8 വരെ ക്ലാസുകൾക്ക് 1000 മണിക്കൂർ പഠനസമയം
  • പ്രതിവാരം ഒരു ടീച്ചറുടെ പ്രവൃത്തിസമയം, തയ്യാറെടുക്കുന്ന സമയം ഉൾപ്പെടെ 45 മണിക്കൂർ
» പഠനബോധന സാമഗ്രി ആവശ്യത്തിനനുസരിച്ച് ക്ലാസ്സിൽ ലഭ്യമാക്കുക
» പത്രം, മാഗസിൻ എല്ലാ വിഷയത്തിന്റെയും ബുക്കുകൾ, കഥാപുസ്തകങ്ങൾ എന്നിവയുള്ള ഒരു ലൈബ്രറി ഒരു സ്കൂളിൽ ഉണ്ടായിരിക്കും
» കളിസ്ഥലങ്ങൾ, സ്പോർട്സ്, ഗെയിംസ് ഉപകരണങ്ങൾ ഓരോ ക്ലാസിലും ആവശ്യത്തിനനുസരിച്ച് ലഭ്യമാകണം.

# 3

# നഗരഭരണവും കമ്മിറ്റി സംവിധാനവും

ഭരണഘടനാ വ്യവസ്ഥകളും മുനിസിപ്പാലിറ്റി നിയമവും അനുസരിച്ച് മുനിസിപ്പാലിറ്റിയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. നഗരസഭയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പ്രമേയങ്ങളും നയപരമായ തീരുമാനങ്ങളും കൈകൊള്ളുക കൗൺസിലിന്റെ ചുമതലയാണ്. നിയമാനുസൃതം രൂപീകരിച്ചിട്ടുള്ള അധികാരസ്ഥാനങ്ങൾ ആയ മേയർ/ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, സ്റ്റിയറിംഗ് കമ്മിറ്റി, മറ്റ് ആവശ്യങ്ങൾക്കായി രൂപീകരിക്കുന്ന കമ്മിറ്റികൾ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ എന്നിവ വഴിയാണ് കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുകയും കർത്തവ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നത്. ഇവയോടൊപ്പം പങ്കാളിത്ത ജനാധിപത്യം പ്രവർത്തികമാക്കുന്നതിനുള്ള സംവിധാനങ്ങളായ വാർഡ് സഭയും വാർഡ് കമ്മിറ്റുകളും കൂടി ചേർന്നതാണ് നഗരഭരണ സംവിധാനം. ഭരണഘടനയുടെ അനുഛേദം 243 (ട) അനുസരിച്ച് വാർഡ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ആവശ്യമെങ്കിൽ മറ്റ് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## 3.1 കമ്മിറ്റിയുടെ പ്രസക്തി

കമ്മിറ്റികളുടെ ആവശ്യകത എന്താണ്? പ്രസക്തി എന്താണ്? എന്ന് പരിശോധിക്കാം. കൂട്ടായ തീരുമാനമെടുക്കൽ പ്രക്രിയ നിർവ്വഹണ കൂട്ടായ്മയിലേക്കും കൂട്ടുത്തരവാദിത്വത്തിലേക്കും സുതാര്യമായ ഭരണനിർവ്വഹണത്തിലേക്കും നയിക്കുന്നു. കൂട്ടായി എടുക്കുന്ന ഏതൊരു തീരുമാനവും ചർച്ചകളിലൂടെ സുതാര്യമായും പൊതു താല്പര്യപ്രകാരവും എടുക്കാൻ കഴിയുന്നു. അതോടൊപ്പം കൗൺസിൽ യോഗത്തിൽ കൃത്യതയോടെയും വ്യക്തതയോടെയും തീരുമാനം കൈക്കൊള്ളുന്നതിന് ഓരോരോ വിഷയങ്ങളിലും സവിശേഷമായ ചുമതലയുള്ള ചെറിയ സമിതികളായ സ്റ്റാന്റിംഗ് കമ്മിറ്റികളും സ്റ്റിയറിംഗ് കമ്മിറ്റിയും അജണ്ടകൾ വിശദമായി ചർച്ച ചെയ്ത് വിഷയാടിസ്ഥാനത്തിൽ വ്യക്തമായ ശുപാർശയും തീരുമാനങ്ങളും എടുത്ത് റിപ്പോർട്ട് ചെയ്യുന്നത് സഹായകമാവും. ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം കമ്മിറ്റി യോഗങ്ങളിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്താനും എടുക്കുന്ന തീരുമാനങ്ങളുടെ നിയമസാധുതയും യുക്തിയും ഉറപ്പുവരുത്താനും കഴിയുന്നു. കൗൺസിലിൽ നിക്ഷിപ്തമായ ചുമതല നിറവേറ്റുന്നതിന് സഹായകമായി മുനിസിപ്പാലിറ്റി നിയമം വ്യവസ്ഥ ചെയ്തിട്ടുള്ള

കമ്മിറ്റികൾ ഏതൊക്കെ എന്ന് പരിശോധിക്കാം.

## 3.2 സ്റ്റാന്റിംഗ് കമ്മിറ്റികൾ

നഗരസഭകളിൽ നിക്ഷിപ്തമായ ചുമതലകൾ ഓരോന്നും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നവയാണ്. കൗൺസിൽ ഏത് വിഷയത്തെ സംബന്ധിച്ചും തീരുമാനമെടുക്കും മുമ്പ് അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സൂക്ഷ്മവും വിശദവുമായ പരിശോധന നടക്കേണ്ടതുണ്ട്. ഇപ്രകാരം ഓരോ വിഷയവും സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുത്ത ശേഷമായിരിക്കണം വിഷയം കൗൺസിൽ യോഗത്തിൽ അംഗീകാരത്തിന് വരേണ്ടത്. അതുകൊണ്ടു തന്നെ നഗരസഭ കൈകാര്യം ചെയ്യേണ്ട എല്ലാ വിഷയങ്ങളും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കായി നിയമം മൂലം വിഭജിച്ച് നൽകിയിരിക്കുന്നു.

നഗരസഭ കൗൺസിലും കമ്മിറ്റി സംവിധാനവും ഒറ്റ നോട്ടത്തിൽ മനസ്സിലാക്കുന്നതിന് താഴെപ്പറയുന്ന പട്ടിക ഉപകരിക്കും.

## 3.3 ജനപ്രതിനിധി സംവിധാനവും കമ്മിറ്റികളും

**നഗരസഭ കൗൺസിൽ**
**ഭരണസമിതി**

↓

**സ്റ്റിയറിംഗ് കമ്മിറ്റി**
**(മേയർ/ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറി)**

↓

**സ്റ്റാന്റിംഗ് കമ്മിറ്റികൾ**

↓

**വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ**

↓

| | | | | |
|---|---|---|---|---|
| ധനകാര്യം | വികസനം | ക്ഷേമകാര്യം | ആരോഗ്യം | മരാമത്ത്കാര്യം |

| | | |
|---|---|---|
| നഗരാസൂത്രണം (കോർപ്പറേഷനുകളിൽ മാത്രം) | വിദ്യാഭ്യാസം കലാകായികം | നികുതി അപ്പീൽ (കോർപ്പറേഷനുകളിൽ മാത്രം) |

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഏതൊക്കെ എന്ന് മനസ്സിലാക്കിയ സ്ഥിതിയ്ക്ക് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ ഏതൊക്കെയെന്ന് ചുവടെ ചേർക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

## 3.4 സ്റ്റാന്റിംഗ് കമ്മിറ്റികളും ചുമതലാ വിഷയങ്ങളും

### മുനിസിപ്പാലിറ്റികൾ

| ക്രമ നം. | സ്റ്റാന്റിംഗ് കമ്മിറ്റി | പരിഗണനാ വിഷയങ്ങൾ |
|---|---|---|
| 1 | ധനകാര്യം | • ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുക, നികുതികൾ, ഫീസുകൾ, വാടക, മറ്റുതുകകൾ എന്നിവ യഥാസമയം തിട്ടപ്പെടുത്തുന്നുണ്ടെന്നും ഈടാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക<br>• മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ നിരന്തരം പരിശോധിക്കുക<br>• സർക്കാരിൽ നിന്നു വിതരണം ചെയ്യുന്ന ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക<br>• അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യുക, മാസംതോറുമുള്ള ഡി.സി.ബിയും വരവുചെലവു കണക്കുകളും പരിശോധിക്കുക<br>• കൗൺസിലിന് ലഭിക്കേണ്ടതായ തുക വസൂലാക്കാൻ പറ്റില്ലെന്നു കമ്മിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം ചട്ടങ്ങൾക്കു വിധേയമായി എഴുതിത്തള്ളുക<br>• വാർഷിക ഡി.സി.ബി സൂക്ഷ്മ പരിശോധന നടത്തുക<br>• വാർഷിക ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുക<br>• ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിന് അനുസൃതമാണോയെന്നും ആവശ്യമായ തുക ലഭ്യമാണോയെന്നും പരിശോധിക്കുക.<br>• കൗൺസിൽ നിർദ്ദേശിക്കുകയാണെങ്കിൽ ജീവനക്കാർക്കെതിരേയുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തുകയും ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക<br>• നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുക. നികുതി ചുമത്താൻ വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിനും മൂല്യം കുറച്ച് ചുമത്തിയ നികുതി പുനപരിശോധിക്കുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകുക |
| 2 | വികസനം | കൃഷി, മണ്ണ് സംരക്ഷണം, സാമൂഹിക വനവൽക്കരണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് നഗരസഭയുടെ വികസനപദ്ധതി തയ്യാറാക്കൽ |

| | | |
|---|---|---|
| 3 | ക്ഷേമകാര്യം | പട്ടികജാതി, പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹികക്ഷേമം, സാമൂഹിക സുരക്ഷാ പെൻഷനും ധനസഹായവും ചേരിപരിഷ്കരണം, ദാരിദ്ര്യ ലഘൂകരണം, പൊതുവിതരണ സമ്പ്രദായം |
| 4 | ആരോഗ്യം | പൊതുജനാരോഗ്യം, ആരോഗ്യ സേവനങ്ങൾ, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം |
| 5 | മരാമത്ത് കാര്യം | പൊതുമരാമത്ത്, പാർപ്പിട നിർമ്മാണം, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതിസംരക്ഷണം. |
| 6 | വിദ്യാഭ്യാസം –കലാകായികകാര്യം | വിദ്യാഭ്യാസം, കല, സംസ്കാരം, കായികവിനോദം |

**മുനിസിപ്പൽ കോർപ്പറേഷൻ**

| ക്രമ നം. | സ്റ്റാന്റിംഗ് കമ്മിറ്റി | പരിഗണനാ വിഷയങ്ങൾ |
|---|---|---|
| 1 | ധനകാര്യം | • ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുക, നികുതികൾ, ഫീസുകൾ, വാടക, മറ്റുതുകകൾ എന്നിവ യഥാസമയം തിട്ടപ്പെടുത്തുന്നുണ്ടെന്നും ഈടാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക<br>• മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ നിരന്തരം പരിശോധിക്കുക<br>• സർക്കാരിൽ നിന്നു വിതരണം ചെയ്യുന്ന ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക<br>• അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യുക, മാസംതോറുമുള്ള ഡി.സി.ബിയും വരവുചെലവു കണക്കുകളും പരിശോധിക്കുക<br>• കൗൺസിലിന് ലഭിക്കേണ്ടതായ തുക വസൂലാക്കാൻ പറ്റില്ലെന്നു കമ്മിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം ചട്ടങ്ങൾക്കു വിധേയമായി എഴുതിത്തള്ളുക<br>• വാർഷിക ഡി.സി.ബി സൂക്ഷ്മ പരിശോധന നടത്തുക<br>• വാർഷിക ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുക<br>• ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിന് അനുസൃതമാണോയെന്നും ആവശ്യമായ തുക ലഭ്യമാണോയെന്നും പരിശോധിക്കുക.<br>• കൗൺസിൽ നിർദ്ദേശിക്കുകയാണെങ്കിൽ കൗൺസിൽ ജീവനക്കാർക്കെതിരേയുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തുകയും ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക |

| | | |
|---|---|---|
| 2 | വികസനം | കൃഷി, മണ്ണ് സംരക്ഷണം, സാമൂഹിക വനവൽക്കരണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് നഗരസഭയുടെ വികസനപദ്ധതി തയ്യാറാക്കൽ |
| 3 | ക്ഷേമകാര്യം | പട്ടികജാതി, പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹികക്ഷേമം, സാമൂഹിക സുരക്ഷാ പെൻഷനും ധനസഹായവും ചേരിപരിഷ്കരണം, ദാരിദ്ര്യ ലഘൂകരണം, പൊതുവിതരണ സമ്പ്രദായം |
| 4 | ആരോഗ്യം | പൊതുജനാരോഗ്യം, ആരോഗ്യ സേവനങ്ങൾ, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം |
| 5 | മരാമത്ത് കാര്യം | പൊതുമരാമത്ത്, ഭവന നിർമ്മാണം, വൈദ്യുതി, ജല വിതരണം, അഴുക്കുചാൽ നിർമ്മാണം |
| 6 | വിദ്യാഭ്യാസം -കലാകായികകാര്യം | വിദ്യാഭ്യാസവും കായികവിനോദവും |
| 7 | നഗരാസൂത്രണം | നഗരാസൂത്രണം, കെട്ടിടനിർമ്മാണ നിയന്ത്രണം, നഗര സൗന്ദര്യവൽക്കരണം, കലയും സംസ്കാരവും, പുരാവസ്തു സംരക്ഷണം, പരിസ്ഥിതി സംരക്ഷണം. |
| 8 | നികുതി അപ്പീൽ കാര്യം | നികുതി അപ്പീൽ തീർപ്പാക്കുക, മൂല്യം കുറഞ്ഞു പോയതും പൊതുവായതും ആയ നികുതികൾ കണ്ടെത്തി ചുമത്താൻ നിർദ്ദേശിക്കുക. |

## 3.5 സ്റ്റാന്റിംഗ് കമ്മിറ്റി – പൊതു വ്യവസ്ഥകൾ

1. മേയർ/ചെയർപേഴ്സൺ, എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും വോട്ടവകാശമില്ലാത്ത എക്സ് ഓഫീഷ്യോ അംഗമായിരിക്കും.
2. ഡെപ്യൂട്ടി മേയർ/വൈസ് ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനും വോട്ടവകാശമുള്ള അംഗവുമായിരിക്കും.
3. എല്ലാ കൗൺസിലർമാരും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായിരിക്കണം.
4. ഘടക സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കണം പ്രവർത്തിക്കേണ്ടത്.
5. പദ്ധതി രൂപീകരണത്തിനായി രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കണം പ്രവർത്തിക്കേണ്ടത്.
6. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ ആവശ്യാനുസരണവും കുറഞ്ഞത് മാസത്തിലൊരു

തവണയെങ്കിലുമോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വിളിച്ചു ചേർക്കണം. വിഷയങ്ങൾ സെക്രട്ടറി ചെയർപേഴ്സണുമായി ചർച്ച ചെയ്ത് അജണ്ടയിൽ ഉൾപ്പെടുത്തി മൂന്ന് പൂർണ്ണ ദിവസം മുൻകൂട്ടി നോട്ടീസ് നൽകണം. ഭൂരിപക്ഷ വോട്ടുകൾ പ്രകാരം തീരുമാനം എടുക്കേണ്ടതും ഏതൊരു പ്രമേയവും തീരുമാനവും തൊട്ടടുത്ത കൗൺസിൽ യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. ആവശ്യമുള്ള പക്ഷം കൗൺസിലിന് അതിൽ വേണ്ട മാറ്റം വരുത്താൻ അധികാരമുണ്ടായിരിക്കുന്നതുമാണ്.

7. സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിന്റെ ക്വാറം 3 ആയിരിക്കും. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം നാലോ അതിൽ കുറവോ ആണെങ്കിൽ ക്വാറം രണ്ട് മതിയാകും. ക്വാറം ഇല്ലാതെ യോഗം കൂടുവാൻ പാടില്ലാത്തതാകുന്നു.
8. ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായിട്ടുള്ള രേഖകളും റെക്കാഡുകളും ഹാജരാക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. കൂടുതൽ വിശദീകരണം ആവശ്യമുണ്ടെങ്കിൽ യോഗത്തിൽ ഹാജരായി വിശദീകരണം നൽകണമെന്നും നിർദ്ദേശിക്കാവുന്നതാണ്.
9. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടെ പേരിൽ ആകെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ മൂന്നിൽ ഒന്നിൽ കുറയാത്ത അംഗങ്ങൾ ഒപ്പിട്ട അവിശ്വാസ പ്രമേയം നിശ്ചിത ഫോറത്തിൽ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.
10. ആകെ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളിൽ ഭൂരിപക്ഷം പേർ പിന്താങ്ങിയാൽ മാത്രമേ അവിശ്വാസം പാസ്സാവുകയുള്ളൂ.
11. രാജിവയ്ക്കാൻ ആഗ്രഹിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് നിശ്ചിത ഫോറത്തിൽ സെക്രട്ടറിക്ക് രാജി നൽകാവുന്നതാണ്.
12. അംഗങ്ങളുടെ രാജി മൂലമോ മറ്റ് കാരണങ്ങളാലോ ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തിക്കാത്ത പക്ഷം ആയത് പുനർരൂപീകരിക്കുന്നതു വരെ അതിന്റെ ചുമതലകൾ സ്റ്റിയറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.
13. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ അതാത് വിഷയമേഖലകളിലെ എക്സ് ഓഫീഷ്യോ സെക്രട്ടറിമാരായ ഉദ്യോഗസ്ഥർ പങ്കെടുക്കണം. അജണ്ട നോട്ടുകൾ മുൻകൂട്ടി തയ്യാറാക്കി അംഗങ്ങൾക്ക് നോട്ടീസിനൊപ്പം നൽകണം.
14. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നേതൃത്വം സ്റ്റാന്റിംഗ് കമ്മിറ്റികൾ നിർവ്വഹിക്കണം. പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്ത് യോഗങ്ങൾ വിളിച്ചു ചേർക്കണം. തങ്ങളുടെ വിഷയമേഖലയിൽ വരുന്ന ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തണം.
15. സ്ഥാപനതല മാനേജ്മെന്റ് കമ്മിറ്റികൾ വിളിച്ചു ചേർത്ത് പ്രവർത്തനം കാര്യക്ഷമമാക്കണം.
16. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ കൗൺസിലിന്റെ ഭരണാനുമതിക്ക് നല്കുന്നതിന് മുമ്പ് സ്റ്റാന്റിംഗ് കമ്മിറ്റി പഠിച്ച് അംഗീകാരം നൽകണം.
17. തങ്ങളുടെ മേഖലയിൽ കൗൺസിൽ അംഗീകരിച്ച പ്രമേയങ്ങൾ നടപ്പാക്കുന്നതിന് നേതൃത്വം നൽകണം.
18. പദ്ധതി നിർവ്വഹണ പുരോഗതി നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ വിളിച്ച്

അവലോകനം ചെയ്ത് വീഴ്ചകൾ പരിഹരിക്കണം.

ഓരോ കൗൺസിലർക്കും നഗരഭരണത്തിൽ പങ്കാളികളാകാനും നേതൃത്വം നൽകാനുമുള്ള അവസരമാണ് സ്റ്റാന്റിംഗ് കമ്മിറ്റികളിലൂടെ ലഭിക്കുന്നത്. ഓരോ കൗൺസിലറും ക്രിയാത്മകമായി പ്രവർത്തിച്ചാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം മികച്ചതാകുന്നതാണ്. കൂടാതെ നഗരസഭ കാര്യാലയത്തിലൂടെ നൽകുന്ന സേവനങ്ങളും വികസന ക്ഷേമ പ്രവർത്തനങ്ങളും മികച്ച നിലവാരത്തിലെത്തിക്കാൻ ഇതിലൂടെ കഴിയും. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മികവ് കൗൺസിലിന്റെ മികവാർന്ന പ്രവർത്തനത്തിന് കാരണമാവുകയും ചെയ്യും. അതായത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നാൽ കാര്യക്ഷമമായ നഗരഭരണം എന്നർത്ഥമാക്കുന്നു.

## 3.6 സ്റ്റിയറിംഗ് കമ്മിറ്റി

നഗര ഭരണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തന രഹിതമാവുമ്പോൾ പുതിയ കമ്മിറ്റി നിലവിൽ വരുന്നതുവരെ അതിന്റെ ചുമതലകൾ നിറവേറ്റുന്നതിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് സ്റ്റിയറിംഗ് കമ്മിറ്റി. നഗരസഭയുടെ മേയർ/ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരടങ്ങിയ സമിതിയാണ് സ്റ്റിയറിംഗ് കമ്മിറ്റി. കൗൺസിലും സ്റ്റാന്റിംഗ് കമ്മിറ്റികളും എടുക്കുന്ന തീരുമാനങ്ങളും അംഗീകരിക്കുന്ന പ്രമേയങ്ങളും സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും ഭരണത്തിലെ കാലതാമസവും വീഴ്ചകളും യഥാസമയം കണ്ടെത്തി പരിഹരിച്ച് നഗരഭരണം കാര്യക്ഷമമാക്കുന്നതിനും സ്റ്റിയറിംഗ് കമ്മിറ്റിക്ക് കഴിയേണ്ടതുണ്ട്. നഗരസഭയിലെ ഉദ്യോഗസ്ഥ സംവിധാനത്തേയും ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളേയും ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പ്രോജക്ടുകളും സ്കീമുകളും നടപ്പാക്കുന്നതിന് നേതൃത്വം നൽകുന്നതിനും സ്റ്റിയറിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ നേതൃത്വം വഴി കഴിയുന്നതാണ്.

## 3.7 പ്രത്യേക കമ്മിറ്റികൾ

നഗരസഭ കൗൺസിലിന് മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ചുമതലകൾ/അധികാരങ്ങൾ/കർത്തവ്യങ്ങൾ നിറവേറ്റുന്നതിനായി ആവശ്യമുള്ളവയിൽ പ്രത്യേക ആവശ്യങ്ങൾക്കുള്ള കമ്മിറ്റികൾ രൂപീകരിക്കാവുന്നതും കൗൺസിലർമാരല്ലാത്ത യോഗ്യരായ ആളുകളെ പ്രസ്തുത കമ്മിറ്റികളിൽ അംഗങ്ങളായി ഉൾപ്പെടുത്താവുന്നതുമാണ്. ഇപ്രകാരം കമ്മിറ്റികളിൽ ഉൾപ്പെടുത്തുന്ന പുറമെ നിന്നുള്ളവരുടെ എണ്ണം കമ്മിറ്റിയിലെ ആകെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കവിയാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## 3.8 ജോയിന്റ് കമ്മിറ്റികൾ

ഒരു നഗരസഭയും മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ചേർന്ന് ഏതെങ്കിലും പ്രോജക്ടുകളോ പദ്ധതിയോ നടപ്പാക്കുകയാണെങ്കിൽ അതിന്റെ വിജയകരമായ നടത്തിപ്പിനായി മുനിസിപ്പാലിറ്റി നിയമത്തിലെ 37-ാം വകുപ്പ് പ്രകാരം ഒരു ജോയിന്റ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. പ്രസ്തുത ജോയിന്റ് കമ്മിറ്റിയിൽ ജനപ്രതിനിധികൾ അല്ലാതെ യാതൊരാളെയും അംഗമായി ഉൾപ്പെടുത്താൻ പാടില്ല.

എന്നാൽ പ്രത്യേക യോഗ്യതയുള്ളവരെ കമ്മിറ്റി യോഗങ്ങളിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുപ്പിക്കാവുന്നതാണ്.

## 3.9 വാർഡ് കമ്മിറ്റികളും വാർഡ് സഭകളും

ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുളള നഗരസഭളിലാണ് വകുപ്പ് 42 പ്രകാരമുള്ള വാർഡ് കമ്മിറ്റികൾ രൂപീകരിക്കേണ്ടത്. കൗൺസിൽ ചുമതലയേറ്റ് 3 മാസത്തിനകം ഓരോ വാർഡിലും വാർഡ് കമ്മിറ്റികൾ വിവിധ മേഖലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിക്കണം. ഒരു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള നഗരസഭകളിൽ അതിന്റെ ഓരോ വാർഡിലും വോട്ടർ പട്ടികയിൽ പേരുള്ള ആളുകൾ അംഗങ്ങളായ വാർഡ്സഭകൾ നിലവിൽ വരുന്നതും 3 മാസത്തിലൊരിക്കൽ കൺവീനർ കൂടിയായ വാർഡ് കൗൺസിലർ വാർഡ്സഭ യോഗം വിളിച്ചു ചേർത്ത് വികസനക്ഷേമ പരിപാടികളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും ഉൾപ്പെടെയുള്ള കാര്യങ്ങളും നഗരസഭ പ്രവർത്തനങ്ങളും വിലയിരുത്തേണ്ടതുമാണ്.

## 3.10 ആരോഗ്യ സ്ഥാപനങ്ങൾക്കായുള്ള മാനേജ്മെന്റ് കമ്മിറ്റി. (എച്ച്.എം.സി)

2013-ലെ കേരള മുനിസിപ്പാലിറ്റി പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങൾ അനുസരിച്ച് ഓരോ നഗരസഭയിലും സർക്കാരിൽനിന്ന് കൈമാറ്റം ചെയ്തുകിട്ടിയ ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിന്റെയും ശരിയായ പരിപാലനം, ആസൂത്രിത വികസനം, സേവനകാര്യക്ഷമത വർദ്ധന, എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മേയർ, ഡെപ്യൂട്ടി മേയർ/ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെംബർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ 15 അംഗങ്ങളിൽ കവിയാത്ത ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.

## 3.11 ഭരണ നിർവ്വഹണ കമ്മിറ്റി

ഒരു നഗരസഭയിൽ ഏതെങ്കിലും കാരണവശാൽ കൗൺസിൽ പ്രവർത്തന രഹിതമാവുകയാണെങ്കിൽ അത് പുനഃസ്ഥാപിക്കുന്നതുവരെ ദൈനംദിന ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കമ്മിറ്റിയാണിത്. സർക്കാർ നിയോഗിക്കുന്ന മൂന്നിൽ കുറയാത്ത സർക്കാർ ഉദ്യോഗസ്ഥരായിരിക്കും ഇതിലെ അംഗങ്ങൾ – ആറുമാസത്തിലധികം കാലാവധി പാടില്ല. പ്രസ്തുത കാലയളവിൽ കൗൺസിൽ, സ്റ്റാന്റിംഗ് കമ്മിറ്റി, ചെയർപേഴ്സൺ തുടങ്ങി എല്ലാ സംവിധാനങ്ങളുടെയും ചുമതല ഈ കമ്മിറ്റിക്കായിരിക്കും.

## 3.12 ജില്ലാ പ്ലാനിംഗ് കമ്മിറ്റി

ഒരു ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളുടെയും ഭരണ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന സംവിധാനമാണിത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായ ഒരു കമ്മിറ്റി സംവിധാനമാണിത്. നഗരസഭകളുടെ വാർഷിക പദ്ധതിയും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റിനും അംഗീകാരം നൽകുന്നത് ഡി.പി.സിയാണ്. ജില്ലാപദ്ധതി രൂപീകരണവും ഈ സംവിധാനത്തിന്റെ ചുമതലയാണ്.

## 3.13 സംസ്ഥാന വികസന കൗൺസിൽ

മുഖ്യമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായിട്ടുള്ള സംസ്ഥാനതല സംവിധാനമാണിത്. തദ്ദേശമേഖലാ വികസന നയരൂപീകരണം ഈ കൗൺസിലിന്റെ ചുമതലയാണ്. ഗ്രാമ നഗരതല പദ്ധതികളുടെയും ജില്ലാ– സംസ്ഥാന പദ്ധതികളുടെയും ഏകീകരണം ഈ സംവിധാനത്തിന്റെ ചുമതലയിൽ അർപ്പിതമായിരിക്കുന്നു.

ഒരു നഗരസഭയിൽ പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സജീവവും കാര്യക്ഷമവുമാണെങ്കിൽ ആ നഗരസഭയുടെ ആകെയുള്ള പ്രവർത്തനങ്ങൾ ജനോപകാരപ്രദവും കാര്യക്ഷമവുമായിരിക്കും എന്നത് നിസ്തർക്കമാണ്.

# 4

# വിദ്യാഭ്യാസം: നഗരസഭകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

ഭരണഘടനയുടെ 73, 74 ഭേദഗതികളെത്തുടർന്ന് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭരണഘടനാപരമായ സ്വയംഭരണ സർക്കാരുകളായിത്തീർന്നു. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് അതത് തദ്ദേശാധികാരസ്ഥാപനങ്ങളുടെ പ്രവർത്തനപരിധിയിലുള്ള സ്കൂളുകൾക്ക് മേൽ ഭരണപരമായ നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഭരണപരമായ നിയന്ത്രണങ്ങളോടൊപ്പം തന്നെ എല്ലാ കുട്ടികളും ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. നിയമത്തിന്റെ ഒമ്പതാം വകുപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവയാണ് ചുവടെ തന്നിരിക്കുന്നത്

- ഓരോ കുട്ടിക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമികവിദ്യാഭ്യാസം നൽകണം
- സമീപപ്രദേശ സ്കൂളിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്
- ദുർബല വിഭാഗത്തിൽപെടുന്ന കുട്ടിക്കും പ്രതികൂലാവസ്ഥയിലുള്ള ഗണത്തിൽപ്പെടുന്ന കുട്ടിക്കും എതിരെ വിവേചനം കാണിക്കുന്നില്ലെന്നും ഏതെങ്കിലും കാരണത്താൽ പ്രാഥമികവിദ്യാഭ്യാസം തുടരുന്നതിൽ നിന്നും, പൂർത്തിയാക്കുന്നതിൽനിന്നും അവരെ തടസപ്പെടുത്തില്ലെന്നും ഉറപ്പാക്കേണ്ടതാണ്
- പ്രതിനാല് വയസുവരെപ്രായമുള്ള കുട്ടികളുടെ റിക്കാർഡുകൾ സൂക്ഷിക്കേണ്ടതാണ്
- ഓരോ കുട്ടിയുടെയും പ്രവേശനവും ഹാജരും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും ഉറപ്പുവരുത്തേണ്ടതും നിരീക്ഷിക്കേണ്ടതുമാണ്
- സ്കൂൾ കെട്ടിടവും അദ്ധ്യാപകരും പഠനോപകാരണങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകേണ്ടതാണ്
- പ്രാഥമിക വിദ്യാഭ്യാസത്തിന് ചേർത്തിട്ടില്ലാത്ത കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലന സൗകര്യം നൽകേണ്ടതാണ് (വകുപ്പ് 4 പ്രകാരം)
- ഗുണനിലവാരമുള്ള പ്രാഥമികവിദ്യാഭ്യാസം ഉറപ്പാക്കേണ്ടതാണ്
- പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള പാഠ്യപദ്ധതിയുടെയും പഠന കോഴ്സുകളുടെയും സമയോചിതമായ നിർണയിക്കൽ ഉറപ്പാക്കുക
- അദ്ധ്യാപകർക്ക് പരിശീലന സൗകര്യം നൽകുക
- കുടിയേറ്റ കുടുംബങ്ങളിലെ കുട്ടികളുടെ പ്രവേശനം ഉറപ്പാക്കുക

» സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുക
» അദ്ധ്യയന കലണ്ടർ നിശ്ചയിക്കുക
» വകുപ്പ് 9ൽ പറയുന്നതായ 13 ചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നതിനായി, വകുപ്പ് 2 (h) പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. (GO (P) no. 192/2014/G.Edu.dtd.20.09.2014)

## 4.1 സംസ്ഥാന സർക്കാരുകളുടേയും പ്രാദേശിക ഭരണ കൂടത്തിന്റേയും ചുമതലകൾ (2011 ലെ Kerala Right of Children to Free and Compulsary Education Rules പ്രകാരം)

1. അതത് സർക്കാരിന്റേയോ പ്രാദേശിക ഭരണകൂടത്തിന്റേയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ അല്ലെങ്കിൽ ഇവരിൽനിന്ന് ഗ്രാന്റോ സഹായമോ സ്വീകരിക്കുന്നതോ പ്രത്യേക വിഭാഗത്തിൽപെടുന്നതോ ആയ സ്കൂളിൽ പഠിക്കുന്ന കുട്ടിക്ക് പാഠപുസ്തകങ്ങൾ മറ്റു പഠന സാമഗ്രികൾ, യൂണിഫോം എന്നിവ ഉൾപ്പെടെ സൗജന്യ വിദ്യാഭ്യാസത്തിനും യാത്രയ്ക്കും താമസ സൗകര്യത്തിനും അവകാശമുണ്ട്. (ആക്ടിലെ വകുപ്പ് (2 (n) (i) മുതൽ (iv) വരെ നിർവചിക്കപ്പെട്ട സ്കൂളുകളിൽ) കേരള മഹിള സമഖ്യ സൊസൈറ്റിയുടെ മഹിള ശിക്ഷൻ കേന്ദ്രത്തിലോ/ബോധന കേന്ദ്രത്തിലോ പഠിക്കുന്ന കുട്ടിയും ഈ നിർവചനത്തിൽപെടും. വൈകല്യമുള്ള കുട്ടിക്ക് മറ്റ് ആനുകൂല്യങ്ങൾക്കൊപ്പം പ്രത്യേക പഠന സാമഗ്രികളും സഹായക ഉപകരണങ്ങളും ലഭിക്കാൻ അവകാശമുണ്ട്. 2(n) (iii), (iv) വകുപ്പിൽ നിർവചിക്കുന്ന സ്കൂളുകളിൽ ചുരുങ്ങിയത് 25% അയൽപക്ക പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പ്രവേശനം നൽകണം. (വകുപ്പ് (12 (1) (c) ഇവർക്ക് സൗജന്യ സഹായങ്ങൾ നൽകാനുള്ള ഉത്തരവാദിത്തം അത്തരം സ്കൂളിനായിരിക്കും.
2. ആക്ടിലെ പട്ടികയിൽ നിർണ്ണയിച്ചിരിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ചുള്ള സ്കൂൾ മാപ്പിങ് സർക്കാർ നടത്തേണ്ടതാണ്. വിദൂര പ്രദേശങ്ങളിൽ ഉള്ള കുട്ടികൾ വൈകല്യമുള്ള കുട്ടികൾ, പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾ, ആറു വയസ്സ് പൂർത്തിയായിട്ടും സ്കൂളിൽ ചേരാത്തതോ പ്രായത്തിനുസരിച്ച് പ്രാഥമിക വിദ്യാഭ്യാസം നേടാത്തതോ ആയ കുട്ടികൾ എന്നിവരെ വർഷാവർഷം പ്രാദേശിക ഭരണ കൂടം കണ്ടെത്തേണ്ടതാണ്.
3. ജാതി, മത, വിഭാഗീയ അധിക്ഷേപങ്ങൾക്കോ ലിംഗ വിവേചനത്തിനോ, ഒരു കുട്ടിയും ഇരയാകുന്നില്ലെന്ന് സർക്കാരും പ്രാദേശിക ഭരണകൂടങ്ങളും ഉറപ്പാക്കണം.
4. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പുകളിലൂടെ പ്രൊഫഷണലുകൾ വഴി കുട്ടികൾക്ക് വൈകാരികവും മനശ്ശാസ്ത്രപരവുമായ കൗൺസിലിംഗ് നൽകേണ്ടതാണ്.
   » മധ്യവേനലവധി 45 ദിവസങ്ങൾ അധികരിക്കാത്ത നിലയിൽ ആക്ടിന്റെ പട്ടികയിൽ നിർദേശിക്കുന്ന മിനിമം പ്രവൃത്തിദിനങ്ങളും ബോധന സമയവും ഉറപ്പാക്കണം
   » പഠന മാധ്യമം കഴിയുന്നിടത്തോളം മലയാളത്തിൽ (മാതൃഭാഷയിൽ) ആണെന്ന് ഉറപ്പുവരുത്തണം. എന്നാൽ ഒന്നാം ക്ലാസ്സ് മുതൽ ഒരു വിഷയമെന്ന നിലയിൽ ഇംഗ്ലീഷ് പഠനവും ഉണ്ടാകണം.
   » ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ അനുവദിക്കപ്പെട്ടിട്ടുള്ള സ്കൂളുകളിലെ ഒന്നുമുതൽ

നാല് വരെ ക്ലാസ്സുകൾക്ക് എൻ.സി.ഇ.ആർ.ടി പാഠ്യപദ്ധതി ഉപയോഗിക്കണം

» സഹപാഠ്യ പദ്ധതി പ്രവർത്തനങ്ങൾക്ക് (Co-curricular activities) സമയം ലഭ്യമാകുന്ന നിലയിൽ തിരക്കേറിയ യാത്രാ സമയം ഒഴിവാക്കി അനുയോജ്യമായ നിലയിൽ സ്കൂൾ സമയം ക്രമീകരിക്കണം; ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കണം

5. ഓല മേഞ്ഞ കെട്ടിടങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തണം
6. സ്കൂൾ മാനേജ്മെന്റ് സമിതികൾ സമർപ്പിക്കുന്ന വികസന പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കണം
7. സ്കൂൾ വാഹനത്തിൽ ഒരു കുട്ടിയും മാനസികമോ ശാരീരികമോ ആയി പീഢിപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തണം
8. സ്കൂളിലോ സ്കൂൾ ഹോസ്റ്റലിലോ ഒരു കുട്ടിയും കായിക ശിക്ഷയ്ക്കോ മാനസിക പീഢനത്തിനോ വിധേയമാകുന്നില്ല എന്നും ഉറപ്പാക്കണം. പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികളോട് യാതൊരുവിധ വിവേചനവും ഉണ്ടാകുന്നില്ലെന്നും ഉറപ്പുവരുത്തണം.
9. അതിഥി തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കണം.

## 4.2 സുസ്ഥിരവികസന ലക്ഷ്യങ്ങൾ 2030- Sustainable Development Goals (SDGs)

കടുത്ത ദാരിദ്ര്യം, കാലാവസ്ഥാ വ്യതിയാനം, പാരിസ്ഥിതിക തകർച്ച, ആരോഗ്യ പ്രതിസന്ധികൾ തുടങ്ങിയ പ്രധാന ആഗോള വെല്ലുവിളികൾ സംയുക്തമായി പരിഹരിക്കാനുള്ള ദേശീയ അന്തർദേശീയ ശ്രമങ്ങളുടെ രൂപരേഖയാണ് 2030 അജണ്ട. യു.എന്നിന്റെ ഈ അജണ്ടയിൽ 17 ലക്ഷ്യങ്ങളും അവയുടെ 169 ടാർജെറ്റുകളും ഉണ്ട്. ആളുകൾ, ഗ്രഹം, സമൃദ്ധി, സമാധാനം, പങ്കാളിത്തം എന്നീ '5 പി' എന്നറിയപ്പെടുന്ന മാർഗ്ഗനിർദേശ തത്വങ്ങളിലൂടെയാണ് ഇവ അവതരിപ്പിച്ചിരിക്കുന്നത്. മനുഷ്യന്റെ ക്ഷേമം, സാമ്പത്തിക വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക, സമാധാനം, നിയമവാഴ്ച, ഭരണം തുടങ്ങിയവയും സുസ്ഥിര വികസനത്തിന് അടിസ്ഥാനമാണ്. അഞ്ചാമത്തെ തത്ത്വം ഊന്നൽ നൽകുന്നത് 2030 ലെ അജണ്ട നടപ്പിലാക്കുന്നതിനുള്ള പങ്കാളിത്ത സമീപനത്തെ കുറിച്ചാണ്.

അന്തർദേശിയമായി UN അവതരിപ്പിച്ച സുസ്ഥിര വികസനത്തിനുള്ള സുപ്രധാന നാഴികക്കല്ലാണ് 2030 അജണ്ട. സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ട 193 യുഎൻ അംഗരാജ്യങ്ങളും 2015 സെപ്റ്റംബർ 25 ന് അംഗീകരിച്ചു. 2016 ൽ ഇത് പ്രാബല്യത്തിൽ വന്നു. ഐക്യരാഷ്ട്രസഭയുടെ അംഗരാജ്യങ്ങൾ രാഷ്ട്രീയ നയ രൂപീകരണത്തിലൂടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ. 'നമ്മുടെ ലോകത്തിന്റെ പരിവർത്തനം: സുസ്ഥിര വികസനത്തിനുവേണ്ടിയുള്ള 2030 അജണ്ട' എന്നതാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഔദ്യോഗിക നാമം. സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾക്ക് (Millennium Development Goals) തുടർച്ചയായി ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്ത സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കേണ്ട കാലയളവ് 2016 ജനുവരി 1 മുതൽ 2030 ഡിസംബർ 31 വരെയാണ്.

നീതി ആയോഗിന്റെ 2018, 2019, 2020 എന്നീ വർഷങ്ങളിലെ SDG ഇന്ത്യ ഇൻഡക്സ് റിപ്പോർട്ടിൽ കേരളം തുടർച്ചയായി (മൂന്നു വർഷവും) ഒന്നാം സ്ഥാനത്താണ്. നിലവിൽ കേരളത്തിൽ SDG യുടെ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നത് വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെയാണ്. ഇവിടെ SDG പ്രവർത്തനങ്ങളുടെ നോഡൽ ഡിപ്പാർട്ട്മെന്റ്

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പാണ്. ദൈനം ദിന പ്രവർത്തനങ്ങൾ ചെയ്യുന്നതിന് SDG സെൽ നിലവിലുണ്ട്. ഇതുകൂടാതെ സംസ്ഥന തലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയും, പ്ലാനിംഗ് സെക്രട്ടറിയുടെ നേതൃത്വത്തിൽ SDG മോണിറ്ററിംഗ് ഗ്രൂപ്പുമുണ്ട്, വിവിധ വകുപ്പിലെ അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള ടാസ്ക് ഫോഴ്സ് നിലവിലുണ്ട്. ഇതുകൂടാതെ പ്ലാനിംഗ് ബോർഡ് സ്ട്രാറ്റജിക് പാർട്ണറും, ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡാറ്റാ പാർട്ണറും, കില ട്രെയിനിംഗ് പാർട്ണറുമായാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്.

ഒരു പ്രദേശത്തിന്റെ സാഹചര്യം വിശകലനം ചെയ്യുകയും ആവശ്യങ്ങൾ തിരിച്ചറിയുകയും മുൻഗണനകൾ നിശ്ചയിക്കുകയും അതിനുവേണ്ടുന്ന വിഭവങ്ങൾ കണ്ടെത്തുകയും മുൻകൂട്ടി നിശ്ചയിച്ച ലക്ഷ്യങ്ങൾ കൈവരിക്കുകയും അതിലൂടെ ആ പ്രദേശത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുകയും വികസനം ഉറപ്പാക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് ആസൂത്രണം. ഇത്തരത്തിൽ ജില്ലയിലോ അതിൽ താഴെയോ ഉള്ള പ്രാദേശിക സർക്കാരുകളുടെ അസ്സൂത്രണമാണ് വികേന്ദ്രീകൃത ആസൂത്രണം. കേരളത്തിൽ ഇത്തരത്തിലുള്ള വികേന്ദ്രീകൃത ആസൂത്രണം ആരംഭിച്ചത് 1996 ൽ ആരംഭിച്ച ജനകീയാസൂത്രണ പദ്ധതിയിലൂടെയാണ്. ജനാധിപത്യ വികേന്ദ്രീകരണത്തിനും പങ്കാളിത്ത വികേന്ദ്രീകൃത ആസൂത്രണത്തിനും അടിസ്ഥാനമായത് 73, 74 ഭരണഘടനാ ഭേദഗതികളും തുടർന്നു രൂപം നൽകിയ 1994 ലെ പഞ്ചായത്ത് രാജ് ആക്ടും കേരള മുൻസിപ്പാലിറ്റി ആക്ടുമാണ്. വികേന്ദ്രീകൃത പരീക്ഷണം നടത്തി ജനാധിപത്യ വികേന്ദ്രീകരണത്തിൽ ആളുകളുടെ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുക വഴി വിവിധ മേഖലകളിലെ വികസനത്തിൽ കേരളത്തിന് ചരിത്രപരമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ശാക്തീകരിക്കപ്പെട്ട പ്രാദേശിക സർക്കാരുകൾ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, വിവിധ സേവനങ്ങൾ നൽകുന്നതിനും നാടിന്റെ സുസ്ഥിരമായ വികസനത്തിനുമാണ് പ്രാധാന്യം നൽകുന്നത്.

ഈ 17 വികസനമേഖലയിലെ വർഷാവർഷമുള്ള മാറ്റങ്ങൾ മനസിലാക്കുന്നതിന് ഓരോന്നിന്റെയും സ്ഥിതിവിവരക്കണക്കുകൾ അനിവാര്യമാണ്. സ്ഥിതിവിവരക്കണക്കുകളുടെ അഭാവത്തിൽ, ജനിക്കുന്നവരുടെ എണ്ണം, മരിക്കുന്നവരുടെ എണ്ണം; ദാരിദ്ര്യത്തിൽ കഴിയുന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളുടെയും ശതമാനം/എണ്ണം, വിദ്യാഭ്യാസം കിട്ടാത്ത കുട്ടികളുടെ എണ്ണം; ഡോക്ടർമാരുടെയും നേഴ്സുമാരുടെയും എണ്ണം, വിവിധ ജോലികൾ ചെയ്യുന്ന ആളുകളുടെ എണ്ണം, വിവിധ രോഗങ്ങൾ ഉള്ള ആളുകളുടെ എണ്ണം, വീടില്ലാത്ത ആളുകളുടെ എണ്ണം, ഹരിതഗൃഹ വാതകം പുറംതള്ളുന്നത് വർദ്ധിക്കുകയാണോ അല്ലെങ്കിൽ സമുദ്രത്തിലെ മത്സ്യ ശേഖരം കുറയുകയാണോ എന്ന് നമുക്ക് അറിയാൻ കഴിയില്ല. ഇത്തരത്തിലുള്ള സ്ഥിതിവിവരകണക്കുകളുടെ അഭാവത്തിൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുക എന്നത് അസാധ്യമാണ്. നിലവിൽ പ്രാദേശികമായി സ്ഥിതിവിവരകണക്കുകൾ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ട് അതിനുപുറമെയുള്ളവ ശേഖരിച്ചാൽ മതിയാകും. പ്രാദേശിക സർക്കാരുകൾ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനൊപ്പം സർക്കാർ സംവിധാനങ്ങളുടെ സഹായം തേടാവുന്നതാണ്. ചുരുക്കത്തിൽ സുസ്ഥിരമായ വികസനകാഴ്ചപ്പാടിലൂന്നിയ പ്രാദേശിക വികസനം സാധ്യമാകുന്നതിൽ തദ്ദേശ സ്വയംഭരണ തലത്തിൽ സ്ഥിതിവിവരക്കണക്കുകളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

ഓരോ സുസ്ഥിര വികസന ലക്ഷ്യവും അതിന്റെ അടിസ്ഥാനത്തിൽ കൊടുത്തിട്ടുള്ള ടാർ

ജെറ്റുകളെ അടിസ്ഥാനമാക്കി നമ്മുടെ നഗരസഭകളിലെ സുസ്ഥിര വികസന ടാർജെറ്റുകൾ നിശ്ചയിക്കാം. ഇത്തരത്തിൽ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ച് ലാഭ്യമായ, (നിലവിൽ ലഭ്യമല്ലാത്ത) സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിലൂടെ കൃത്യമായ ടാർജെറ്റുകൾ നിശ്ചയിച്ച് നമ്മുക്ക് ലക്ഷ്യത്തിലെത്താൻ കഴിയും. ഏറ്റവും ചുരുങ്ങിയ സമയം കൊണ്ട് കൈവരിക്കാവുന്നത്, ദീർഘകാലം കൊണ്ട് കൈവരിക്കാവുന്നത്, ഇടക്കാലം കൊണ്ട് കൈവരിക്കാവുന്നത്, നമ്മുടെ ഭരണസമിതിയുടെ കാലയളവിൽ കൈവരിക്കാവുന്നത് എന്നിങ്ങനെ വ്യത്യസ്ഥ ടാർജെറ്റുകൾ തീരുമാനിക്കുന്നത് സുസ്ഥിര വികസനം ഉറപ്പാക്കാൻ ഏറെ സഹായകരമായിരിക്കും.

## 4.3 ഗുണമേന്മയുള്ള വിദ്യാഭ്യാസം

എല്ലാ കുട്ടികൾക്കും കൗമാരക്കാർക്കും മുതിർന്നവർക്കും–പ്രത്യേകിച്ച് ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ടവരും ദുർബലരുമായവർക്ക് – അവരുടെ ആവശ്യങ്ങൾക്കും അവർ ജീവിക്കുന്ന സന്ദർഭത്തിനും അനുയോജ്യമായ വിദ്യാഭ്യാസവും പരിശീലനവും ലഭ്യമാണെന്ന് ഉറപ്പാക്കാനാണ് ഗോൾ 4 ലക്ഷ്യമിടുന്നത്. (SDG 4) ലോകത്തെ കൂടുതൽ സുരക്ഷിതവും സുസ്ഥിരവും പരസ്പരാശ്രിതവുമാക്കുന്നതിന് വിദ്യാഭ്യാസം ഒരു പ്രധാന ഘടകമാണ്. എല്ലാവർക്കും നല്ല നിലവാരമുള്ള വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുകയും, സാമ്പത്തികവും സാമൂഹികവുമായ വികസനം വർദ്ധിപ്പിക്കുന്നതിന് അടിസ്ഥാന വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സാമൂഹിക–തൊഴിൽ സംയോജനം എന്നിവ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുകയെന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടിയുള്ള വിവിധ ടാർജെറ്റുകളാണ് ചുവടെ ചേർത്തിരിക്കുന്നത്.

4.1 2030–ഓടെ മുഴുവൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പൂർണ്ണമായും സൗജന്യവും നിഷ്പക്ഷവും ഗുണപരതയുമുള്ള പ്രൈമറി–സെക്കന്ററി വിദ്യാഭ്യാസം നൽകുക. അത് വഴി ഫലപ്രദവും പ്രസക്തവുമായ വിദ്യാഫലപ്രാപ്തി ഉറപ്പിക്കുക.

4.2 2030–ഓടെ എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഗുണമേന്മയുള്ള, കരുതലുള്ള നേഴ്സറി/പ്രീപ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കുക വഴി അവരെ പ്രൈമറി വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുക.

4.3 2030–ഓടെ മുഴുവൻ വനിതകൾക്കും പുരുഷന്മാർക്കും താങ്ങാവുന്നതും എന്നാൽ ഗുണപരതയുമുള്ളതുമായ വിദ്യാഭ്യാസം – സാങ്കേതികവും, തൊഴിലധിഷ്ഠിതവും സർവ്വകലാശാലാ തലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസം ഉറപ്പാക്കുക.

4.4 2030–ഓടെ സാങ്കേതികവും തൊഴിൽപരവുമായ കഴിവുകളുള്ള യുവജനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക വഴി തൊഴിൽ സംരംഭകത്വം എന്നീ മേഖലകൾ വികസിപ്പിക്കുക.

4.5 2030–ഓടെ വിദ്യാഭ്യാസരംഗത്തെ ലിംഗ അസമത്വം അവസാനിപ്പിക്കുകയും എല്ലാ തരത്തിലുള്ള വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യ പരിശീലനങ്ങളും ദുർബല വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് ഭിന്നശേഷിയുള്ളവർക്കും മറ്റ് ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും സമമായി ലഭ്യമാക്കുക.

4.6 2030–ഓടെ മുഴുവൻ യുവജനങ്ങൾക്കും ഗണ്യമായ അനുപാതത്തിൽ, മുതിർന്നവർക്കും (സ്ത്രീകൾക്കും പുരുഷന്മാർക്കും) സാക്ഷരതയും ഗണിത ശാസ്ത്രവും ഉറപ്പാക്കുക.

4.7 2030–ഓടെ മുഴുവൻ പഠിതാക്കളും സുസ്ഥിര വികസനം സാധ്യമാക്കുന്നതിലേക്കായി അറിവും സാങ്കേതികവിദ്യയും ആർജ്ജിക്കുക. ഇതിനായി സുസ്ഥിര ജീവിതശൈലി,

മാനുഷിക അവകാശങ്ങൾ, ലിംഗസമത്വം, സമാധാനം, അഹിംസ എന്നിവയുടെ നയങ്ങളിൽ ഊന്നിനിന്നുകൊണ്ട് ആഗോള പൗരത്വം, സാംസ്കാരിക വൈവിധ്യം എന്നിവയിലൂടെ സുസ്ഥിര വികസനം സാധ്യമാക്കുക.

## 4.4 വിദ്യാഭ്യാസ അവകാശനിയമം 2009

ആറ് മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് എല്ലാവർക്കും അടിസ്ഥാന വിദ്യാഭ്യാസം, സൗജന്യവും നിർബന്ധവുമാക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് ആവിഷ്ക്കരിച്ച നിയമമാണ് വിദ്യാഭ്യാസ അവകാശനിയമം (RTE Act: Right to Education Act :The Right of Children to free and compulsory education Act 2009). 2009 ഓഗസ്റ്റ് 4 നു ഇന്ത്യൻ പാർലമെന്റിൽ ഈ നിയമം പാസ്സാക്കുകയുണ്ടായി. ഇതിലേക്ക് ഇന്ത്യൻ ഭരണ ഘടന – ആർട്ടിക്കിൾ 21 എ – ഭേദഗതി ചെയ്തു. 2010 ഏപ്രിൽ ഒന്നിന് ഈ നിയമം പ്രാബല്യത്തിൽ വന്നു. ഇന്ത്യ ചരിത്രത്തിലെ സുപ്രധാനമായ ഒരു നിയമ നിർമ്മാണമാണിത്. നമ്മുടെ ജനസംഖ്യയുടെ 40 ശതമാനം 18 വയസ്സിനു താഴെയുള്ള കുട്ടികളാണ്. കുട്ടികളിൽ പകുതിയും 6നും 14നും ഇടയിലുള്ളവർ. അതായത്, അടിസ്ഥാന വിദ്യാഭ്യാസത്തിനു അർഹരായ 190 ദശലക്ഷം കുട്ടികൾ ഇന്ത്യയിൽ ഉണ്ട്. ഇതിൽ 9 ദശ ലക്ഷം കുട്ടികൾ സ്കൂളിൽ എത്തുന്നില്ലെന്നാണ് യൂനിസെഫ് കണക്കാക്കുന്നത്. സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ശരാശരി 36 ശതമാനമാണ്. പെൺകുട്ടികളുടേത് അതിനേക്കാൾ കൂടുതൽ. ആ നിലയ്ക്ക്, സ്ത്രീ വിദ്യാഭ്യാസം കൂടുതൽ പരിപോഷിപ്പിക്കാനും ബാലവേല നിരുത്സാഹപ്പെടുത്തുവാനുമുള്ള ധീരമായ ഒരു ചുവടുവെപ്പു കൂടിയാണ് ഈ നിയമം.

## 4.5 സവിശേഷതകൾ

1. പുതിയ നിയമമനുസരിച്ച് ആറു മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് അയൽപക്ക സ്കൂളിൽ (neighborhood schools) വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാകും.
2. പഠനത്തിന്നാവശ്യമായ ചെലവ് വഹിക്കാൻ കുട്ടി ബാധ്യസ്ഥനല്ല.
3. നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം എന്നത് സർക്കാറുകൾ, തദ്ദേശ സ്ഥാപനങ്ങൾ, സ്കൂൾ അധികൃതർ, രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവരുടെ ഉത്തരവാദിത്തവും ചുമതലയുമാണ്.
4. ആറ് വയസ്സ് കഴിഞ്ഞ കുട്ടി സ്കൂളിൽ പോകാത്ത അവസ്ഥയിലാണെങ്കിൽ അവന്റെ വയസ്സിന് അനുയോജ്യമായ ക്ലാസിൽ അവനെ പ്രവേശിപ്പിക്കേണ്ടതാണ്.
5. അവന്റെ പഠനനിലവാരം മെച്ചപ്പെടുത്താൻ അവന് പ്രത്യേക പരിശീലനം നൽകണം.
6. 14 വയസ്സ് കഴിഞ്ഞാലും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ അവന് അവകാശമുണ്ടായിരിക്കും.
7. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാനുള്ള സൗകര്യമില്ലാത്ത സ്കൂളിലാണ് കുട്ടി പഠിക്കുന്നതെങ്കിൽ അവിടെ നിന്നും കുട്ടിക്ക് മറ്റേതെങ്കിലും സ്കൂളിലേക്ക് മാറ്റം ആവശ്യപ്പെടാം. പക്ഷെ പ്രസ്തുത മാറ്റം അൺഎയ്ഡഡ് സ്കൂളിലേക്കോ നവോദയ വിദ്യാലയം പോലുള്ള സ്പെസിഫൈഡ് കാറ്റഗറിയിൽ പെട്ട സ്കൂളിലേക്കോ ആവാൻ പാടില്ല. സർക്കാർ സ്കൂളിലേക്കോ എയ്ഡഡ് സ്കൂളിലേക്കോ ആവാം.

ടി സി ഉടൻ നൽകേണ്ടതാണ്. അതിന് കാലതാമസം വന്നാൽ സ്ഥാപന മേധാവി അച്ചടക്ക നടപടിക്ക് വിധേയനാകും.

ഇതിന് നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവയുടെ പ്രവർത്തനത്തിൽ നഗരസഭകൾക്ക് എന്ത് ചെയ്യാനാകും എന്ന് നോക്കാം.

- പ്രീസ്ക്കൂൾ, (3 മുതൽ 5 വയസ്സ് വരെ) പ്രൈമറി (6 മുതൽ 12 വരെ വയസ്സുകാർ) സെക്കണ്ടറി (13 മുതൽ 15 വയസ്സുവരെ) സീനിയർ സെക്കണ്ടറി (16–18) എന്നിവയിലുള്ള വിദ്യാഭ്യാസ പ്രക്രിയയും പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്കനുസൃതമായി നടത്തുന്നതിന് സ്ഥാപന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് നഗരസഭകൾക്ക് ഉത്തരവാദിത്വമുണ്ട്.
- പൊതുവിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരാൾക്ക് സ്വയം തൊഴിലിന് ആവശ്യമായ തൊഴിൽ പരിശീലനം നേടുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുക. പ്രത്യേകിച്ച് സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന യുവാക്കൾക്ക് നൈപുണി പരിശീലനം നൽകി തൊഴിലിന് പ്രാപ്തമാക്കാൻ പ്രത്യേകമായ ഉത്തരവാദിത്വം നഗരസഭകൾക്കുണ്ട്.
- ഘടക സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി സമഗ്രമായ വിദ്യാഭ്യാസ പദ്ധതിക്ക് രൂപം നൽകുകയും അവ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

**ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മേഖലയിലെ നഗരസഭകളുടെ ഇടപെടലുകൾ ഈ രീതിയിൽ സമീപിക്കാം:–**

- നഗരസഭാ പരിധിയിൽ ജനിച്ചു വീഴുന്ന ഓരോ കുട്ടിക്കും തുല്യതയും ഗുണമേന്മയുള്ള ജീവിത വികാസത്തിനും പൊതുവിദ്യാഭ്യസത്തിനുമുള്ള സൗകര്യം ഉറപ്പു വരുത്തുക എന്നത് പ്രതിജ്ഞാബദ്ധമാണ്.
- ഈ ലക്ഷ്യം നേടുന്നതിന് പര്യാപ്തമായ രീതിയിൽ നഗരസഭയുടെ പൊതുവിദ്യാഭ്യാസത്തിന്റെയും നൈപുണി വിദ്യാഭ്യാസത്തിന്റെയും സമീപനരേഖ തയ്യാറാക്കി വേണം മൂർത്തമായ ഇടപെടലുകൾക്ക് രൂപം നൽകാൻ.
- ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവരവരുടെ സാധ്യതകളും വെല്ലുവിളികളും വിലയിരുത്തി സ്ഥാപനങ്ങളുടെ 'സ്ഥാപന വികസന പ്ലാനുകൾ.' തയ്യാറാക്കണം. ഇതിന് സഹായകമായ രീതിയിൽ ഒരു പൊതുമാർഗ്ഗരേഖ – Institutional Development Plans Guidelines – തയ്യാറാക്കി നൽകണം. അതിൽ നഗരസഭയുടെ കഴിഞ്ഞ 25 വർഷത്തെ വിദ്യാഭ്യാസ ഇടപെടലുകളും അവസ്ഥയും സംബന്ധിച്ച കണക്കുകൾ വിലയിരുത്തലുകൾ, വീക്ഷണങ്ങൾ എന്നിവ ഉണ്ടാകണം.

# 5

# നവകേരള കർമ്മ പരിപാടി

മാനവ വികസനസൂചിക അനുസരിച്ച് ലോകത്തിലെ മികച്ച പ്രദേശങ്ങളിൽ ഒന്നാണ് കേരളം. ഉയർന്ന സാക്ഷരത, ഉന്നതമായ വിദ്യാഭ്യാസ നിലവാരം, പൊതുജനാരോഗ്യം, പൊതുവിതരണ സമ്പ്രദായം, അധികാര വികേന്ദ്രീകരണം തുടങ്ങിയ മേഖലകളിലെല്ലാം കേരളം മുന്നിട്ടു നിൽക്കുന്നു.

എന്നാൽ, ഉൽപ്പാദന മേഖലയിലുണ്ടായ മുരടിപ്പ് മൂലം എല്ലാവർക്കും, പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് കേരള സമ്പദ് വ്യവസ്ഥയിൽ സാധ്യമായില്ല. മെച്ചപ്പെട്ട വരുമാനവും ജോലിയും തേടി വിദേശ രാജ്യങ്ങളിൽ പോയവർ അയച്ച പണം ഉൽപ്പാദന രംഗത്ത് വിനിയോഗിക്കുന്നതിലും പരാജയമുണ്ടായി. പ്രവാസികൾ അയച്ച പണം കെട്ടിട നിർമ്മാണത്തിലും റിയൽ എസ്റ്റേറ്റ് ബിസിനസ്സിലുമാണ് കേന്ദ്രീകരിക്കപ്പെട്ടത്. അമിതമായ പ്രകൃതിവിഭവ ചൂഷണത്തിലൂന്നിയ വികസന രീതി ഉണ്ടായി വരുന്നതിലേക്കാണ് ഇത് നയിച്ചത്. മണ്ണിനും ജലത്തിനുമുണ്ടായ ശോഷണം, മദ്യപാനവും ജീവിതശൈലീരോഗങ്ങളും, ആത്മഹത്യാ പ്രവണതയും വളർന്നു വന്നു. പലവിധ കാരണങ്ങളാൽ ജലനിർഗ്ഗമനം തടസ്സപ്പെടുകയും വലിച്ചെറിയലുകൾ കൂട്ടുകയും ചെയ്തു; മാലിന്യ പ്രശ്നം അതിരൂക്ഷമായി. ഇത് പകർച്ച വ്യാധികൾ വീണ്ടും പടർന്നു പിടിക്കുന്നതിന് കാരണമാകുന്നു.

എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം പ്രാപ്തമായെങ്കിലും പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിൽ വേണ്ടത്ര വിജയിച്ചില്ല. ജനങ്ങളുടെ ജീവിത ഗുണത ഉയർത്തുന്നതിന് എല്ലാവർക്കും സുരക്ഷിതമായ താമസ സൗകര്യം ഉണ്ടാക്കേണ്ടതും അടിയന്തിരമായ ആവശ്യമായിരുന്നു. നേടിയ ജീവിതഗുണനിലവാരം പിടിച്ചു നിർത്തുന്നതിനും എല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യം ഉറപ്പു വരുത്തുന്നതിനും നഗര തലത്തിലെ ആരോഗ്യസേവനങ്ങൾ പൊളിച്ചെഴുതുന്ന പ്രക്രിയ അടിയന്തിരമായി ആരംഭിക്കേണ്ടതും ആവശ്യമായിരുന്നു. ഇനിയും ഗുരുതരമായി ബാക്കിയായിരുന്ന പാർപ്പിട പ്രശ്നവും അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ടായിരുന്നു. വികസനത്തിന്റെ ഈ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായാണ് കേരളത്തിലെ അടിസ്ഥാന വികസന പ്രശ്നങ്ങളെ ഉൾക്കൊള്ളുന്ന വിധത്തിൽ നാല് മിഷനുകൾ പ്രഖ്യാപിക്കപ്പെട്ടത്. ഹരിത കേരള മിഷൻ കൃഷി, മണ്ണ്–ജല സംരക്ഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ

ഊന്നുന്നു. ആർദ്രം മിഷൻ ആരോഗ്യ മേഖലയിലും ലൈഫ് മിഷൻ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു. അന്താരാഷ്ട്ര നിലവാരത്തിലേക്ക് കേരളത്തിന്റെ വിദ്യാഭ്യാസം ഉയർത്തുന്നതിനാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശ്രമിച്ചത്. ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള ഉറച്ച തീരുമാനമാണ് നവകേരള മിഷനുകളുടെ പ്രവർത്തനത്തിന് ഊർജ്ജം പകരുന്നത്.

## 5.1 നവകേരള നിർമ്മിതിക്കായി നാല് മിഷനുകൾ

ഹരിതകേരളം –ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്

വെള്ളം–വൃത്തി–വിളവ് ജനകീയാരോഗ്യം അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം സമ്പൂർണ്ണ പാർപ്പിടം

### 5.1.1 ഹരിതകേരള മിഷൻ

വൃത്തി, വെള്ളം, വിളവ് എന്നിവയെ മുൻനിർത്തിക്കൊണ്ട് മൂന്ന് ഉപ മിഷനുകളായാണ് ഹരിതകേരളം മിഷൻ രൂപീകരിക്കപ്പെട്ടത്. ഒന്നാമത്തേത് ശുചിത്വവും മാലിന്യ സംസ്കരണവും രണ്ടാമത്തേത് ജലസംരക്ഷണവും, മൂന്നാമത്തേത് ജൈവരീതിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിവികസനവും ലക്ഷ്യമാക്കി ആയിരുന്നു പ്രവർത്തനം.

#### 5.1.1.1 ശുചിത്വം മാലിന്യ സംസ്കരണം

**ലക്ഷ്യങ്ങൾ**

» എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം – അനുകൂല മനോഭാവങ്ങളും ശീലങ്ങളും സമൂഹത്തിൽ സൃഷ്ടിക്കുക

» സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.

» ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥിരം സംവിധാനമാക്കുക

**പ്രവർത്തനങ്ങൾ**

| വിഷയം | പ്രവർത്തനം | ചുമതല |
|---|---|---|
| ജൈവ മാലിന്യങ്ങൾ | ഉറവിട മാലിന്യ സംസക്കരണം | വീട്ടുകളും സ്ഥാപനങ്ങളും |
| അജൈവ മാലിന്യങ്ങൾ | തരംതിരിച്ച് വൃത്തിയാക്കി ശേഖരിക്കൽ | ഹരിതകർമ്മ സേന |
| ദ്രവ മാലിന്യം | വികേന്ദ്രീകൃത പരിപാലന സംവിധാനങ്ങൾ | വീടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| വലിയ നഗര മാലിന്യം | കേന്ദ്രീകൃത സംവിധാനങ്ങൾ | നഗരസഭ |
| പൊതുസ്ഥലങ്ങൾ | സ്ഥലത്തിന് യോജിച്ച സംവിധാനം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം തടയൽ | നിയമ പരിപാലനം | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ |

### 5.1.1.2 ജലസംരക്ഷണം

സുസ്ഥിരമായ ജലസംരക്ഷണ-വിനിയോഗ സംസ്കാരം ഉയർത്തിക്കൊണ്ട് വരികയും അതിനെ ജനജീവിതത്തിന്റെ ഭാഗമാക്കുകയും അതു വഴി ജലസുരക്ഷയും പരിസ്ഥിതി സംരക്ഷണവും നടത്തുകയുമാണ് മിഷൻ പ്രവർത്തനത്തിലൂടെ ലക്ഷ്യമിട്ടിരുന്നത്. ഇതിനായി, ജലസ്രോതസ്സുകളുടെ നവീകരണം, ശുദ്ധീകരണം, പരിപാലനം എന്നീ പ്രവർത്തനങ്ങളാണ് നടത്തിയത്.

### 5.1.1.3 കാർഷിക വികസനം

പച്ചക്കറി, നെല്ല്, പഴവർഗ്ഗങ്ങൾ എന്നിവയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം അടിയന്തിര സ്വഭാവത്തോടെ കൈവരിക്കുക എന്നതായിരുന്നു ലക്ഷ്യം. കൃഷിയെ മാത്രം ആശ്രയിക്കുന്ന കർഷകർക്ക് സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തണം. ഭൂ-ജല വിഭവങ്ങളെ സംയോജിതമായി ഉപയോഗപ്പെടുത്തിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകിയും വിപണന സൗകര്യങ്ങൾ വികസിപ്പിച്ചും മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. ഇതിനായി വകുപ്പുതല പദ്ധതികളുടെ ഫലപ്രദമായ സംയോജനം, കാർഷിക കർമ്മസേനകളെ ശക്തിപ്പെടുത്തൽ, സഹകരണമേഖലയുമായി സഹകരിച്ച് വായപാ വിപണന സൗകര്യങ്ങൾ ഒരുക്കൽ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തലും അവയുടെ പ്രചാരണവും ഏറ്റെടുത്തിട്ടുണ്ട്.

### 5.1.2 ആർദ്രം മിഷൻ

സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ എല്ലാ തലത്തിലും രോഗീ സൗഹൃദമാക്കുന്നതിനായാണ് ആർദ്രം മിഷനിലൂടെ ശ്രമിക്കുന്നത്. പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെടുംതൂണായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് ഒരു കുടുംബത്തിലെ എല്ലാ പ്രാഥമിക ആരോഗ്യ പരിചരണ കാര്യങ്ങളും ചിട്ടയായി മോണിറ്റർ ചെയ്യാവുന്ന രീതിയിൽ ഈ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഘട്ടംഘട്ടമായി മാറ്റിക്കൊണ്ടിരിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തന പ്രദേശത്തുള്ള ഓരോ വ്യക്തിക്കും സമഗ്രമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങളും കാലോചിത മാറ്റങ്ങളോടെ പരിഷ്ക്കരിക്കുന്നു.

ഇതോടൊപ്പം ജില്ലാ-താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടു കൂടിയ സൗകര്യങ്ങൾ ഒരുക്കുന്ന നടപടികളും പൂർത്തീകരിച്ചു വരികയാണ്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, ആദിവാസി ആരോഗ്യ പരിപാടി നടപ്പാക്കുക എന്നീ പ്രവർത്തനങ്ങളും തുല്യ പ്രാധാന്യത്തോടെ നടന്നു വരുന്നു. സ്കൂൾ ആരോഗ്യപദ്ധതി കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കേണ്ടതുണ്ട്. 14ാം പദ്ധതിയിൽ ഇതിന് ഊന്നൽ നൽകിയിട്ടുണ്ട്.

### 5.1.3 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതായിരുന്നു ഈ മിഷന്റെ ലക്ഷ്യം. മികവ് എന്നാൽ അക്കാദമിക്ക് മികവാണ്. ഇതിനായാണ് ആധുനിക രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെ

യുള്ള മറ്റു സംവിധാനങ്ങൾ ഒരുക്കുന്നത്. കേരളീയ സമൂഹം പൊതു വിദ്യാലയങ്ങളിലൂടെ ആർജ്ജിച്ചെടുത്തതാണ് നമ്മുടെ മതനിരപേക്ഷ ജനാധിപത്യ ബോധവും അതിനനുസരിച്ച ജനാധിപത്യ മൂല്യങ്ങളും.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എറ്റെടുത്ത പ്രവർത്തനങ്ങളെ താഴെ പറയുന്ന പ്രകാരം മനസ്സിലാക്കാം.

- » പ്രീ സ്ക്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കുക
- » അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക
- » കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഒരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക
- » വായനശാല, ലാബറട്ടറി എന്നിവ ആധുനികവൽക്കരിക്കുക
- » വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക
- » പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിഗണന ഉറപ്പാക്കുക
- » ക്ലാസ് മുറികൾ ഹൈടെക് ആക്കുക
- » സ്ക്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക
- » വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുക.

അക്കാദമികമായി വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കിയാൽ മാത്രമേ പൊതുസമൂഹം ഇന്നു കാണിക്കുന്ന ഉത്സാഹം നിലനിർത്താൻ കഴിയൂ. ഇതിനായി അദ്ധ്യാപകർ, രക്ഷാകർതൃസമൂഹം, പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം, ഭരണനിർവ്വഹണ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കണം. ഓരോ സ്ക്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല- ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കണം. സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഡിജിറ്റലൈസേഷൻ സാധ്യത പൂർണമായും പ്രയോജനപ്പെടുത്തണം. പ്രീ പ്രൈമറി മുതൽ ഹയർസെക്കന്ററി വരെ മാതൃഭാഷ പഠനം എന്ന ലക്ഷ്യം ശരിയായ വിധത്തിൽ നടപ്പാക്കണം. അക്കാദമിക് മോണിറ്ററിംഗ് ശക്തിപ്പെടുത്തണം.

### 5.1.4 ലൈഫ് മിഷൻ

കേരളത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ കുടുംബത്തിനും വീടുകൾ വച്ചു നൽകുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയാണ് ലൈഫ് മിഷൻ. സാമൂഹിക വികസനം വേഗത്തിലാക്കുന്നതിന് അടിസ്ഥാനമായ അനിവാര്യമായ ഘടകം എന്ന നിലയിലാണ് എല്ലാവർക്കും വീട് എന്ന പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

അഞ്ച് വർഷം കൊണ്ട് ഏകദേശം 4.30 ലക്ഷം ഭവനരഹിതർക്ക് വീട് വച്ച് നൽകുക എന്ന ലക്ഷ്യവുമായാണ് ലൈഫ് പദ്ധതി ആരംഭിച്ചത്. വിവിധ കാരണങ്ങളാൽ മുൻകാലത്ത് ഭവനപദ്ധതികളിൽ നിന്ന് ഒഴിവായിപ്പോയിരുന്ന 1.60 ലക്ഷം കുടുംബങ്ങളും ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു.

ഭവന നിർമ്മാണത്തോടൊപ്പം കുടുംബങ്ങൾക്ക് അവരുടെ ഉപജീവനസൗകര്യങ്ങൾ ഒരുക്കുക വഴി സാമ്പത്തിക ശക്തീകരണം ഉറപ്പ് വരുത്തലാണ് ഈ പദ്ധതിയുടെ പ്രധാന ഊന്നൽ. വീട് വയ്ക്കാൻ സ്വന്തമായി ഭൂമിയുള്ളവർക്ക് ഉറപ്പുള്ള വീടുകൾ നിർമ്മിച്ച് നൽകുക, സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുകയോ അത് സാധ്യമല്ലെങ്കിൽ

ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് താമസ സൗകര്യം ഒരുക്കുകയോ ചെയ്യുക എന്നതാണ് പരിപാടി. ഇതോടൊപ്പം ഉപജീവനത്തിനുള്ള പദ്ധതികളും പ്രാഥമിക ആരോഗ്യം, വയോജനങ്ങൾക്കുള്ള പിന്തുണാ പരിപാടികൾ, വിദഗ്ധജോലികൾക്കുള്ള പരിശീലനം എന്നിവ നൽകുകയും സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യും. ഭൂമി കണ്ടെത്തുന്നതും പദ്ധതിക്കുള്ള അധിക സാമ്പത്തിക ബാധ്യത നിറവേറ്റുന്നതും വിവിധ സംഘടനകളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ്.

ഒരു നിശ്ചിത കാലയളവിൽ സമയബന്ധിതമായി ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള കർമ്മ പരിപാടിയാണ് നവകേരള മിഷനിലൂടെ മുന്നോട്ട് വച്ചത്. പഴയ കേരളം പുതുക്കി പണിയലല്ല, പ്രത്യുത, പുതിയൊരു കേരളത്തിന്റെ നിർമ്മിതിയാണ് ഈ പരിപാടിയിലൂടെ സാധ്യമാവുക.

# 6

# നഗര യുവതയുടെ ശേഷി വികസനം

വികസിത രാജ്യങ്ങളിലെ ശേഷി വികസന പരിശ്രമങ്ങളുടെ (Skill Development) പാഠം ഉൾക്കൊണ്ട് നമുക്ക് യുവതയുടെ ശേഷി വികസനത്തിന് ഒരു ദീർഘകാല ആസൂത്രണം നടത്തേണ്ടതുണ്ട്. സിങ്കപ്പൂരും, ജർമ്മനിയും യുവതലമുറയുടെ ശേഷി വികസന പരിശ്രമങ്ങളിൽ ഇന്ത്യക്ക് മാതൃകയാക്കാവുന്ന രാജ്യങ്ങൾ ആണ്. നാൽപ്പത് വർഷത്തോളം എടുത്താണ് സിംഗപ്പൂരിന് ശേഷി വകസനത്തിൽ അവരുടെ ലക്ഷ്യങ്ങൾ നേടാൻ കഴിഞ്ഞത്. നമ്മൾ അറിവിന്റെ സമ്പദ് വ്യവസ്ഥയെ കുറിച്ച് (Knowledge Economy) സംസാരിക്കാൻ തുടങ്ങിയിട്ട് 20 വർഷത്തോളമായി എങ്കിലും നമുക്ക് ഇപ്പോഴും ഒരു ശേഷി വികസന നയം (skill development policy) എന്നത് ഒരു വസ്തുതയായി അവശേഷിക്കുന്നു. സംസ്ഥാന തലത്തിൽ ഒരു നയം ഇല്ലാതെ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടുന്നതിന് ചില പരിമിതികൾ ഉണ്ട് എന്നത് യാഥാർത്ഥ്യമാണ്. എങ്കിലും ശേഷി വികസന സംവിധാനങ്ങളെ കുറിച്ചുള്ള വ്യക്തമായ ധാരണ സൃഷ്ടിക്കാനായാൽ പരിമിതികൾക്ക് ഉള്ളിൽ നിന്ന് കൊണ്ട് അവർക്ക് നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിയും. കേരളം മാത്രമല്ല മറ്റു പല വികസന പാതയിലുള്ള പ്രദേശങ്ങളും ഇന്ന് അറിവിന്റെ സമ്പദ് വ്യവസ്ഥയെ പറ്റി ഏറെ സംസാരിക്കുന്നുണ്ട്.

ദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ വേണ്ടി അടിസ്ഥാന ശേഷി വികസന പരിപാടികൾ നടത്തി പ്രാഥമിക തല ജോലികൾക്ക് (Entry level jobs) ആളുകളെ പ്രാപ്തരാക്കുക എന്ന ദേശീയ സ്കിൽ പോളിസിയുടെ അടിസ്ഥാന ലക്ഷ്യം നോക്കുമ്പോൾ കേരളത്തിലെ സ്ഥിതി അതിൽ നിന്ന് ഏറെ വ്യത്യസ്തമാണ് എന്ന് മനസ്സിലാകും. വിദ്യാസമ്പന്നരായ ഒരു സമൂഹം ഉള്ള തനത് സ്വഭാവമുള്ള ഒരു സംസ്ഥാനം എന്ന നിലയിൽ തികച്ചും വ്യത്യസ്തമായ ഒരു സമീപനം നമുക്ക് അനിവാര്യമാകും.

ശേഷി വികസന ആവാസ വ്യവസ്ഥയുടെ (skill Eco system) അടിസ്ഥാനപരമായ രണ്ട് കാര്യങ്ങളെ പരിഗണിക്കാത്തത് കൊണ്ടാണ് നമ്മുടെ പല സർക്കാർ പദ്ധതികളും പരാജയപ്പെട്ടത്. പരിശീലകർ, പരിശീലനാർത്ഥികൾ എന്നിവർ ആണത്. പരിശീലനാർത്ഥികളുടെ താല്പര്യങ്ങൾ മനസ്സിലാക്കാതെയുള്ള ശേഷി വികസന ശ്രമങ്ങൾക്ക് ലക്ഷ്യം നേടാൻ കഴിയില്ല.

### 6.1 ശേഷി വികസന ആവാസ വ്യവസ്ഥയുടെ പ്രധാന ഭാഗഭാക്കുകളെ തിരിച്ചറിയൽ

താഴെ പറയുന്നവയാണ് ഒരു ശേഷി വികസ ആവാസ വ്യവസ്ഥയുടെ പ്രധാന ഭാഗഭാക്കുകൾ (Share holders).

» പഠിതാവ് അഥവാ പരിശീലനാർത്ഥി
» പരിശീലകർ അഥവാ പരിശീലക സ്ഥാപനങ്ങൾ
» തൊഴിൽ ദാതാവ്
» വിലയിരുത്തലും, അക്രഡിറ്റേഷനും നൽകുന്ന സ്ഥാപനങ്ങൾ
» ശേഷി വികസന പരിപാടികൾ സ്പോൺസർ ചെയ്യുന്നവർ (സർക്കാർ, സി.എസ്.ആർ ഫണ്ട് ദാതാക്കൾ)
» സംരംഭകത്വ അവസരങ്ങൾ
» വ്യവസായവുമായി ബന്ധപ്പിക്കൽ/അപ്രന്റിസ്ഷിപ്പ് പരിപാടികൾ
» തൊഴിൽ വിപണിയിലെ വിവരങ്ങൾ ലഭ്യമാക്കുന്ന ശേഷി വികസന മേഖലയിലെ ഗവേഷകർ/ഗവേഷക സ്ഥാപനങ്ങൾ
» സർക്കാർ വകുപ്പുകൾ

## 6.2 പഠിതാക്കളുടെ പ്രതീക്ഷകൾ

വെറും ഒരു തൊഴിലല്ല, അഭിരുചിക്കൊത്ത, യോഗ്യതയ്ക്ക് ഒത്ത തൊഴിൽ ആണ് യുവജനങ്ങളുടെ ലക്ഷ്യം. അർത്ഥവത്തായ ജീവിതത്തിന് ഈ സമീപനം അനിവാര്യമാണ്. അത്തരത്തിലുള്ള ഒരു സമൂഹമേ പുരോഗതിയിലേക്ക് നയിക്കപ്പെടുകയുള്ളൂ.

ഇന്ത്യയിലെ യുവതയെ സംബന്ധിച്ച് ശേഷി വികസനം എന്നത് കേവല അതിജീവനത്തിന് ഉള്ള ഒരു വഴി ആണെങ്കിൽ കേരളീയർക്ക് അത് പല അവസരങ്ങളിൽ നിന്ന് ഒന്നിലേക്ക് എത്താനുള്ള വഴിയാണ്. ഇന്ത്യയിലെ യുവത പെട്ടെന്ന് ലഭ്യമാകുന്ന ഒരു തൊഴിൽ സാദ്ധ്യത അന്വേഷിക്കുമ്പോൾ, കേരളത്തിലെ യുവത സ്വാഭിമാനവും വളർച്ചാ സാദ്ധ്യതകളും ഉള്ള തൊഴിൽ സാദ്ധ്യതകൾ ആണ് അന്വേഷിക്കുന്നത്. ഇത് തിരിച്ചറിഞ്ഞുള്ള ശേഷി വികസന പരിശ്രമങ്ങൾ ആണ് കേരളത്തിലെ നഗരങ്ങളിൽ ഉണ്ടാകേണ്ടത്.

## 6.3 ശേഷി വികസന പ്രക്രിയ

താഴെ പറയുന്ന ഘടകങ്ങൾ ആണ് ശേഷി വികസന പ്രക്രിയയിൽ പിന്തുടരാവുന്നത്.

» ബോധവത്ക്കരണ ക്യാമ്പയിൻ
» കരിയർ അഭിരുചി പരിശോധന
» നഗരസഭാ തല കരിയർ സെന്റർ സ്ഥാപിക്കൽ
» നഗരസഭ കേന്ദ്രീകരിച്ച് ഡാറ്റാ ബാങ്ക്
» സോഫ്റ്റ് വെയർ/മൊബൈൽ ആപ്പ് സഹായക സംവിധാനം
» സംരംഭകത്വ പ്രോത്സാഹനം
» നഗരസഭാ തല ശേഷി വികസന പരിപാടി

### 6.3.1 ബോധവത്ക്കരണ ക്യാമ്പയിൻ

ഇത് ആദ്യത്തേതും എന്നാൽ വെല്ലുവിളി നിറഞ്ഞതുമായ ഘട്ടമാണ്. വെള്ളക്കോളർ

ജോലികളെ പോലെ, ബ്ലൂ കോളർ ജോലികൾ ആകർഷകമല്ല എന്ന ധാരണയാണ് കേരളീയ യുവതക്ക് ഉള്ളത്. ഇതിന്റെ പേരിൽ നമുക്ക് അവരെ പൂർണ്ണമായി കുറ്റപ്പെടുത്താൻ ആകില്ല. ചെറുപ്പക്കാർക്കിടയിൽ ഈ തോന്നൽ സൃഷ്ടിക്കുന്നതിൽ കേരളത്തിലേക്കുള്ള ഗൾഫ് പണം ഒഴുക്കിവിടുന്ന സാമൂഹിക സാമ്പത്തിക സ്ഥിതിക്കും വലിയ പങ്കുണ്ട്. ഇതിന്റെ കൂടി ഫലമാണ് വടക്ക്, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ഒഴുക്ക്. ഇന്ന് നമ്മുടെ സംസ്ഥാന ജനസംഖ്യയുടെ 10 ശതമാനത്തോളം അതിഥി തൊഴിലാളികളാണ്. അവരിൽ ഭൂരിഭാഗത്തിനും സ്ഥിരമായ തൊഴിൽ അവസരങ്ങളും ഉണ്ട്. കേരളത്തിലെ 25–30 ലക്ഷം ജോലികൾ ഇന്ന് ഇവർ ചെയ്യുന്നു. ഒരു ശരാശരി മദ്ധ്യ വർഗ്ഗ കേരളിയന്റെ വരുമാനത്തേക്കാൾ ഏറെ അവർ നേടുകയും ചെയ്യുന്നു. വൈറ്റ് കോളർ മനോഭാവത്തെ മാറ്റി എടുക്കുന്നതിന് താഴെ പറയുന്ന ഘട്ടങ്ങൾ വേണ്ടി വരും.

**ഇടപെടൽ 1 :** വെള്ളക്കോളർ ജോലി പോലെ ഏതു ജോലിയും മാന്യതയുള്ളതാണെന്ന് ബോധ്യപ്പെടുത്തുക.

**ഇടപെടൽ 2 :** സർക്കാർ, പൊതു ജോലികൾക്ക് വേണ്ടിയുള്ള യുവതയുടെ താല്പര്യം പരിഗണിക്കുക.

**ഇടപെടൽ 3 :** യുവതയുടെ ശേഷികൾ മനസിലാക്കി അവരെ അതിന് അനുസൃതമായ ജോലികളിലേക്ക് തിരിക്കുക. അവസാനമായി അടുത്ത തലത്തിലുള്ള ജോലികളിലേക്ക് പോകാനായി അവരെ സജ്ജമാക്കുക.

### 6.3.2 പ്രൊഫഷണൽ ആയ കരിയർ അഭിരുചി പരിശോധന

ഇത് 13 വയസ്സിന് മുകളിലുള്ള ആർക്കും ചെയ്യാവുന്ന ഇംഗ്ലീഷിലും, മലയാളത്തിലും ലഭ്യമായ ഒന്നാണ്. ഇത് ഓരോ വിദ്യാർത്ഥിയുടെയും ശേഷി മേഖലകൾ തിരിച്ചറിയാനും, അതിന് അനുസരിച്ച് അവരെ നയിക്കാനും സഹായിക്കുന്നു. ക്ലിനിക്കൽ സൈക്കോളജിയുടെ രീതി ശാസ്ത്രം പിന്തുടരുന്ന ഈ പരിശോധനകൾ ഭൂരിഭാഗവും ഇപ്പോൾ ഓൺ ലൈനിൽ ലഭ്യമാണ്. ഈ പരിശോധനകളെ ഒരു അന്തിമ വാക്കായി കാണേണ്ടതില്ല. എന്നാൽ അവ ഓരോ വ്യക്തിയുടേയും അഭിരുചികളെ ശാസ്ത്രീയമായി മനസ്സിലാക്കാൻ സഹായിക്കുന്നു.

### 6.3.3 സാധ്യതകൾ

#### 6.3.3.1 നഗരതല കരിയർ കേന്ദ്രങ്ങൾ

ഓരോ നഗരസഭയിലും പ്രവർത്തിപ്പിക്കാവുന്ന കരിയർ കേന്ദ്രങ്ങൾ ഒമ്പതാം ക്ലാസ്സ് മുതലുള്ള കുട്ടികളെ നയിക്കാൻ കഴിയുന്ന കേന്ദ്രങ്ങളായി പ്രവർത്തിപ്പിക്കാൻ കഴിയും. അവർക്ക് താഴെ പറയുന്ന കാര്യങ്ങൾ ഏറ്റെടുക്കാൻ കഴിയും.

» പരീക്ഷകൾക്ക് തയ്യാറെടുക്കാൻ കുട്ടികളെ സഹായിക്കുക.
» ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് ശരിയായ ഓപ്ഷനുകൾ തെരഞ്ഞെടുക്കാൻ അവരെ സഹായിക്കുക.
» ശരിയായ ശേഷി വികസന പരിപാടികൾ, ഉന്നത പഠന സ്ഥാപനങ്ങൾ എന്നിവ കണ്ടെത്താൻ കുട്ടികളെ സഹായിക്കുക.
» തൊഴിൽ വിപണി വിവരങ്ങൾക്ക് അനുസൃതമായി കരിയർ കൗൺസലിംഗ് നൽകുക.
» അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി (അസാപ്), ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ

കൗശല്യ യോജന പദ്ധതി, പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സ്കില്ലിംഗ് പദ്ധതികൾ എന്നിവയുമായി ചെറുപ്പക്കാരെ ബന്ധിപ്പിക്കുക, ICT അക്കാദമി മുതലായ

» ASAP, KASE (Kerala Academy For Skill Excellence), K-DISK (Kerala Development and Innovation Strategic Council- K-DISC) മുതലായ സംസ്ഥാന തല സംവിധാനങ്ങളുമായി സ്കില്ലിംഗ് പരിപാടികളെ ബന്ധിപ്പിക്കുക.
» ജോബ് പോർട്ടലുകൾ, സംസ്ഥാന കേന്ദ്രതല തൊഴിൽ സാധ്യതകൾ എന്നിവയുമായി ബന്ധിപ്പിക്കുക.

### 6.3.3.2 കേന്ദ്രീകൃത ഡാറ്റാ ബാങ്ക്

തൊഴിൽ ആവാസ വ്യവസ്ഥയിലെ എല്ലാവർക്കും ലഭ്യമാകുന്ന തരത്തിൽ വിവരങ്ങൾ അടങ്ങിയ ഒരു സമഗ്രമായ കേന്ദ്രീകൃത ഡാറ്റാബാങ്ക് മുൻസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ ആവശ്യമാണ്.

### 6.3.3.3 സോഫ്റ്റ് വെയർ/മൊബൈൽ ആപ്പ്

തൊഴിൽ സാധ്യതകൾ, തൊഴിലവസരങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ/സോഫ്റ്റ് വെയർ സംസ്ഥാന തലത്തിൽ തന്നെ എല്ലാവർക്കും വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ ഉണ്ടാക്കാം.

**മൊബൈൽ ആപ്പ് നേട്ടങ്ങൾ**

» വിവിധ ശേഷി വികസന പരിപാടികളെപ്പറ്റി വിവരം നൽകുക.
» ജോലി അന്വേഷകരേയും, തൊഴിൽ ദാതാക്കളേയും പരസ്പരം ബന്ധിപ്പിക്കുക.

### 6.3.4 സംരംഭകത്വ ബോധവത്ക്കരണം

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി സംരംഭകത്വത്തിന് ഇന്ന് നിരവധി സാദ്ധ്യതകൾ ഉണ്ട്. നിരവധി ചെറുപ്പക്കാർ സംരംഭകത്വത്തിന് തയ്യാറായി വരികയും, നിരവധി ഏജൻസികൾ അവരെ പിന്തുണക്കാൻ തയ്യാറായി വരികയും ചെയ്യുന്നുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷൻ, ജില്ലാ വ്യവസായ കേന്ദ്രം, സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ സഹായത്തോടെ വിവിധ സംരംഭകരുടെ ബോധവത്ക്കരണ പരിപാടികൾ നഗരതലത്തിൽ സംഘടിപ്പിക്കാം. സംരംഭങ്ങൾക്കുള്ള വിവിധ സാമ്പത്തിക സഹായങ്ങൾ, സംരംഭങ്ങൾ തുടങ്ങാനുള്ള നടപടി ക്രമങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ നൽകി ആരംഭിക്കാം. പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, പിന്നോക്ക വിഭാഗക്കാർ എന്നിവർക്കായുള്ള പ്രത്യേക സംരംഭകത്വ പരിപാടികളെ സംബന്ധിച്ച വിവരങ്ങളും ഇത്തരത്തിൽ ലഭ്യമാക്കാം.

### 6.3.5 മുൻസിപ്പൽ സ്കിൽ മിഷൻ

ഡാറ്റാ ബാങ്ക് തയ്യാറാക്കൽ, സംരംഭകത്വ പ്രോത്സാഹന നടപടികൾ എന്നിവയെ തുടർന്ന് നഗര തലത്തിൽ ഒരു മുൻസിപ്പൽ/കോർപ്പറേഷൻ സ്കിൽ മിഷൻ തയ്യാറാക്കണം. തങ്ങളുടെ പ്രദേശത്തെ പൊതു തൊഴിൽ സാധ്യതകളേയും, സംവിധാനങ്ങളേയും എല്ലാം ഏകോപിപ്പിച്ചാണ് ഇത് തയ്യാറാക്കേണ്ടത്. ഇത് പ്രാദേശിക ജോലി സാധ്യതകളെ കണ്ടെത്താനാകും. പ്രാദേശിക വ്യവസായങ്ങളെ പിന്തുണക്കാനും സഹായിക്കും. സ്കിൽ

മിഷന്റെ ഭാഗമായി തയ്യാറാക്കുന്ന എല്ലാ ശേഷി വികസന, തൊഴിൽ ദായക പ്രക്രിയയും നഗരസഭാതല സ്കില്ലിംഗ് സെന്റർ വഴിയായിരിക്കണം കൊണ്ടു പോകേണ്ടത്.

### 6.3.6 സർക്കാർ ബന്ധിത പദ്ധതികൾ/സി.എസ്.ആർ ഫണ്ടുകൾ

കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിൽ സൗജന്യമായി ശേഷി വികസന പരിശീലനങ്ങൾ നടത്തുന്ന നിരവധി സ്ഥാപനങ്ങൾ ഉണ്ട്. ഇവരുമായി എല്ലാം ബന്ധം സ്ഥാപിക്കാനും അതതു നഗരസഭാ തലത്തിൽ എല്ലാവർക്കും സൗജന്യമായി ശേഷി വികസന പരിശീലനം നൽകാനും മുൻസിപ്പൽ സ്കിൽ സെന്ററുകൾക്ക് കഴിയണം. ഏജൻസികൾക്ക് പലപ്പോഴും ശരിയായ പരിശീലനാർത്ഥികളെ കണ്ടെത്താൻ കഴിയാറില്ല. എം.സി.സി വഴിയുള്ള ഡാറ്റാ ബേസ്, മൊബൈൽ ആപ്പ് എന്നിവ ഇതിന് സഹായിക്കും. ശേഷി വികസന പരിപാടികൾക്ക് സി.എസ്.ആർ ഫണ്ടുകളുടെ സാധ്യതകളും ഉപയോഗിക്കാം.

### 6.3.7 ശേഷി വികസനത്തിനുള്ള സംവിധാനങ്ങൾ

- Ministry of Skill Development & Entrepreneurship
- National Skill Development Corporation
  - Pradhan Mantri Kaushal Vikas Yojana (PMKVY)
  - Pradhan Mantri Kaushal Kendra
  - Recognising of Prior Learning ( RPL)
  - Jan Shikshan Sansthan (JSS)
  - Skills Acquisition and Knowledge Awareness for Livelihood Promotion (SANKALP)
- Directorate General of Training
  - Craftsmen Training Scheme (CTS)
- National Apprenticeship Promotion Scheme
- Ministry of Rural Development ( DDU GKY)
  - Deendayal Antyodaya Yojana-National Rural Livelihoods Mission (DAY-NRLM)
- Ministry of Housing and Urban Affairs Government of India
  - Deendayal Antyodaya Yojana-National Urban Livelihoods Mission (DAY-NULM)
- Ministry of Social Justice and Empowerment
  - National Backward Classes Finance & Development Corporation (NBCFDC)
  - National Scheduled Castes and Scheduled Tribes Finance and Development Corporation (NSCSTFDC)
  - National Safai Karamcharis Finance & Development Corporation(NSKFDC)
- Ministry Of Minority Affairs
  - Seekho aur Kamao
- Ministry of Ports, Shipping and Waterways
  - Sagarmala Programme ( Coastal Community Development)
  - Kerala Academy For Skill Excellence (KASE)

# 7

# ഉൾചേർന്നുള്ള വിദ്യാഭ്യാസം (Inclusive Education)

വൈവിധ്യങ്ങളുടേയും ബഹുസ്വരതയുടേയും നാടാണ് ഇന്ത്യ. വിവിധങ്ങളായ ഭാഷയും ജീവിതരീതിയും കലാസംസ്കൃതികളും ഉൾച്ചേർന്ന നമ്മുടെ നാട്ടിൽ – ജനങ്ങളുടെ വൈവിദ്ധ്യങ്ങളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോഴാണ്, ജനാധിപത്യ മൂല്യങ്ങളും ഭരണഘടനാ മൂല്യങ്ങളും പൗര സമൂഹത്തിന്റെ ജീവിത ഗുണതയെ കൂടുതൽ മെച്ചപ്പെടുത്തുന്നത്. ഒരു വ്യക്തിയെ വികസിപ്പിക്കുന്നതിൽ – സ്വഭാവ രൂപീകരണത്തിലും ശേഷി വികസനത്തിലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വലുതാണ്. ഓരോ കുട്ടിയും മൂന്നു വയസ്സിനുശേഷം ഉണർന്നിരിക്കുന്നതിൽ പകുതി സമയവും ചെലവിടുന്നത് ഏതെങ്കിലും തലത്തിലുള്ള വിദ്യാലയങ്ങളിലാണ്. അതുകൊണ്ടുതന്നെ കുട്ടിയുടെ വളർച്ചയിലും വികാസത്തിലും വിദ്യാലയങ്ങൾക്കും അദ്ധ്യാപകർക്കും പ്രാധാന്യം ഏറെയാണ്. തന്നെയുമല്ല, 100 ശതമാനം കുട്ടികൾക്കും – എല്ലാ വിഭാഗം കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുക എന്നത് മനുഷ്യാവകാശം കൂടി ആണ്.

ഭരണഘടനയും മനുഷ്യാവകാശ പ്രഖ്യാപനവും കുട്ടികളുടെ അവകാശ ഉടമ്പടിയും പോലെ തന്നെ വിദ്യാഭ്യാസ അവകാശ നിയമവും സലമാൻ പ്രഖ്യാപനവും (UNESCO Salamanca Statment) ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമവും എല്ലാം ഈ മേഖലയിൽ കുട്ടികൾക്കുള്ള അവകാശങ്ങൾ ഉറപ്പാക്കുന്നവയാണ്.

## 7.1 മനുഷ്യാവകാശ പ്രഖ്യാപനം

സ്വതന്ത്രനായി ജനിക്കുന്ന ഒരു വ്യക്തിക്ക് ലഭിക്കുന്ന അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ. 1948 ഡിസംബർ 10–ന് U.N.O. അംഗീകരിച്ച മനുഷ്യാവകാശ പ്രഖ്യാപനം:–

» എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുകയും പദവിയിലും അവകാശത്തിലും തുല്യത പുലർത്തുകയും ചെയ്യുന്നു.
» ജീവിക്കാനും സ്വാതന്ത്ര്യത്തിനും വ്യക്തി സുരക്ഷിതത്വത്തിനുമുള്ള അവകാശം.
» അടിമത്ത നിരോധനം. ആരെയും അടിമത്വത്തിന് വിധേയമാക്കരുത്.

അഭിപ്രായത്തിനും ആശയപ്രകടനത്തിനും സ്വാതന്ത്ര്യം, വിജ്ഞാനം സ്വീകരിക്കാനും പകരുവാനുമുള്ള സ്വാതന്ത്ര്യം തുടങ്ങി 29 അവകാശങ്ങൾ മനുഷ്യാവകാശങ്ങളായി നിലനിൽക്കുന്നു.

ഇതുപ്രകാരം 13 അന്തരാഷ്ട്ര മനുഷ്യാവകാശ ഉടമ്പടികൾ പ്രാബല്യത്തിൽ വന്നു. ഇതിൽ ഒമ്പതാമത്തെ ഉടമ്പടി – കുട്ടികളുടെ അവകാശ ഉടമ്പടി–1989ൽ നിലവിൽവന്നു. ഇതു പ്രകാരം കുട്ടികളുടെ അവകാശങ്ങൾ, അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിങ്ങനെ നാല് മേഖലകളിലായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ രണ്ടാമത്തെ മേഖലയായ വിദ്യാഭ്യാസം–വികസനം – കുട്ടികളിൽ, അന്തർലീനമായ ശേഷികൾ ഏറ്റവും ഉയർന്ന തലത്തിലേക്ക് വളർത്തിയെടുക്കുന്നതിനുള്ള സമഗ്രവികസന ഇടപെടലാണ് ഉദ്ദേശിക്കുന്നത്.

ഇതോടൊപ്പം:–

» ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പരിചരണം, സുരക്ഷ, എന്നീ അവകാശങ്ങൾ ഉറപ്പുവരുത്തുന്നു.
» നിയമാനുസരണമുള്ള എല്ലാ അവകാശങ്ങളും അവസരങ്ങളും പൂർണ്ണ പങ്കാളിത്തവും ഉറപ്പുവരുത്തണം.
» പൊതുവിദ്യാഭ്യാസ ധാരയിൽ തുല്യ അവകാശം നൽകുക.
» കായിക–കലാ–സാംസ്കാരിക വിനോദങ്ങൾക്ക് അവസരമൊരുക്കുക.
» ഗുരുതര വൈകല്യങ്ങൾ അനുഭവിക്കുന്നവർക്ക് പ്രത്യേക ആവശ്യങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കി പരിചരണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക.
» 18 വയസ്സുവരെ പ്രായമുള്ള ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കുക.
» വ്യത്യസ്ത വിഭാഗം ഭിന്നശേഷിക്കാർക്കും അവരുടെ സവിശേഷ പ്രകൃതം അനുസരിച്ചുള്ള പഠനാനുഭവങ്ങളും പഠന സാമഗ്രികളും ലഭ്യമാക്കുക.

## 7.2 ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവും

1909–ൽ ഗോപാലകൃഷ്ണഗോഖലെയുടെ നേതൃത്വത്തിൽ കൊണ്ടുവന്ന ഇന്ത്യൻ കൗൺസിൽ ആക്ട് തന്നെ ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കണമെന്ന് നിർദേശിച്ചിരുന്നു. 1944 ലെ സാർജന്റ് റിപ്പോർട്ട് വൈകല്യമുള്ള കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ഏക പോംവഴി അവർക്ക് വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണെന്ന് നിർദ്ദേശിച്ചു. 1964 ൽ കോത്താരി കമ്മീഷൻ വിദ്യാഭ്യാസ സംവിധാനം മെച്ചപ്പെടുത്തുന്നതിന് പ്ലാൻ ഓഫ് ആക്ഷൻ വേണമെന്ന് നിർദ്ദേശിച്ചു. 1948–ൽ പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ അവകാശം സംബന്ധിച്ച് –UN അന്താരാഷ്ട്ര സമ്മേളനത്തിൽ, വിദ്യാഭ്യാസം എല്ലാ കുട്ടികളുടെയും അവകാശമാണെന്ന് പ്രഖ്യാപിച്ചു. 1983 മുതൽ 1992 വരെ ഭിന്നശേഷി ദശാബ്ദവും (UN's Decade of Disabled Persons) വർഷവും ആചരിച്ചു.

## 7.3 ഇന്ത്യൻ ഭരണഘടനയുടെ സാധ്യതകൾ

ഇന്ത്യൻ ഭരണഘടന [ആർട്ടിക്കിൾ 14, 15, 17. 21(A), 29, 30, 45, 46, 51 A (k)] തുല്യത, മതം–ജാതി–ലിംഗ–വർഗ്ഗപരമായ വിവേചനമില്ലായ്മ, പ്രീ സ്ക്കൂൾ വിദ്യാഭ്യാസം, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം, 14 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള അവകാശം, നിർബന്ധിതമായ സ്ക്കൂൾ പ്രവേശനം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

**ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസം – ഇന്ത്യയിലെ ഇടപെടലുകൾ**

» 1964 ലെ കോത്താരി കമ്മീഷൻ
» 1974 ലെ ഭിന്നശേഷി കുട്ടികൾക്കുള്ള സംയോജിത വിദ്യാഭ്യാസ (Integrated Education for Disabled Children Scheme – IEDC) പദ്ധതി
» 1986 ലെ ദേശീയ വിദ്യാഭ്യാസനയം.
» 1987 ലെ ഭിന്നശേഷിക്കാർക്കുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി (Project on Integrated Education for Disabled)
» 1989–ലെ ഭിന്നശേഷിക്കാരുടെ അവകാശം സംബന്ധിച്ച് ഐക്യരാഷ്ട്രസഭയുടെ Convention on the Rights of Persons with Disabilities ഉടമ്പടി (UNCRPD).
» 1992–ലെ Rehabiliation Council Act Programme of Action

## 7.4 ക്ലാസ് മുറിയിലെ നിരക്ഷരതയും കൊഴിഞ്ഞുപോക്കും

ക്ലാസ് മുറിയിലെ "നിരക്ഷരത" മനസ്സിലാക്കാൻ വിദ്യാഭ്യാസരംഗത്ത് ഇന്നു നടന്നു കൊണ്ടിരിക്കുന്ന LSS, USS പരീക്ഷയുടെ മാർക്കും പ്രവർത്തനങ്ങളും ഒന്നു ആഴത്തിൽ പരിശോധിച്ചാൽ വ്യക്തമാവും നമ്മുടെ സ്കൂളുകളിൽ നിന്ന് 60 % മാർക്ക് കിട്ടിയവരാണ് 4ാം ക്ലാസിൽ നിന്ന് LSS പരീക്ഷയ്ക്കും എട്ടാം ക്ലാസിൽ നിന്ന് USS പരീക്ഷയ്ക്കും ഇരുത്തുന്നത്. ഇതിനായി ഇവർക്ക് പ്രത്യേകം കോച്ചിംഗ് നൽകി വരുന്നു. 25 % കുട്ടികൾ മാത്രമാണ് 60 ശതമാനം മാർക്ക് ലഭിക്കുന്നവരായി ഉള്ളത്. ബാക്കിയുള്ള 75 % കുട്ടികളും 60 %–ൽ താഴെ മാർക്കുള്ളവരാണ്. ഇതിൽ 15–25% കുട്ടികൾ മാത്രമാണ് 35% –നും 60 %–നും ഇടയിൽ മാർക്ക് ലഭിക്കുന്നവരായിട്ടുള്ളത്. ബാക്കിയുള്ള 50% കുട്ടികളും 35% മാർക്കിൽ താഴെ അതായത് D grade–ൽ താഴെയുള്ളവരാണ്. ഇതിൽ തന്നെ LSS–USS പരീക്ഷ എഴുതിയ 25 %–ൽ തന്നെ എത്രപേർ അത് വിജയിച്ച വരുന്നുവെന്ന കണക്കുകൂടി പരിശോധിക്കുമ്പോഴാണ് ഇതിന്റെ യഥാർത്ഥ ചിത്രം വ്യക്തമാകുന്നത്.

### 7.4.1 പഠന പിന്നോക്കാവസ്ഥ

കേരളത്തിലെ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന തിന്റെ ഭാഗമായി പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ തിരിച്ചറിയേണ്ടതുണ്ട്. ഏക രക്ഷാകർതൃത്വം, രക്ഷിതാക്കളുടെ അമിത മദ്യപാനം, കുടുംബ വഴക്ക്, വീട്ടിലെ അക്രമങ്ങൾക്ക് പരിഹാരത്തിന് വേണ്ടത്ര സൗകര്യമില്ലായ്മ, രക്ഷിതാക്കളുടെ ശ്രദ്ധാക്കുറവ്, പഠനത്തിൽ നേരിടുന്ന ബുദ്ധിമുട്ട്, മറ്റു കുട്ടികൾക്ക് ഒപ്പമെത്താൻ കഴിയാതെ വരുന്ന അവസ്ഥ, കുട്ടികളുടെ ആത്മവിശ്വാസക്കുറവ്, രക്ഷിതാക്കളുടെ തൊഴിലില്ലാത്ത അവസ്ഥ, കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ട് തുടങ്ങിയവയെല്ലാം പഠന പിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നുണ്ട്. വ്യക്തി ശുചിത്വം പാലിക്കാതിരിക്കുക, ലഹരി ഉപയോഗിക്കുക തുടങ്ങിയ പ്രവണതകളും കണ്ടുവരുന്നുണ്ട്. ഓട്ടിസം, ബുദ്ധി പരിമിതി, പഠന വൈകല്യം, ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ബുദ്ധിമുട്ട് എന്നിവയും പഠന പിന്നോക്കാവസ്ഥയ്ക്ക് കാരണങ്ങളാണ്. പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നഗരസഭ തലത്തിൽ പദ്ധതികൾ ഉണ്ടാകേണ്ടതാണ്. വ്യക്തിഗത പഠനബോധന പരിശീലനം സാധ്യമാക്കുന്നതിനായി റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കേണ്ടതാണ്. ശാസ്ത്രീയമായ കൗൺസിലിംഗ്, കുട്ടികളിലെ അനാരോഗ്യ പ്രവണതകൾ ഇല്ലാതാക്കുന്നതിനുള്ള ബോധവൽക്കരണം, ആരോഗ്യ

സംരക്ഷണത്തിന് ഉതകുന്ന ബോധവൽക്കരണം എന്നിവ ആരോഗ്യ പ്രവർത്തകരുടെ സഹകരണത്തോടെ നടത്താൻ കഴിയണം. പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിൽ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും വലിയ പങ്കാണ് വഹിക്കാനുള്ളത്. രക്ഷിതാക്കളുമായി നിരന്തരമായി അദ്ധ്യാപകർ ബന്ധപ്പെടുന്നതിനുള്ള സംവിധാനം ഒരുക്കണം. നവകേരളം 2 പദ്ധതിയിൽ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്. പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനും സഹായിക്കും. ആകയാൽ പൊതുവിദ്യാഭ്യാസ വകുപ്പും നഗരസഭകളും ചേർന്ന് ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. വിദ്യാഭ്യാസ പ്രവർത്തകരുടെ സഹകരണത്തോടെ നൂതന പ്രൊജക്റ്റായും (Innovative Project) ഏറ്റെടുക്കാവുന്നതാണ്.

### 7.4.2 കൊഴിഞ്ഞുപോക്ക്

കഴിഞ്ഞ വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളുടെ പഠനസൗകര്യങ്ങളിൽ ഉണ്ടായ കുതിച്ചുചാട്ടത്തോടെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞതായി കാണാം. എങ്കിലും പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ഇടയിൽ കുട്ടികൾ സ്കൂളിൽ വരാതിരിക്കാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. അദ്ധ്യാപകരുടെയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി പിടിഎ എന്നിവയുടെയും നിതാന്ത ജാഗ്രത ഇക്കാര്യത്തിൽ ഉണ്ടാകണം.

## 7.5 ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ ദർശനം

» തുല്യപരിഗണന
» തുല്യ അവസരം
» വേർതിരിവില്ലാതെ പൊതുവിദ്യാഭ്യാസം പങ്കിടാൻ അവസരം
» കുട്ടിയുടെ ആവശ്യമനുസരിച്ച് വിദ്യാലയ അനുരൂപീകരണം
» ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം
» ഓരോ കുട്ടിയും വ്യത്യസ്തമാണ്
» പഠന പ്രവർത്തനത്തിൽ പൂർണ്ണ പങ്കാളിത്തം

### 7.5.1ലക്ഷ്യം

» എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം
» സാഹോദര്യം വളർത്തൽ
» അവകാശ സംരക്ഷണം
» ജീവിതത്തിലുണ്ടാവുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കൽ എന്നിവയാണ്

### 7.5.2 ഇന്ത്യയിലെ ഇടപെടലുകൾ

നിലവിലെ അവസ്ഥ പരിശോധിച്ചാൽ പൊതു വിദ്യാഭ്യാസ ധാരയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികളെ അകറ്റിനിർത്തുന്ന പ്രധാന ഘടകങ്ങൾ ഇനി പറയുന്നതാണെന്ന് കാണാം:-

» വിവിധ വിഭാഗം ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുടെ

അഭാവം,

» മാതാപിതാക്കളുടെ പിന്നോക്കാവസ്ഥ, നിസ്സഹായവസ്ഥ.
» ആരോഗ്യ പ്രശ്നങ്ങൾ – ശാരീരികവും മാനസികവും
» പെൺകുട്ടികളായ ഭിന്നശേഷിക്കാരുടെ പ്രത്യേക പ്രശ്നങ്ങൾ
» പൊതു വിദ്യാലയങ്ങളിൽ നിന്ന് ഒറ്റപ്പെട്ട നിൽക്കുന്ന ബഡ്സ് സ്ക്കുളുകൾ.
» സ്ക്കുളുകളിൽ എത്തിപ്പെടാൻ പറ്റാത്ത അവസ്ഥ.
» ലൈംഗിക ദുരുപയോഗവും ചൂഷണവും
» ഓരോ കുട്ടിയുടെയും ശേഷിയും അഭിരുചിയും അനുസരിച്ചുള്ള കരിക്കുലത്തിന്റെ അഭാവം
» അദ്ധ്യാപകശേഷിയുടെ പരിമിതികൾ
» വൈവിധ്യം പരിഗണിക്കാത്ത പഠനരീതി
» ഓരോരുത്തരുടേയും സവിശേഷതകൾക്കനുസൃതമായ പഠനസഹായികളുടെ അഭാവം.

### 7.5.3 പ്രശ്നങ്ങൾ വെല്ലുവിളികൾ

» മാനസിക വെല്ലുവിളി നേരിടുന്നവർ, ശ്രവണ പരിമിതിയുള്ളവർ, ദൃശ്യ പരിമിതിയുള്ളവർ, ന്യൂറോ മസ്ക്കുലർ പ്രശ്നങ്ങൾ ബാധിച്ചവർ, ശ്രദ്ധാ കേന്ദ്രീകരിക്കാൻ കഴിയാത്ത കുട്ടികൾ തുടങ്ങി 21 വിഭാഗം കുട്ടികൾ ഈ മേഖലയിൽ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.
» ക്ലാസ് മുറികളിലും സ്ക്കുളിലും സമൂഹത്തിലെ ഇതര മേഖലകളിലും പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് പല പ്രശ്നങ്ങളും നേരിടേണ്ടി വരുന്നുണ്ട്.
» ഉൾച്ചേർന്ന പഠനപ്രക്രിയയിൽ ക്ലാസ് മുറിയിൽ ഇവർക്ക് മറ്റു കുട്ടികളോടൊപ്പം പാഠഭാഗങ്ങൾ ഒരേ രീതിയിൽ ഉൾക്കൊള്ളുന്നതിന് ബുദ്ധിമുട്ടുണ്ടാവാം.
» ആവശ്യമായ പിന്തുണാ സംവിധാനങ്ങളും സവിശേഷ പ്രകൃതത്തിനനുസരിച്ച് പഠനോപകരണങ്ങളും ഉപാധികളും ഇരിപ്പിട സംവിധാനങ്ങളും ടോയ്‌ലറ്റ് സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്.
» ഗാർഹിക സാഹചര്യങ്ങളും രക്ഷിതാക്കളുടെ മാനസിക സമ്മർദ്ദവും വെല്ലുവിളി ഉയർത്തുന്നു.
» സഹതാപ പ്രകടനങ്ങളും പെരുമാറ്റങ്ങളും ഇവരുടെ ആത്മവിശ്വാസത്തെ കെടുത്തുന്നു.
» കേവലമായ ആരോഗ്യ പരിശോധനക്കപ്പുറം സ്ഥിരമായ ആരോഗ്യ പിന്തുണാ സംവിധാനം വേണ്ടിവന്നേക്കാം.
» രക്ഷാകർത്താക്കളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് കൗൺസിലിംഗ്, പ്രോത്സാഹനം, ആത്മവിശ്വാസം പകർന്നു നൽകൽ എന്നിവയും അത്യാവശ്യമാണ്. പിന്തുണാ സംവിധാനം കുടുംബത്തിനും വേണ്ടി വരും.
» സാമ്പത്തിക പിന്തുണാ സംവിധാനം പര്യാപ്തമാവേണ്ടതുണ്ട്.
» ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഓരോ കുട്ടിയുടെ സവിശേഷ പ്രകൃതത്തിനനുസരിച്ച് കുടുംബത്തിലും വിദ്യാലയങ്ങളിലും ഒരുക്കേണ്ടതുണ്ട്.
» അദ്ധ്യാപകരുടെ മനോഭാവത്തിലും പെരുമാറ്റത്തിലും അടിസ്ഥാനപരമായ മാറ്റം വരുത്തുന്നതിനുള്ള പ്രത്യേക പരിശീലനങ്ങൾ നൽകേണ്ടതുണ്ട്.

**കേരളത്തിലെ സവിശേഷ വിദ്യാലയങ്ങളിലെ കുട്ടികളുടെ സ്ഥിതിവിവരകണക്ക് 2020–21:**

| വിഭാഗം | കുട്ടികൾ – എണ്ണം |
|---|---|
| ശ്രവണ പരിമിതി | 2354 |
| ബുദ്ധി പരിമിതി | 25303 |
| കാഴ്ച പരിമിതി | 386 |

*കടപ്പാട് – (scert പഠന റിപ്പോർട്ട് കരട്)*

സമഗ്ര ശിക്ഷാ കേരളം 3000 സവിശേഷ അദ്ധ്യാപകരെ 13,000 വിദ്യാലയങ്ങളിലായി വിന്യസിപ്പിച്ചിട്ടുണ്ട്.

സ്കൂളിലെത്താൻ പറ്റാത്ത കുട്ടികൾക്ക് വീട്ടിലെത്തി സേവനം നൽകുന്നതിന് അദ്ധ്യാപകരെ സമഗ്രശിക്ഷാ കേരളം ചുമതലപ്പെടുത്തിയിട്ടുണ്ട്.

| 2018 – 19 | L.P | 5-8 class | 9-12 |
|---|---|---|---|
| കുട്ടികൾ | 41181 | 23437 | 25000 |
| ബുദ്ധി പരിമിതി | 14115 | 6295 | ലഭ്യമല്ല |

*അവലംബം: scert പഠന റിപ്പോർട്ട് (കരട്)*

## 7.6 കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ

### 7.6.1 കോവിഡ് കാലത്തെ വെല്ലുവിളികൾ

എല്ലാ കുട്ടികളും കോവിഡ് കാലത്ത് വീട്ടിലടച്ചിരിക്കുന്ന സാഹചര്യം നിലനിന്നിരുന്നു. 2020 മാർച്ച് മുതൽ ഡിജിറ്റൽ പഠനത്തിന്റെ സാഹചര്യം ഗുരുതരമായ വെല്ലുവിളിയാണ് വിദ്യാഭ്യാസരംഗത്ത് ഉയർത്തിയിട്ടുള്ളത്. കുട്ടികൾക്ക് – ഡിജിറ്റൽ പഠനം പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ കാര്യത്തിൽ – പൊതുവിദ്യാലയങ്ങളിലോ, പ്രത്യേക സ്കൂളിലോ പോയി പഠിച്ചിരുന്നവർ വീണ്ടും ലോക്ക്ഡൗണിന്റെ ഫലമായി വീടിനുള്ളിൽ അടയ്ക്കപ്പെട്ടപ്പോൾ അവർ ഇതുവരെ ആർജ്ജിച്ച വികസന സാധ്യതകളിൽ നിന്നും പിന്നോക്കം പോയി. ഗൃഹാന്തരീക്ഷത്തിലെ അരക്ഷിതാവസ്ഥയും മാനസിക സമ്മർദ്ദം അനുഭവിക്കുന്ന രക്ഷിതാക്കളുടെ സൗഹൃദമല്ലാത്ത പെരുമാറ്റവും അവർക്ക് വീർപ്പുമുട്ടൽ ഉണ്ടാക്കി. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ സാധ്യമാകുന്ന കുട്ടികൾക്കെങ്കിലും ഇത്തരം അവസ്ഥകളിൽ നിന്നുള്ള മോചനം ഒരുക്കേണ്ടതുണ്ട്. ഇതുപോലെതന്നെ പട്ടികജാതി, പട്ടികവർഗ്ഗ മേഖലയിലെ കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങളും സവിശേഷ ശ്രദ്ധയർഹിക്കുന്നു. 100% ഉൾച്ചേർക്കുക എന്ന ആശയത്തിൽ ഇവരുടെ പ്രശ്നങ്ങൾ കൂടി നഗരസഭകളിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിഗണിക്കേണ്ടതുണ്ട്.

Table 6.1.5 Districtwise Dropout Ratio in 2019-20

| District | SC | ST | Others | Total |
|---|---|---|---|---|
| Thiruvananthapuram | 0.17 | 0.52 | 0.12 | 0.15 |
| Kollam | 0.07 | 0.21 | 0.05 | 0.06 |
| Pathanamthitta | 0.00 | 0.11 | 0.10 | 0.00 |
| Alappuzha | 0.02 | 0.00 | 0.02 | 0.02 |
| Kottayam | 0.12 | 0.50 | 0.09 | 0.11 |
| Idukki | 0.44 | 1.58 | 0.14 | 0.30 |
| Ernakulam | 0.14 | 1.04 | 0.17 | 0.19 |
| Thrissur | 0.02 | 0.15 | 0.02 | 0.02 |
| Palakkad | 0.19 | 1.03 | 0.10 | 0.15 |
| Malappuram | 0.04 | 2.32 | 0.05 | 0.07 |
| Kozhikode | 0.10 | 1.57 | 0.08 | 0.10 |
| Wayanad | 0.06 | 1.77 | 0.08 | 0.50 |
| Kannur | 0.01 | 0.34 | 0.05 | 0.06 |
| Kasaragode | 0.44 | 1.59 | 0.04 | 0.12 |
| Total | 0.13 | 1.16 | 0.07 | 0.11 |

### 7.6.2 പട്ടികജാതി വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ

കേരളത്തിലെ സാമൂഹ്യവ്യവസ്ഥയിൽ പട്ടികജാതി വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥയ്ക്ക് ഉള്ള കാരണങ്ങൾ:-

» ചരിത്രപരമായ പിന്നോക്കാവസ്ഥ
» സാമൂഹ്യമായ ഒറ്റപ്പെടൽ
» ഭൂവുടമസ്ഥതയോ, സാമ്പത്തികമോ ഇല്ല
» മാതാപിതാക്കളുടെ പിന്നോക്കാവസ്ഥ, അരക്ഷിതാവസ്ഥ
» തൊഴിൽ വൈദഗ്ധ്യക്കുറവ്
» അരക്ഷിതാവസ്ഥ - കുടുംബത്തിലും പൊതുഇടങ്ങളിലും
» ലൈംഗികചൂഷണത്തിന് ഇരയാവുന്നു
» ഒറ്റമുറി വീടുകളിലും കോളനികളിലും കഴിയുന്ന കുട്ടികളുടെ സവിശേഷ പ്രശ്നങ്ങൾ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ:- ഒറ്റപ്പെട്ട ജീവിതരീതി - സാമൂഹ്യമായ ഒറ്റപ്പെടൽ, വൈവിധ്യമാർന്ന ജീവിതശൈലി
» മറ്റുള്ളവരിൽ നിന്ന് അനുചിതമായ പെരുമാറ്റവും ലൈംഗിക ചൂഷണവും

### 7.6.3 മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ

മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ കുറച്ചുകൂടി വ്യത്യസ്തമാണ്. തീരദേശ മേഖലയിൽ

കടലിന്റെ സാന്നിദ്ധ്യം ഒരു വശത്ത്, തൊഴിൽ ലഭ്യത മറുവശത്ത്. അപകടകരമായ ജീവിത സാഹചര്യം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുണ്ടാവുന്ന പ്രകൃതി ദുരന്തങ്ങളും കടലാക്രമണവും ജീവിതത്തെ അനിശ്ചിതത്തിലാക്കുന്നു. കൂടാതെ,

» 20 ശതമാനം പേർക്കും ഭൂമിയില്ല.
» വീട്ടിൽ നിന്ന് ശ്രദ്ധ കിട്ടാത്ത കുട്ടികൾ
» വിദ്യാഭ്യാസ സൗകര്യങ്ങളുടെ അഭാവം
» സാമ്പത്തികവും സാമൂഹികവുമായ അരക്ഷിതാവസ്ഥ
» രക്ഷിതാക്കളുടെ പിന്നോക്കാവസ്ഥ

എന്നിവയെല്ലാം ഈ മേഖലയിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികളാണ്.

ഇത്തരത്തിൽ ഓരോ വിഭാഗം കുട്ടികളുടെയും സവിശേഷ സാഹചര്യം കണക്കിലെടുത്തുകൊണ്ട് സമഗ്രമായ ഇടപെടൽ വിദ്യാഭ്യാസ മേഖലയിൽ നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടതുണ്ട്.

ബഹുസ്വരതയും വൈവിധ്യങ്ങളും അംഗീകരിച്ചുകൊണ്ട്, ജനാധിപത്യ മൂല്യങ്ങളും സാമൂഹികനീതിയും ലിംഗനീതിയും ഉറപ്പാക്കി, എല്ലാ വിഭാഗങ്ങൾക്കും വളരുന്നതിനും വികസിക്കുന്നതിനും പങ്കാളിത്തത്തോടെ അവകാശാധിഷ്ഠിത സമീപനത്തിലൂടെ അവസരങ്ങൾ സൃഷ്ടിക്കുക എന്നത് നഗരസഭാ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. പ്രഗൽഭരായ അദ്ധ്യാപകരെയും മറ്റു വിദ്യാഭ്യാസ വിദഗ്ധരേയും ചേർത്തുകൊണ്ട് നഗരസഭാ വിദ്യാഭ്യാസസമിതിക്ക് രൂപം കൊടുക്കാം. ഇവരുടെ മേൽനോട്ടത്തിൽ – വിദ്യാഭ്യാസ മേഖലയിൽ പിന്നോക്കം പോയിട്ടുള്ളവരുടെ കൃത്യമായ വിവരശേഖരണം നടത്തി യഥാർത്ഥ കാരണം കണ്ടെത്തി അവയ്ക്കു പരിഹാരം കാണുന്നതിനുള്ള ഇടപെടലുകളും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയും വേണം.

### 7.6.4 എന്തെല്ലാം ഇടപെടലുകൾ

1. കൃത്യമായ വിവരശേഖരണം ആരിൽനിന്ന് – ആശാവർക്കർ, അങ്കണവാടി വർക്കർ, (ഭിന്നശേഷി വിഭാഗം) ഐ.സി.ഡി.എസ്., സി.ഡി.പി.ഒ., എസ്.സി.–എസ്.ടി. പ്രൊമോട്ടർമാർ, കുടുംബശ്രീ – സി.ഡി.എസ്., വാർഡ് കമ്മിറ്റികൾ – ഇവരിൽനിന്ന് വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരണം.
2. സ്കൂളുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം പരിശോധിക്കണം. കുട്ടികളോട് ചോദിക്കാം. രക്ഷിതാക്കളോട് ചോദിക്കാം. ഓരോ ക്ലാസ്സിലും 100 ശതമാനം കുട്ടികളും മിനിമം പഠനശേഷി ആർജ്ജിച്ചിട്ടുണ്ടോ എന്ന് നഗരസഭാ വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ പരിശോധിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ S.S.K.–യുടെ നേതൃത്വത്തിൽ അദ്ധ്യാപക പരിശീലനം സജീവമാക്കാം.
3. കുട്ടികളുടെ സവിശേഷ പശ്ചാത്തലം പരിശോധിക്കാം. അതിനായി School Counsellor, School Health Nurse, അദ്ധ്യാപകർ, അദ്ധ്യാപക–രക്ഷാകർതൃ സമിതി, CDPO എന്നിവരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ട് ഭിന്നശേഷി വിഭാഗക്കാർക്ക് വേണ്ട സവിശേഷ പാക്കേജ് തയ്യാറാക്കുക – അതിൽ അവരുടെ ആരോഗ്യം, വിദ്യാഭ്യാസം, പുനരധിവാസം, വിനോദ ഉപാധികൾ, രക്ഷിതാക്കൾക്ക് കൗൺസിലിംഗ്, വരുമാനമാർഗ്ഗം എന്നിവ ഉൾപ്പെടുത്തി സമഗ്ര പദ്ധതിയാക്കി ചെയ്യേണ്ടതുണ്ട്.

4. എസ്.സി./എസ്.ടി. പ്രമോട്ടർമാരിൽ നിന്ന് ഈ മേഖലയിലെ കുട്ടികളുടെ സവിശേഷ സാഹചര്യങ്ങളും പഠന പിന്നോക്കാവസ്ഥയും സാമ്പത്തിക പിന്നോക്കാവസ്ഥയും – സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി വാങ്ങി പരിഹാര നടപടികൾ സ്വീകരിക്കാവുന്നതാണ്. അതിലും ആരോഗ്യം, വിദ്യാഭ്യാസം, കുടുംബാന്തരീക്ഷം, സാമൂഹിക സാഹചര്യം, കാര്യശേഷി വികസനം, ഭാഷാശേഷി വികസനം, എന്നീ മേഖലകളെ ഉൾപ്പെടുത്തി പ്രത്യേക പാക്കേജ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി റെമഡിയൽ കോച്ചിംഗ്, സമഗ്ര ശിക്ഷാ കേരളം, പഠനമുറി, കമ്പ്യൂട്ടർ പദ്ധതി, സ്കൂൾ കൗൺസിലിംഗ്, മലയാളം കൈത്താങ്ങ്, ഗണിതം മധുരം, എന്നീ സമാന്തര വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട് ചെയ്യാവുന്നതാണ്.

### 7.6.5 ഗോത്ര വിഭാഗത്തിലെ കുട്ടികൾ

ഗോത്ര വിഭാഗത്തിലെ കുട്ടികൾ – പ്രത്യേകവും സവിശേഷവുമായ ഇടപെടൽ ആവശ്യമാണ്. പ്രത്യേക പഠന സംവിധാനം – രാവിലെയും വൈകിട്ടും ഭാഷ അറിയുന്ന മെന്റർമാരെ നിയോഗിച്ചുകൊണ്ട് ചെയ്യാവുന്നതാണ്. പി.എച്ച്.സി. യുമായി ബന്ധപ്പെട്ട് ആരോഗ്യ പരിശോധനാ ക്യാമ്പ് നടത്താം. അദ്ധ്യാപകർക്ക് – പരിശീലനം – ഈ കുട്ടികളുടെ സവിശേഷതകൾ മനസ്സിലാക്കി – മെന്റർ (ഫെസിലിറ്റേറ്റർ) ആയി സ്വയം പഠിക്കുന്നതിന് എങ്ങനെ സഹായിക്കാം എന്ന രീതിയിൽ പരിശീലനം നൽകി ഇടപെടാം. ഉദാഹരണത്തിന് നൂൽപ്പുഴ പഞ്ചായത്ത് നടപ്പിലാക്കിയ 'കൺമണി' പദ്ധതി ഏറെ ശ്രദ്ധയാകർഷിച്ച പ്രവർത്തനമാണ്. വയനാട് ജില്ലയിലെ നൂൽപ്പുഴ പഞ്ചായത്തിൽ ട്രൈബൽ മേഖലയിൽ നടത്തിയ പദ്ധതിയാണ് കൺമണി. കുട്ടികളെ അവർ പഠിപ്പിച്ചില്ല. കുട്ടികൾ സ്വയം പഠിച്ചു. പക്ഷെ ദിവസവും ഈ കുട്ടികൾക്ക് അവർ ഒരു സമ്മാനം നൽകണം – അതിനായി കുട്ടിയിൽ എന്തെങ്കിലും നല്ല ഗുണം അദ്ധ്യാപകർ കണ്ടെത്തണം. അതിനായി അവർ കുട്ടിയെ സൂക്ഷ്മമായി നിരീക്ഷിക്കണം. തന്നെയുമല്ല കുട്ടികളുടെ രക്ഷിതാക്കളോട് 15 മിനിട്ട് ഫോണിൽ സംസാരിക്കണം ദിവസവും. കുട്ടിയുടെ പഠനത്തെക്കുറിച്ചായിരിക്കണം സംസാരിക്കേണ്ടത്. ഇത്തരത്തിൽ അദ്ധ്യാപകരെ സജ്ജമാക്കിയും കുട്ടികൾക്ക് സ്വതന്ത്രമായി – ആൺ/പെൺ വേർതിരിവില്ലാതെ ചർച്ചചെയ്തും പ്രവർത്തനങ്ങൾ ചെയ്തും പഠിക്കുന്നതിനുള്ള അവസരം ഉണ്ടാക്കി കൊടുക്കലാണ് പഞ്ചായത്ത് ചെയ്തത്. ഇതിലൂടെ കുട്ടികളുടെ സ്വഭാവത്തിലും പഠന രീതിയിലും ഗുണകരമായ മാറ്റം കൊണ്ടുവരാൻ കഴിഞ്ഞതിനുപുറമേ കുട്ടികളുടെ കുടുംബാന്തരീക്ഷത്തിലും കുറെ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സാധിച്ചു.

ഇങ്ങനെയുള്ള കുറെ പദ്ധതികൾ വിദ്യാഭ്യാസരംഗത്ത് ഉചിതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് മുന്നേറുന്നുണ്ട്. ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ 903 കുട്ടികളിൽ പഠനം നടത്തി.

കുട്ടികളുടെ ജീവിത സാഹചര്യങ്ങളും സ്കൂളിലെ അദ്ധ്യയന താല്പര്യങ്ങളും പരസ്പര ബന്ധിതമാണ്. ഇവയെ കൂട്ടിയിണക്കി പൂരകമാക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് മെന്റർമാപ്പിംഗ്. കുട്ടികളുടെ വിവിധങ്ങളായ കഴിവുകളും അഭിരുചികളും പരിമിതികളും ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തുക എന്നതാണ് പരമമായ ലക്ഷ്യം. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള പഠനകാലത്ത് (6 മുതൽ 13 വയസ്സ്) കുട്ടികളുടെ ശാരീരിക –മാനസിക–ബൗദ്ധിക ശേഷിയെ സംബന്ധിച്ച് ശാസ്ത്രീയ പഠനത്തിലൂടെ വിലയിരുത്തൽ നടത്തി കുറവുകൾ പരിഹരിക്കുകയും പഠനാഭിമുഖ്യത്തിലേക്ക് കൊണ്ടുവരുന്നതിനുമുള്ള

ശ്രമമാണ് മെന്റർ മാപ്പിംഗിലൂടെ നടപ്പാക്കിയത്. ആരോഗ്യ വിദ്യാഭ്യാസ മനഃശാസ്ത്ര രംഗത്തെ വിദഗ്ധരുടെ സഹകരണത്തോടെയാണ് ഈ പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി പ്രത്യേക പരിചരണവും കരുതലും വേണ്ട കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് വിദഗ്ധ പരിചരണം ഉറപ്പാക്കുന്നതിന് സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിക്കുകയും മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും സ്ഥിരമായി കൗൺസിലറുടെ സേവനം ലഭ്യമാക്കുകയും ചെയ്തു.

**വെള്ളിയാമറ്റം പഞ്ചായത്ത്** – 15 വാർഡുകൾ ട്രൈബൽ സെറ്റിൽമെന്റായി 14 ഊരുകൂട്ടങ്ങൾ, ഏഴിൽ കൂടുതൽ പട്ടികജാതി സങ്കേതങ്ങളും പഞ്ചായത്തിലുണ്ട്. 5 സർക്കാർ സ്കൂളുകളും 4 എയിഡഡ് സ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ബഹുഭൂരിപക്ഷം വരുന്ന ആദിവാസി കുട്ടികളും പഠനത്തിനായി സർക്കാർ സ്കൂളുകളെ ആശ്രയിക്കുന്നു. കുട്ടികളിൽ കണ്ടെത്തിയ പഠന പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ – അവരുടെ ഗാർഹികാന്തരീക്ഷം പരിസര സാഹചര്യങ്ങൾ, രക്ഷിതാക്കളും കുട്ടികളുമായുള്ള ബന്ധം, അദ്ധ്യാപകരും കുട്ടികളുമായുള്ള ബന്ധം, ഭക്ഷണശീലവും പോഷക ലഭ്യതയും. തുടങ്ങിയ ഘടകങ്ങൾ കണ്ടെത്തി. ഇത് പരിഹരിക്കുന്നതിനായി 'മനഃശാസ്ത്ര വിദ്യാഭ്യാസ സഹായ പദ്ധതി' എന്ന നിലയിലാണ് മെന്റർ മാപ്പിംഗ് എന്ന പദ്ധതിയിലേക്ക് എത്തിച്ചേർന്നത്.

ഇവിടെ നടപ്പാക്കിയ മറ്റൊരു പദ്ധതിയാണ് "അരുത്" ബാലസുരക്ഷാ കാമ്പയിൻ. സ്കൂൾ കൗൺസിലർ മെറിന്, കുട്ടികളുടെ ലൈംഗിക ചൂഷണവുമായി ബന്ധപ്പെട്ട് ആറു കേസ്സുകളിൽ ഇടപെടേണ്ടി വന്നു. അവരുടെ അനുഭവത്തിൽ 10 വയസ്സുമുതൽ പെൺകുട്ടികളും ആൺകുട്ടികളും സവിശേഷമായ മാനസിക സമ്മർദ്ദത്തിനിരയാവുന്ന തരത്തിൽ സാമൂഹ്യവിരുദ്ധരുടെ ഇടപെടൽ ഉണ്ടാവുന്നു എന്ന് തിരിച്ചറിയുന്നു. ഇത് പരിഹരിക്കുന്നതിന് നടത്തിയ വിപുലമായ ബോധവൽക്കരണ കാമ്പയിൻ ആണ് 'അരുത് സുരക്ഷാപദ്ധതി'. പഞ്ചായത്തിലെ ഓരോ കുട്ടിയുടേയും സുരക്ഷ അവിടത്തെ ഓരോ വ്യക്തിയുടേയും ഉത്തരവാദിത്വമാണ് എന്നതായിരുന്നു കാമ്പയിന്റെ മുദ്രാവാക്യ. ആരോഗ്യ വകുപ്പ്, പോലീസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യസുരക്ഷാ വകുപ്പ്, പഞ്ചായത്ത് ഇവയൊന്നിച്ചു നിന്ന് പ്രവർത്തനം ചിട്ടപ്പെടുത്തി. ഇതിന്റെ ഭാഗമായി കുട്ടികളെ ട്രാപ്പിലാക്കുവാൻ ശ്രമിക്കുന്നവരോട് 'അരുത് എന്ന് പറയാൻ പൊതുസമൂഹം സജ്ജമായി.

ഇതിന്റെ ഭാഗമായി സ്കൂളിന്റെ ശക്തമായ കരുതൽ മൂലം കുട്ടികൾക്ക് ആത്മവിശ്വാസം വർദ്ധിച്ചു. ചെറിയ കാര്യങ്ങളിൽപ്പോലും അദ്ധ്യാപകരോടും കൗൺസിലറോടും പ്രശ്നങ്ങൾ പങ്കുവയ്ക്കുവാൻ തയ്യാറായി. കുട്ടികളുടെ പഠന പിന്നോക്കാവസ്ഥയിൽ മാറ്റംവന്നു. ടി. പദ്ധതിക്ക് ശേഷം പൂമാല സ്കൂളിൽനിന്ന് കുട്ടികൾക്കെതിരെ ചൂഷണത്തിന്റെ കേസുകൾ ഉണ്ടായില്ല എന്നതും ശ്രദ്ധേയമാണ്.

### 7.6.6 കോവിഡ് – കാലം – ഓൺലൈൻ പഠനം

കോവിഡ് കാലത്ത് ഓൺലൈൻരീതിയിൽ നടത്തിയ ക്ലാസുകൾ ഏറെ പരിമിതികൾ ഉള്ളതായിരുന്നു. ഓൺലൈൻ ക്ലാസുകൾ ഈ കാലഘട്ടത്തിൽ അനിവാര്യമായിരുന്നു. എന്നാൽ കുട്ടി ഒരു വിദ്യാലയ വർഷത്തിൽ പഠിക്കേണ്ടിയിരുന്ന പാഠ്യപദ്ധതിയുടെ – വിവധ വിഷയങ്ങളുടെ ഉള്ളടക്കത്തിന്റെ 20 ശതമാനം വരെയെ കുട്ടിക്ക് പരമാവധി ലഭിച്ചിരുന്നുള്ളൂ.

ഒരുപക്ഷേ കുട്ടിക്ക് അസൈൻമെന്റുകളോ ആക്ടിവിറ്റിയോ കൊടുക്കുന്നുണ്ടാവാം.

പക്ഷേ അത് ചെയ്യാൻ കുട്ടിയെ സഹായിക്കാൻ കഴിയുന്ന എത്ര രക്ഷിതാക്കൾ ഉണ്ടാകാമെന്ന് വിലയിരുത്തുമ്പോഴാണ് ഓരോ കുട്ടിയും ഉൾപ്പെടുന്ന വിഷമവൃത്തം എത്ര വലുതായിരുന്നുവെന്നു മനസ്സിലാവുക.

നേരിയ ശതമാനം കുട്ടികൾ ചിലപ്പോൾ ലോക്ഡൗൺ കാലത്ത് വ്യത്യസ്ത പ്രവർത്തനങ്ങൾ നടത്തുകയും പഠനമികവ് ആർജ്ജിക്കുകയും ചെയ്തിട്ടുണ്ടാകാം. പക്ഷേ ഭൂരിപക്ഷം കുട്ടികളും ഇതിന് പുറത്താണ് എന്ന യാഥാർത്ഥ്യം വിദ്യാഭ്യാസമേഖലയിലെ വലിയ വെല്ലുവിളിയാണ്. ഇത്തരം സാഹചര്യങ്ങളിൽ ഇത് പരിഹരിക്കാൻ നഗരസഭകളുടെ സവിശേഷവും ബോധപൂർവ്വമായ ഇടപെടൽ അത്യാവശ്യമാണ്.

ഇതിനായി – റിട്ട. അദ്ധ്യാപകർ, വിദ്യാഭ്യാസ മേഖലയിൽ താല്പര്യമുള്ള വിദഗ്ധർ, ഐ.ടി. മേഖലയിലെ വിദഗ്ധർ എന്നിവരെ ചേർത്തുകൊണ്ട് നഗരസഭാ വിദ്യാഭ്യാസ സമിതി രൂപീകരിക്കേണ്ടതുണ്ട്. അനുയോജ്യമായ മാർഗങ്ങളിലൂടെ ഫലപ്രദമായ രീതിയിൽ പിന്തുണാ സംവിധാനങ്ങൾ ഒരുക്കണം.

നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന അദ്ധ്യാപകരെയും ഇതിനായി വിനിയോഗിക്കാം. ഇതിനുള്ള സാമ്പത്തികം നഗരസഭയുടെ ഫണ്ടിൽ നിന്നോ സംഭാവനയിലൂടെയോ കണ്ടെത്താവുന്നതാണ്. കുട്ടിക്ക് രസകരമായ രീതിയിൽ പഠനാനുബന്ധ പ്രവർത്തനങ്ങൾ നൽകാവുന്നതാണ്.

» കുട്ടികളുടെ പീയർ ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് – ഉദാഹരണത്തിന് 8, 9, 10 ക്ലാസുകളിലെ കുട്ടികളുടെ ഗ്രൂപ്പാക്കുക – അവർക്ക് പഠന പ്രവർത്തനങ്ങൾ ചെയ്യാൻ അവസരമുണ്ടാക്കിയാൽ മുതിർന്ന ക്ലാസ്സിലെ കുട്ടിയുമായി ചേർന്ന് പ്രവർത്തിക്കുന്നതിലൂടെ ചെറിയ ക്ലാസ്സിലെ കുട്ടിക്കും കാര്യങ്ങൾ ഫലപ്രദമായി ഉൾക്കൊള്ളാൻ അവസരമൊരുക്കാവുന്നതാണ്.
» ഇടുക്കി ജില്ലയിലെ പഠന ഉദ്യാനം.
» അട്ടപ്പാടിയിലെ പ്രോജക്റ്റ് ഷൈൻ
» ആനക്കട്ടിയിലെ വിദ്യാവനം – പഠനകേന്ദ്രം
» വെള്ളിയാമറ്റം – പൂമാല ട്രൈബൽ സ്കൂൾ, രാത്രികാല ക്ലാസ്സ്
» പ്രതിഭാ തീരം – തീരമൈത്രി

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ – അവയുടെ ശാസ്ത്രീയവും കാലാനുസൃതമായ നവീകരണവും പരിപോഷണവും – ഇതെല്ലാം ഈ മേഖലയിൽ പുത്തൻ ഉണർവ്വുകൾ ആണ്. അങ്ങനെ പുതുതലമുറയ്ക്ക് സന്തോഷമായി ജീവിക്കാൻ പ്രാപ്തമാക്കുന്ന തരത്തിൽ തങ്ങൾക്കു ലഭിച്ചിട്ടുള്ള അധികാരവും അവസരങ്ങളും സാധ്യതകളും ഉപയോഗിച്ചുകൊണ്ട് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പ്രവർത്തിക്കാൻ ഈ അദ്ധ്യായം പ്രയോജനകരമാകട്ടെ!

# 8

# ലിംഗനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസം

"പൂജ്യം മുതൽ 18 വയസ്സുവരെയുള്ള എല്ലാ വ്യക്തികളും കുട്ടികൾ" ആണെന്ന് കുട്ടികളുടെ അവകാശ ഉടമ്പടി (CRC 1989) ഐക്യരാഷ്ട്രസഭയിൽ കുട്ടിയെ നിർവ്വചിച്ചിട്ടുണ്ട്. പ്രസ്തുത ഉടമ്പടിയിൽ ഉൾപ്പെട്ടിട്ടുള്ള 4 അവകാശങ്ങൾ – അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവയാണ്.

വികസനാവകാശം എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് 100 ശതമാനം കുട്ടികൾക്കും സ്വതന്ത്രമായി വികസിക്കുന്നതിനുള്ള അവസരമൊരുക്കുകയാണ്. ഒരു വ്യക്തിയുടെ വികസനം എന്നാൽ – ശാരീരികവും ബൗദ്ധികവും മാനസികവും വൈകാരികവുമായ വളർച്ചയാണ്. നഗരസഭകളുടെ വിദ്യാഭ്യാസ കലാ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തിനത്തിലൂടെ ആത്യന്തികമായി ലക്ഷ്യമിടുന്നത് നഗരസഭയിലെ 100 ശതമാനം കുട്ടികൾക്കും പ്രസ്തുത രീതിയിൽ വളർച്ചയ്ക്കും വികാസത്തിനുമുള്ള സ്വതന്ത്ര്യവും സൗജന്യ വുമായ അവസരം ഒരുക്കുക എന്നതാണ്. അത് നഗരസഭയുടെ ഭരണഘടനാപരമായ ഉത്തരവാദിത്വം കൂടിയാണ്.

വിദ്യാഭ്യാസ മേഖലയിലെ ലിംഗനീതിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കുട്ടികളിൽ പകുതിയോളം വരുന്ന പെൺകുട്ടികൾ – പ്രത്യേകിച്ച് – പട്ടികജാതി, പട്ടികവർഗ്ഗ – തീരദേശ മേഖലയിൽ പെട്ടവർ ഭിന്നശേഷിക്കാർ, ലിംഗ ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുന്നവർ. അദ്ധ്യാപികമാർ എന്നിവർ അനുഭവിക്കുന്ന ലിംഗപരമായ വിവേചനങ്ങളും ചൂഷണങ്ങളും – വിദ്യാലയങ്ങളിലും പൊതു സമൂഹത്തിലും – ഒരു കുട്ടിയുടെ സ്വതന്ത്ര വികാസത്തിന് ഗുരുതരമായ വെല്ലുവിളി ഉയർത്തുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ കാതലായ ലക്ഷ്യം തന്നെ – നമ്മുടെ നാട്ടിലെ ഓരോ കുട്ടിയും അതേ പ്രായത്തിലുള്ള വികസിത രാജ്യങ്ങളിലെ കുട്ടിയോടൊപ്പമോ അതിലും മികച്ചതോ ആയ ശേഷി നേടുക എന്നതാണ് – അതായത് കേവലം പരീക്ഷയിൽ A+ നേടലല്ല മറിച്ച് ജീവിതത്തിൽ തന്നെ A+ നേടലാണ്. ഈ ലക്ഷ്യം നേടുന്നതിന് – യുക്തിചിന്തയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സ്വതന്ത്രമായി യാതൊരു വിവേചനവും ചൂഷണവും ഇല്ലാതെ വളരുന്നതിനുള്ള സാഹചര്യം 100 ശതമാനം കുട്ടികൾക്കും ലഭ്യമാവേണ്ടതും കൂടാതെ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും ജാതി–മത ആചാരങ്ങളുടെ സ്വാധീനവും ഒരു മനുഷ്യവിഭവം എന്ന നിലക്ക് ഓരോ കുട്ടികളുടേയും സ്വതന്ത്രമായ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്നു. സവിശേഷമായി

പെൺകുട്ടികളുടെ – വിവിധ മേഖലകളിലെ– പട്ടികജാതി, വർഗ്ഗ, തീരദേശമേഖലയിലെ – ആദിവാസി–ഗോത്ര വിഭാഗങ്ങളിലെ –വളർച്ചക്കും വികാസത്തിനും വെല്ലുവിളി ഉയർത്തുന്നു. ഒരു മനുഷ്യവിഭവം എന്ന നിലക്ക് ഓരോ പെൺകുട്ടിക്കും മേൽ സൂചിപ്പിച്ച വികസന പ്രസ്നങ്ങളില്ലാതെ വളരുന്നതിന് നമ്മുടെ വിദ്യാലയങ്ങളും പൊതുസമൂഹവും പുതുക്കി പണിയുക എന്നത് നഗരസഭകളിലെ വിദ്യാഭ്യാസ കലാ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. അതിനായി അധ്യാപകർ–വിദ്യാർത്ഥികൾ, മാനേജ്മെന്റ് സംവിധാനം (പൊതു വിദ്യാലയങ്ങൾക്ക്-അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ), രക്ഷാകർത്താസമിതികൾ എന്നിവയുടെ ഏകോപനത്തിലൂടെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കഴിയണം എന്നാണ് പ്രതീക്ഷിക്കുന്നത്.

വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ലിംഗവിവേചനത്തിന്റെ സൂചകങ്ങൾ – സാമൂഹ്യ ഘടനയുടെ ശ്രേണീപരത, പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം, കരിക്കുല ത്തിലെ ലിംഗവിവേചനം, ജാതി വിവേചനങ്ങൾ, മത വിവേചനങ്ങൾ, സംവിധാനങ്ങളിലും കമ്മിറ്റികളിലും ലിംഗാവബോധത്തിന്റെ അഭാവം, എന്നിവ കൂടാതെ പെൺകുട്ടികളുടെ സവിശേഷ പ്രശ്നങ്ങൾ ആയ – ആർത്തവ സംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾ, ശാരീരിക പ്രശ്നങ്ങളും മാനസിക സമ്മർദ്ദങ്ങളും, അരക്ഷിതാവസ്ഥ (കുടുംബം–സ്ഥാപനം–സമൂഹം), കൊഴിഞ്ഞുപോക്ക് എന്നിവയും നിലനിൽക്കുന്നുണ്ടെന്ന് കാണാം. കൊഴിഞ്ഞുപോക്കിന് തന്നെ ദാരിദ്ര്യം, നേരത്തേയുള്ള വിവാഹം, ആരോഗ്യ പ്രശ്നങ്ങൾ, രക്ഷിതാക്കളുടെ മദ്യപാനം, ലഹരി, കുടുംബത്തിനുള്ളിലെ അരക്ഷിതാവസ്ഥ എന്നിവ ഉപകാരണങ്ങളായും കാണാം. ഇതുകൂടാതെ ലൈഗീകാതിക്രമങ്ങളും ചൂഷണവും തത്ഫലമായുണ്ടാവുന്ന ആത്മവിശ്വാസ കുറവ്, തുടർപഠനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും അവസരമില്ലായ്മയും, പാഠ്യേതര പ്രവർത്തനങ്ങളിലെ കുറഞ്ഞ പങ്കാളിത്തവും എല്ലാം മികച്ച വിദ്യാഭ്യാസം ലഭിക്കുന്നതിന് തടസ്സം നിൽക്കുന്നു.

ഇതുപോലെതന്നെ സവിശേഷ സാഹചര്യമാണ് ട്രാൻസ്ജെൻഡർ വ്യക്തികളുടേത്. ആരോഗ്യ പ്രശ്നങ്ങൾ, മാനസിക സമ്മർദ്ദം, നീതിപൂർവ്വമല്ലാത്ത പെരുമാറ്റം, തെറ്റായ മനോഭാവം, പരിഹാസം, ഒറ്റപ്പെടൽ, തിരിച്ചറിയാത്ത അവസ്ഥ ഇവയെല്ലാം ട്രാൻസ്ജെൻ ഡർ വ്യക്തികളുടെ വ്യക്തിത്വ വികാസത്തിന് പ്രതിസന്ധിയേറ്റുന്നു. ആൺ–പെൺ എന്ന ദ്വന്ദ്വത്തിനപ്പുറം തങ്ങളുടെ സ്വത്വം വേറിട്ടതാണെന്ന് തിരിച്ചറിയുകയും കുടുംബത്തെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്താൻ വിഷമിക്കുകയും ചെയ്യുന്ന പ്രസ്തുത വിഭാഗത്തിന്റെ മാനസിക സമ്മർദ്ദവും അവരുടെ വ്യക്തിവികാസത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന് മനസ്സിലാക്കാം.

കൗമാരകാലത്തെ ആർത്തവ സംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾ – ആർത്തവം ഒരു സ്വാഭാവികമായ ശാരിരിക പ്രക്രിയയായി പെൺകുട്ടികൾ മനസ്സിലാക്കുകയും എന്നാൽ അതു സംബന്ധമായി ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ അദ്ധ്യാപകരും വിദ്യാലയ സംവിധാനവും അവഗണിക്കുന്നതുകൊണ്ട് പ്രസ്തുത സമയത്ത് വിദ്യാലയങ്ങളിലേക്ക് പോകുവാൻ പെൺകുട്ടികൾ മടിക്കുന്നു. ഈ സാഹചര്യത്തിനനുഗു ണമായ പശ്ചാത്തല സൗകര്യങ്ങൾ ഇല്ലായ്മ (ശുചിയായ വായുവും, വെള്ളത്തിന്റെ ലഭ്യത, സാനിറ്ററി പാഡുകൾ ലഭ്യത, സംസ്കരിക്കാനുള്ള സംവിധാനം, ആരോഗ്യ പ്രശ്നമുണ്ടായാൽ വിശ്രമിക്കാൻ സ്വകാര്യതയുള്ള ഇടം) എന്നിവയുടെ അഭാവം, ശരിയായ പ്രായത്തിൽ ലൈംഗീക വിദ്യാഭ്യാസം ലഭിക്കാത്തത്, അതുകൊണ്ടുതന്നെയുള്ള ഇതുസംബന്ധിച്ച

തെറ്റായ ധാരണകൾ എല്ലാം ഈ മേഖലയിൽ നേരിടുന്ന വെല്ലുവിളികളാണ്.

കുടുംബത്തിലെ ദാരിദ്ര്യവും രക്ഷിതാക്കളുടെ മദ്യപാനവും ലഹരി ഉപയോഗവും കുടുംബത്തിലും വിദ്യാലയങ്ങളിലും അനുഭവപ്പെടുന്ന അരക്ഷിതാവസ്ഥയും കുട്ടികളുടെ ആത്മവിശ്വാസത്തെ തകർക്കുന്നു. സാഹിത്യ കലാകായിക മേഖലകളിൽ തുറന്നിടപെടുന്നതിനും കഴിയാതെ വരുന്നു. ഓരോ കുട്ടിയും ഒരു ദിവസത്തിൽ ഉണർന്നിരിക്കുന്നതിന്റെ പകുതി സമയവും ചിലവഴിക്കുന്നത് വിദ്യാലയങ്ങളിലാണ് എന്നതിനാൽ അദ്ധ്യാപകരുടേയും മാനേജ്മെന്റ്കളുടേയും രക്ഷാകർതൃ സമിതിയുടേയും സവിശേഷ ശ്രദ്ധ ഈ കാര്യങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്.

ഇത്തരത്തിലുള്ള സവിശേഷ പ്രശ്നങ്ങൾ ഉണ്ടാകുന്നത് എന്ത്കൊണ്ടാണെന്നു പരിശോധിക്കുമ്പോൾ നമ്മുടെ സമൂഹത്തിൽ നില നിൽക്കുന്ന പിതൃമേധാവിത്ത വ്യവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. പിതൃമേധാവിത്ത മൂല്യങ്ങൾ സ്വാംശീകരിച്ചിരിക്കുന്ന ഭൂരിപക്ഷം വ്യക്തികളും – സ്ത്രീകളും പുരുഷന്മാരും – ഇതൊരു തെറ്റായി – അവകാശലംഘനമായി – മനസ്സിലാക്കുന്നില്ല എന്നതാണ് യഥാർത്ഥ പ്രശ്നമായി ബോധ്യപ്പെടുന്നത്.

## 8.1 പിതൃമേധാവിത്ത വ്യവസ്ഥ

സ്ത്രീയേക്കാൾ ഉയർന്നതായി പുരുഷനെ കരുതുന്ന സാമൂഹ്യവ്യവസ്ഥയാണ്. സ്ത്രീകളുടെ തൊഴിൽ, ലൈംഗീകത, പ്രത്യുൽപാദനം, ചലനാത്മകത, സമയം തുടങ്ങിയ ജീവിതത്തിലെ എല്ലാ കാര്യങ്ങളുടെമേലും പുരുഷന് നിയന്ത്രണം നൽകുന്ന ചരിത്ര നിർമ്മിതിയാണ്. ജാതി, മതം, സമൂഹം, വർഗ്ഗം, വംശം, ദേശം, രാഷ്ട്രീയം, ഭിന്ന ലൈംഗീകത, കഴിവ്/അറിവ്, വൈകല്യം/ദൗർബല്യം തുടങ്ങി വിവിധ അധികാര വ്യവസ്ഥകളുമായി പിതൃമേധാവിത്ത വ്യവസ്ഥ ഇഴചേർന്നു ബന്ധപ്പെട്ടിരിക്കുന്നു. ഇത് സമൂഹത്തിലും സ്ഥാപനങ്ങളിലും രാഷ്ട്രീയ–സാമൂഹ്യ–സാംസ്കാരിക സംഘടനകളിലും ശ്രേണീപരമായ മേൽകോയ്മ നിലനിർത്തുന്നതിന് സഹായകരമായി പ്രവർത്തിക്കുന്നു. ഈ ആണധികാര വ്യവസ്ഥ പുരുഷനെ കുടുംബത്തിന്റെ തലവനും കുടുംബപ്പേരിന്റെയും സ്വത്തിന്റെയും അവകാശിയുമാക്കുന്നു. സ്ത്രീയും പുരുഷനും എന്ന ജൈവീകമായ ഭിന്നതക്കപ്പുറം വിവേചനത്തിന്റെ വ്യത്യസ്ത തലങ്ങൾ സമൂഹത്തിന്റെ പൊതു മണ്ഡലത്തിലും രാഷ്ട്രീയ സാംസ്കാരിക മണ്ഡലത്തിലും നിലനിൽക്കുന്നുണ്ടെന്ന് സൂക്ഷ്മ വിശകലനത്തിലൂടെ തിരിച്ചറിയാൻ കഴിയും. വിദ്യാലയങ്ങളിലും പൊതുയിടങ്ങളിലും യാത്രാ വേളകളിൽ വാഹനങ്ങളിലും ഒക്കെ പെൺകുട്ടികൾ അനുഭവിക്കുന്ന അനുചിതമായ പെരുമാറ്റത്തിന്റെയും ലൈംഗികമായ ദുരുപയോഗത്തിന്റെയും യഥാർത്ഥ കാരണം ഇങ്ങനെ തിരിച്ചറിയേണ്ടതുണ്ട്. സാമ്പത്തികവും സാമൂഹികവുമായ വിവേചനങ്ങൾക്കൊപ്പം ജാതി–മത വിവേചനങ്ങളും നിലനിൽക്കുന്നു. ഇത് പഠനം അപ്രാപ്യമാവുകയും കൊഴിഞ്ഞുപോക്കിന് കാരണമാവുകയും ചെയ്യുന്നു.

ഇത് കൂടുതൽ മനസ്സിലാക്കുന്നതിന് ലിംഗവ്യത്യാസവും (Sex) ലിംഗപദവിയും (Gender) എന്താണെന്ന് ചർച്ചചെയ്യണം. ലിംഗവ്യത്യാസം എന്നാൽ സ്ത്രീയും പുരുഷനും തമ്മിലുള്ള ശാരീരിക വ്യത്യാസങ്ങൾ ആണ്. പ്രത്യുൽപ്പാദന പ്രക്രിയയുടെ ഭാഗമായിട്ടുള്ള ശാരിരിക സവിശേഷതകൾ ഗർഭം ധരിക്കാനും, പ്രസവിക്കാനും മുലയൂട്ടാനും സ്ത്രീകൾക്കുള്ള ശാരീരിക പ്രത്യേകതകളുടെ ഭാഗമാണ് ആർത്തവവും എന്ന് തിരിച്ചറിയണം. ഒപ്പം ഇന്ന് സ്ത്രീ–പുരുഷൻ–ട്രാൻസ് ജെൻഡർ എന്ന് വളരെ വൈവിധ്യമാർന്ന ജനവിഭാഗങ്ങൾ അവരുടെ അസ്ഥിത്വം തെളിയിച്ചിട്ടുമുണ്ട്. സ്ത്രീയിൽ നിന്ന് പുരുഷനിലേക്കും പുരുഷനിൽ നിന്ന്

സ്ത്രീയിലേക്കും വീണ്ടും വിവിധങ്ങളായ സ്വത്വങ്ങളിലേക്കും മനുഷ്യവംശം മാറിക്കൊണ്ടിരിക്കുന്നു.


## 8.2 ഭിന്ന ലിംഗ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ഭിന്ന ലിംഗ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ – അവരുടെ സവിശേഷ പ്രകൃതം, ആരോഗ്യ പ്രശ്നങ്ങൾ, പൊതു സമൂഹവും കുടുംബാംഗങ്ങളും പുലർത്തുന്ന മനോഭാവം, അവഗണന, ഒറ്റപ്പെടൽ, പരിഹാസം, ചെറുപ്രായത്തിലെ തങ്ങളുടെ സവിശേഷ പ്രകൃതത്തെക്കുറിച്ച് ധാരണയില്ലാതെ വരുന്നതുകൊണ്ടുണ്ടാവുന്ന മാനസിക പ്രശ്നങ്ങൾ ഇവയെല്ലാം ഈ വിഭാഗത്തിലെ വ്യക്തികളുടെ സ്വതന്ത്രമായ വളർച്ചക്കും വികാസത്തിനും വെല്ലുവിളിയുയർത്തുന്ന ഘടകങ്ങളാണ്. ഇവർ സ്വതന്ത്ര വ്യക്തികളാണെന്ന് മനുഷ്യാവകാശങ്ങളും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളും, വളരാനും വികസിക്കാനുമുള്ള അവകാശങ്ങൾ ഉള്ളവരാണെന്ന് തിരിച്ചറിയേണ്ടത് അനിവാര്യമാണ്.

ജെൻഡർ എന്നത് ലിംഗപദവി – സമൂഹം പരികല്പിച്ചിട്ടുള്ള നിർമ്മിതിയാണ് – അതുകൊണ്ട് തന്നെ നിരന്തരമായ ഇടപെടലിലൂടെ മാറ്റാൻ കഴിയുന്ന, സ്ത്രീയുടെ പദവിയാണ് ഇതെന്ന് തിരിച്ചറിയാൻ കഴിയും. തൊഴിൽമേഖലകളിൽ നഴ്സിംഗ്, ഗാർഹികാദ്ധ്വാനം എന്നിവ സ്ത്രീ ചെയ്യണമെന്നും പുരുഷൻ പുറത്തുപോയി ജോലി ചെയ്യുന്നവനെന്നും ഉള്ള ധാരണകൾ കീഴ് വഴക്കങ്ങളിലൂടെ സമൂഹം സ്വാംശീകരിച്ചിട്ടുള്ളതാണ്. സ്ത്രീക്ക് അടക്കവും ഒതുക്കവും വേണമെന്നും പുരുഷനായാൽ കരയാൻ പാടില്ലെന്നുമുള്ള ധാരണകളും ഒക്കെ ഈ സാമൂഹ്യ നിർമ്മിതിയുടെ ഭാഗമായി രൂപപ്പെട്ടിട്ടുള്ളതാണ്. ലിംഗപരമായ ഈ തൊഴിൽ വിഭജനം മൂലം പെൺകുട്ടികൾ മെക്കാനിക്ക് ആവേണ്ടതില്ല, നഴ്സോ, ടീച്ചറോ ആയാൽ മതിയെന്നും ഒക്കെയുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ – പെൺകുട്ടിയുടെ അഭിരുചിയും താത്പര്യവും അനുസരിച്ചു വിദ്യാഭ്യാസത്തിന് സാധ്യതയില്ലാതെ വരുന്നതും, വ്യക്തിയുടെ ബഹുമുഖ ശേഷീവികസനം എന്ന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സാർത്ഥകമാവാതെ വരുന്നു. ഈ പ്രശ്നങ്ങൾ മറ്റൊരു വസ്തുതയുമായി കൂടി കാണേണ്ടതുണ്ട്, അതായത് അഭ്യസ്തവിദ്യരായ ധാരാളം പേർ – സ്ത്രീകൾ നിലിവിലുണ്ടെങ്കിലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ദേശീയ ശരാശരിയിലും താഴെയാണെന്ന് വിവരം കൂടി കണക്കിലെടുക്കുമ്പോൾ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ നിലനിൽക്കുന്ന ആൺകോയ്മ കൂടുതൽ വ്യക്തമാവും.

എങ്ങിനെ ഈ വെല്ലുവിളികളെ നേരിടാം? ഇത് ചർച്ച്ചെയ്യുന്നതിന് മുമ്പ് തുല്യത, ലിംഗ തുല്യത, ലിംഗനീതി എന്നിവ എന്താണെന്ന് മനസ്സിലാക്കണം, സമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ തിരിച്ചറിഞ്ഞാൽ എന്തു സമീപനത്തിലൂടെ ഈ പ്രശ്നങ്ങളെ മറികടക്കാം എന്നറിയാൻ കഴിയൂ. തുല്യത – നാം എപ്പോഴും തുല്യതയെക്കുറിച്ച് പറയാറുണ്ട് – അതായത് സ്ത്രീപുരുഷ സമത്വം – പക്ഷേ ഈ പ്രശ്നം പരിഹരിക്കാൻ തുല്യ അവസരം, തുല്യ നീതി – എന്നല്ല വേണ്ടത് – മറിച്ച് പെൺകുട്ടിയുടെ, ട്രാൻസ് ജെൻഡറിന്റെ സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക പിന്തുണയും ഇടപെടലും ആവശ്യമാണ്. തുല്യത എന്നാൽ എല്ലാവർക്കും ഒരേ ഗുണം എന്നാണ്. എന്നാൽ സ്ത്രീകളുടെ പിന്നോക്കാവസ്ഥ മറികടക്കാൻ സംവരണം ആവശ്യമാണ് എന്ന ആശയമാണ് വനിതാ സംവരണത്തിലൂടെ നടപ്പാക്കിയത്. 33 ശതമാനം സംവരണത്തിൽ നിന്ന് 50 ശതമാനത്തിലേക്ക് സ്ത്രീകൾക്ക് സംവരണം – അംഗത്വത്തിലും പദവിയിലും ഏർപ്പെടുത്തിയത് അതുകൊണ്ടാണ്. എന്നാൽ നിയമനിർമ്മാണ സഭകളിലും മറ്റു രാഷ്ട്രീയ സാംസ്കാരിക വേദികളിലും തുല്യ പങ്കാളിത്തം

ലഭിക്കുമ്പോൾ മാത്രമാണ് ലിംഗനീതി ഉറപ്പാവുക. പൊതുസമൂഹത്തിൽ കീഴ് വഴക്കങ്ങളിലൂടെയും മറ്റും ഉറച്ചിട്ടുള്ള തെറ്റായ ധാരണകളെ – നിരന്തര സംവാദങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഇടപെടലുകളിലൂടെയും തിരുത്തേണ്ടതുണ്ട്. പൊതു സമൂഹത്തിന്റെ മനോഭാവത്തിൽ തന്നെ അടിസ്ഥാനപരമായ മാറ്റം വരുത്തേണ്ടതുണ്ട്. ലിംഗ സന്തുലനം എന്നാൽ ഓരോ വിഭാഗത്തിന്റെയും ആവശ്യമനുസരിച്ച് പിന്തുണ നൽകുക എന്നതാണ്. ലിംഗനീതി എന്നാൽ ലിംഗപരമായ അനീതിക്ക് കാരണമായതെന്തോ അതുതന്നെ ഇല്ലാതാക്കിക്കൊണ്ട് ലിംഗനീതിയും സാമൂഹികനീതിയും ഉറപ്പാക്കുകയാണ്.




*Equality to Equity and Justice*

ഈ ആശയങ്ങൾ ഉൾക്കൊണ്ട് തന്നെ നമുക്ക് നിലവിലുള്ള സാഹചര്യങ്ങളെ എങ്ങിനെ മറികടക്കാം. സഹവിദ്യാഭ്യാസവും ലൈംഗിക വിദ്യാഭ്യാസവും മുഴുവൻ കുട്ടികൾക്കും അത്യാവശ്യമാണ്. വിദ്യാലയാന്തരീക്ഷത്തിൽ ജനാധിപത്യമൂല്യങ്ങളേയും സാമൂഹിക നീതിയേയും ക്രിയാത്മകമായി പകർത്തുന്നതിന് വേണ്ട ഇടപെടൽ നടത്തേണ്ടതുണ്ട്. അദ്ധ്യാപകർക്കിടയിലും വിദ്യാർത്ഥിനി–വിദ്യാർത്ഥികൾക്കിടയിലും അദ്ധ്യാപക–വിദ്യാർത്ഥികൾക്കിടയിലും ഫലപ്രദവും ക്രിയാത്മകവുമായ ആശയ സംവാദങ്ങൾ സംഘടിപ്പിക്കാം. ഭരണഘടനാ മൂല്യങ്ങൾ സംബന്ധിച്ച് നിരന്തര ചർച്ചകൾ വിദ്യാലയ അന്തരീക്ഷത്തിൽ ഉണ്ടാവേണ്ടതുണ്ട്. ക്യാമ്പസ് ഇന്റർവ്യൂവിലൂടെ തൊഴിൽ നേടുന്നതിനപ്പുറം ഏതു പ്രതികൂല സാഹചര്യങ്ങളേയും മറികടക്കാൻ കെല്പുള്ള ഒരു വ്യക്തിയായി വളരുന്നതിന്, തന്റെ എല്ലാ ശേഷികളേയും സാമൂഹ്യ നിർമ്മിതിക്കായി ഉപയോഗിക്കാൻ സന്നദ്ധതയുള്ളയാളായി മാറുന്നതിന്, ഉതകുന്ന വിദ്യാഭ്യാസം ലഭിക്കണം. കരിക്കുലം ഗൈഡ് ലൈനിൽ ലൈംഗിക വിദ്യാഭ്യാസം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ അദ്ധ്യാപകർ ഒഴിവാക്കാതെ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തണം. നഗരസഭാ വിദ്യാഭ്യാസ കലാ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ MEC (നഗരസഭാ വിദ്യാഭ്യാസ സമിതി)ക്ക് രൂപം നൽകി കഴിവുള്ള അദ്ധ്യാപകരെയും വിദ്യാഭ്യാസ വിദഗ്ധരെയും ചേർത്ത് നിർത്താം. കേന്ദ്ര–സംസ്ഥാന പദ്ധതികൾ ഏകോപിപ്പിച്ചു പ്രവർത്തിക്കുന്നതിന് നേതൃത്വം നൽകാം.

## 8.3 ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ

Gender desk, Tutorial System, Equal opportunity cell, Women cell, Gender resource centre, കൗമാര ആരോഗ്യ പരിപാടി, സ്ക്കൂൾ ആരോഗ്യ പരിപാടി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ, മറ്റു പി.ടി.എ., വിവിധ സ്കൂൾ ക്ലബ്ബുകൾ, സ്വയം പ്രതിരോധ പരിശീലനങ്ങൾ, ജെൻഡർ പ്ലാനിംഗ്, ബജറ്റിംഗ്, gender protocol തുടങ്ങിയ പ്രവർത്തനങ്ങൾ സജീവമാക്കാം.

കുട്ടികൾക്ക് ശാരീരികവും മാനസികവും ആയ വികസനത്തിന് അവസരമുണ്ടാക്കുക. ഒഴിവ് കാലത്ത് കുട്ടികൾക്ക് വിവിധങ്ങളായ കലാ-കായിക പരിശീലനങ്ങൾ നൽകുക - മാനസിക പിരിമുറുക്കം അനുഭവിക്കുന്ന കുട്ടികൾക്ക് പിന്തുണയേകുന്ന സംവിധാനങ്ങൾ രൂപപ്പെടുത്തുക - എന്നിവയും ആകാം.

ഇതിനായി നഗരസഭാ പരിധിയിലെ സ്ക്കൂളുകൾ, അങ്കണവാടികൾ, പ്രീ പ്രൈമറി സ്ഥാപനങ്ങൾ, ഹയർ സെക്കന്ററി സ്ഥാപനങ്ങൾ, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കഴിഞ്ഞ 10 വർഷത്തെ വിവരശേഖരണം നടത്തിയാൽ ഈ മേഖലയിൽ നിലനിൽക്കുന്ന ലിംഗവിവേചനത്തിന്റെ തീവ്രത മനസ്സിലാക്കുവാൻ സാധിക്കും. ഈ വവിരങ്ങൾ വിശകലനം ചെയ്ത് യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള കർമ്മപരിപാടികൾ വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ, സമഗ്ര ശിക്ഷാ കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC), School health club, സ്വയം പ്രതിരോധ പരിശീലന പരിപാടി തുടങ്ങിയ പരിപാടികൾ സംയോജിപ്പിച്ചുകൊണ്ട് കുട്ടികളെ ശാരീരികവും മാനസികവും ബൗദ്ധികവുമായി കരുത്തുറ്റവരാക്കി വളർത്തിയെടുക്കാൻ സവിശേഷ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

# 9

# പദ്ധതി നിർവ്വഹണം മോണിറ്ററിംഗ്

## 9.1 നയരൂപീകരണം (Policy Making)

### 9.1.1 പദ്ധതി നിർവ്വഹണം നയവും കാഴ്ചപ്പാടും

ഏതൊരു വികസന പദ്ധതിയും സേവന പ്രവർത്തനവും ഫലപ്രദമാകണമെങ്കിൽ ശരിയായ കാഴ്ചപ്പാടും ദീർഘവീക്ഷണവും ആസൂത്രണവും പ്രതിബദ്ധതയും അനിവാര്യമാണ്. അധികാര വികേന്ദ്രീകരണം നൽകിയ അവസരങ്ങൾ പ്രയോജനപ്പെടുത്തി ഉദാത്തമായ വികസന മാതൃകകൾ സൃഷ്ടിച്ച ഒട്ടേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരളത്തിൽ ഉണ്ട്. അവയാണ് പ്രാദേശിക ഭരണ സംവിധാനത്തിൽ കേരള മാതൃകകളായി ദേശീയ തലത്തിൽ ശ്രദ്ധേയമായി തീർന്നത്.

അനുകരണീയ മാതൃകകളായി മാറിയ ഏത് പദ്ധതിയുടെയും വിജയത്തിന് പിന്നിൽ അടുക്കും ചിട്ടയുമുള്ള ഒരു പ്രവർത്തനശൈലിയും, ആത്മാർത്ഥതയും ലക്ഷ്യബോധമുള്ള ഒരു പറ്റം പ്രവർത്തകരുടെ അശ്രാന്ത പരിശ്രമവും ഉണ്ടായിരിക്കും. എന്താണ് അവയുടെ വിജയരഹസ്യം. അവ ചുവടെ ചേർക്കുന്നു,

» വ്യക്തമായ ദിശാബോധം നൽകുന്ന കാഴ്ചപ്പാട്, സ്വപ്നം/ഭാവന (Vision)
» ആ കാഴ്ച്പ്പാടിൽ നിന്ന് രൂപപ്പെടുന്ന ദൗത്യബോധം (Mission)
» ദൗത്യം പൂർത്തിയാക്കാൻ ആവശ്യമായ ലക്ഷ്യനിർണ്ണയും (Goals)
» ലക്ഷ്യങ്ങൾ കൈവരിക്കാൻ സ്വീകരിക്കേണ്ട നയസമീപനം (Policy)
» നയം നടപ്പാക്കുന്നത് സംബന്ധിച്ച് സ്വീകരിക്കുന്ന തന്ത്രം (Strategy)
» തന്ത്രത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന പരിപാടികൾ (Programmme)
» മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ട് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അർത്ഥവും, ആളും അനുകൂല സാഹചര്യങ്ങളും ഉണ്ടായിരുന്നാൽ ഓരോ പദ്ധതികളുടെയും നിർവ്വഹണത്തിലൂടെ മേൽക്കാര്യങ്ങൾ വിജയത്തിലെത്തിക്കാൻ കഴിയും.

## 9.2 പദ്ധതി നിർവ്വഹണം

### 9.2.1 പദ്ധതി-പ്രോജക്റ്റ് അംഗീകാരം

നല്ല രീതിയിൽ ആസൂത്രണം നടത്തി നല്ലൊരു പദ്ധതി ഉണ്ടാക്കിയതു കൊണ്ടു മാത്രം

പ്രതീക്ഷിച്ച പ്രയോജനം ഉണ്ടാകണമെന്നില്ല. പദ്ധതിയിൽ ഉൾപ്പെട്ട ഓരോ ഘടകങ്ങളിലും കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നിർവ്വഹണം നടത്തണം. ജനകീയ പങ്കാളിത്തവും മേൽനോട്ടവും നിർവ്വഹണത്തിൽ ഉറപ്പുവരുത്തണം. നിവ്വഹണത്തിലെ പോരായ്മകളും പ്രശ്നങ്ങളും സമയാസമയങ്ങളിൽ പരിഹരിക്കപ്പെടണം. പ്രയോജനകരമല്ലാത്തതും അപ്രായോഗികവുമായ പ്രോജക്ട്ടുകൾ ഉപേക്ഷിക്കണം. ഇതെല്ലാം നടന്നെങ്കിൽ മാത്രമേ നിർവ്വഹണം കാര്യക്ഷമമാകൂ. പ്രതീക്ഷിച്ച പ്രയോജനം ലഭിക്കൂ.

പ്രോജക്ട് പരിശോധന ചുമതലയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് പ്രോജക്ട് ശരിയായി പരിശോധിപ്പിച്ച് അംഗീകാര യോഗ്യമെങ്കിൽ മാത്രം അംഗീകാരത്തിന് ശ്രമിക്കണം. ജില്ലാ ആസൂത്രണസമിതിയ്ക്ക് പദ്ധതിരേഖയും പ്രോജക്ട്ടുകളും അനുബന്ധരേഖകളും സമർപ്പിച്ച് പദ്ധതിക്കും പ്രോജക്ട്ടുകൾക്കും അംഗീകാരം നേടണം. പദ്ധതിക്കും പ്രോജക്ട്ടുകൾക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചാൽ പദ്ധതി അംഗീകാരനടപടി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രോജക്ട് രേഖകളും നിർവ്വഹണത്തിനായുള്ള ഭരണസമിതി തീരുമാനവും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകണം അതിനായി പദ്ധതി അംഗീകാരം ഡി.പി.സി.യിൽ നിന്ന് ലഭിച്ച കഴിഞ്ഞാലുടനെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ഭരണസമിതി വിളിച്ചുചേർക്കണം. ഈ യോഗത്തിൽ വെച്ച് രേഖകൾ കൈമാറിയശേഷം, പ്രോജക്ട്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകണം. കൂടാതെ പ്രോജക്ട്ടുകൾ സാക്ഷ്യപ്പെടുത്താനും നിർവ്വഹണ കലണ്ടർ തയ്യാറാക്കാനും നിർദ്ദേശിക്കുകയും വേണം.

### 9.2.2 നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം

ഒരു പ്രോജക്ട് നിർവ്വഹണത്തിനായി ലഭിച്ച കഴിഞ്ഞാൽ അത് നിർവ്വഹണയോഗ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തണം. അതിനായി താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കണം.

- » ആവശ്യമായ മുഴുവൻ വിവരങ്ങളും പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ?
- » നടത്തേണ്ട പ്രവർത്തനങ്ങൾ, തുക വിനിയോഗിക്കേണ്ട ഇനങ്ങൾ സംഘടനാ കാര്യങ്ങൾ എന്നിവ വ്യക്തമാണോ?
- » പദ്ധതി ആസൂത്രണ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണോ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്?
- » സബ്സിഡി-ധനസഹായ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ?
- » തുടർനടത്തിപ്പും സംരക്ഷണവും സാധ്യമാണോ?

വർക്കിംഗ് ഗ്രൂപ്പ് കൺവീനർ എന്ന നിലയ്ക്ക് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയായിരിക്കാം ഒരു പക്ഷെ പ്രോജകട് തയ്യാറാക്കിയിട്ടുള്ളത്. എന്നാലും പ്രസ്തുത ഉദ്യോഗസ്ഥൻ പ്രോജക്ട് സാക്ഷ്യപ്പെടുത്തണം. ഈ ഘട്ടത്തിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം രേഖാമൂലം നഗരസഭയെ അറിയിക്കണം. അപാകതകൾ നിയമാനുസൃത നടപടികളിലൂടെ പരിഹരിച്ച ശേഷമേ നിർവ്വഹണം തുടങ്ങാവൂ.

### 9.2.3 നിർവ്വഹണ ഉദ്യോഗസ്ഥർ

പ്രോജക്ട്ടുകൾ നിർവ്വഹിക്കുന്നതിന് അതാതു വിഷയമേഖലയിൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട വിഷ

യമേഖലയിലെ ഉദ്യോഗസ്ഥർതന്നെ അവരവരുടെ വിഷയമേഖലയിലെ പ്രോജക്ടുകൾ നിർവ്വഹണം നടത്തണം.

നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ – എഞ്ചിനീയർ, പ്രൈമറി ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ.

നിർവ്വഹണത്തിലെ ഓരോ ഘട്ടവും കൃത്യ സമയത്ത് തന്നെ നടത്തുന്നുവെന്ന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 9.3 അനുമതികൾ

ഓരോ പ്രോജക്ടും നിർവ്വഹണം നടത്തുന്നതിന് മുമ്പ് ഭരണാനുമതി, സാങ്കേതികാനുമതി (നിർമ്മാണ പ്രവൃത്തികൾക്കുമാത്രം) സാമ്പത്തികാനുമതി എന്നിവ ആവശ്യമാണ്.

### 9.3.1 ഭരണാനുമതി

നഗരസഭയ്ക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വിഭവങ്ങളുടെ അടിസ്ഥാനത്തിലാണ് ഭരണസമിതി പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുന്നത്. ഒരു സാമ്പത്തിക വർഷത്തെ പദ്ധതിക്ക് ഭരണസമിതി അംഗീകാരം നൽകുന്നതോടെ പ്രസ്തുത പദ്ധതി രേഖയിലുള്ള എല്ലാ പ്രോജക്ടുകൾക്കും ഭരണാനുമതി ലഭ്യമാകുന്നതാണ്. പദ്ധതി രേഖയിൽ ഉള്ള ഓരോ പ്രോജക്ടിനും പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകേണ്ടതില്ല.

### 9.3.2 സാങ്കേതികാനുമതി

നിർമ്മാണ പ്രവൃത്തി പ്രോജക്ടുകൾക്കാണ് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടത്. ഏതൊരു നിർമ്മാണ പ്രവൃത്തിയുടെയും പ്ലാനിനും എസ്റ്റിമേറ്റിനും കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം മൂലം അതത് ഗ്രേഡിലുള്ള എഞ്ചിനീയറിൽ നിന്ന് സാങ്കേതികാനുമതി വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ ഒരു എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പ്രോജക്ടിന് അദ്ദേഹം തന്നെ സാങ്കാതികാനുമതി നൽകാൻ പാടില്ല.

### 9.3.3 സാമ്പത്തികാനുമതി

ഒരു പ്രോജക്ടിന് പ്രതീക്ഷിച്ച വിഭവസ്രോതസ്സുകൾ ലഭിച്ചു എന്ന് ഉറപ്പു വരുത്തിയശേഷം അത് വിനിയോഗിക്കാൻ ഭരണസമിതി നൽകുന്ന അനുമതിയാണ് സാമ്പത്തികാനുമതി. പ്രതീക്ഷിച്ച ഫണ്ട് ലഭിയ്ക്കാനിടയില്ല എങ്കിൽ ആ ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രോജക്ടുകൾക്ക് സാമ്പത്തികാനുമതി നൽകാൻ പാടില്ല.

## 9.4 നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ അംഗീകാരം

### 9.4.1 നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ

പ്രോജക്ടുകളുടെ കാര്യക്ഷമവും സമയബന്ധിതവുമായ നിർവ്വഹണത്തിന് ഒരു നിർവ്വഹണ കലണ്ടർ ആവശ്യമാണ്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം വിളിച്ചു ചേർത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ഓരോ പ്രോജക്ടിനും ഒരു നിർവ്വഹണ കലണ്ടർ തയ്യാറാക്കണം.

ഓരോ പ്രോജക്ടും എപ്പോൾ തുടങ്ങണം. ചുമതലകൾ ആർക്കെല്ലാം. ഓരോ മാസവും

നടത്തേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെ. ഓരോ മാസവും ആവശ്യമായ വിഭവമെത്ര. എന്ന് അവസാനിക്കും. എന്നിവ നിർവ്വഹണ കലണ്ടറിൽ രേഖപ്പെടുത്തണം. ഇങ്ങനെ നിർവ്വഹണ ഉദ്യോഗസ്ഥതലത്തിൽ തയ്യാറാക്കുന്ന നിർവ്വഹണ കലണ്ടർ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകണം. അംഗീകാരം ലഭിച്ച പ്രോജക്ട് റിപ്പോർട്ടിലെ ഇനം 31-ൽ നിർവ്വഹണ കലണ്ടർ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് വസ്തുനിഷ്ഠമാകണമെന്നില്ല. പ്രോജക്ട് നിർവ്വഹണത്തിന് യാഥാർത്ഥ്യ ബോധത്തോടുകൂടി തയ്യാറാക്കേണ്ട നിർവ്വഹണ കലണ്ടറാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്.

### 9.4.2 നിർവ്വഹണ കലണ്ടർ

വർക്കിംഗ് ഗ്രൂപ്പ് സഹായത്തോടെ നിർവ്വഹണ ഉദ്യോഗസ്ഥ തലത്തിൽ തയ്യാറാക്കിയ നിർവ്വഹണ കലണ്ടർ പരിശോധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികൾ അംഗീകരിച്ച ശേഷം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും അംഗീകരിച്ച നിർവ്വഹണ കലണ്ടർ നഗരസഭതലത്തിൽ ക്രോഡീകരിക്കുകയും സ്റ്റിയറിംഗ് കമ്മിറ്റിയിൽ ചർച്ചചെയ്യുകയും വേണം. സ്റ്റിയറിംഗ് കമ്മിറ്റി ചർച്ചയെ തുടർന്ന് നിർവ്വഹണ കലണ്ടർ തയ്യാറാക്കി ആയത് ഭരണസമിതി അംഗീകരിക്കണം. ഇങ്ങനെ ഭരണസമിതി അംഗീകരിച്ച പദ്ധതി നിർവ്വഹണ കലണ്ടറിന്റെ പകർപ്പ് സെക്രട്ടറി എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും നൽകണം.

### 9.4.3 നിർവ്വഹണ കലണ്ടർ പ്രകാരം നിർവ്വഹണം

ഫലപ്രദമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനായി എല്ലാ മാസവും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് നിർവ്വഹണ കാര്യങ്ങൾ ചർച്ച ചെയ്യണം. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ അവരുടെ ചുമതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട ഓരോ പ്രോജക്ടും യോഗ അജണ്ടയിൽ ഉൾപ്പെടുത്തി അവയുടെ നിർവ്വഹണ - മോണിറ്ററിംഗ് കാര്യങ്ങൾ ചർച്ച ചെയ്യണം. ഒരു പ്രോജക്ടിന്റെ നിർവ്വഹണം ആരംഭിച്ച് അവസാനിക്കും വരെ ഒട്ടേറെ കാര്യങ്ങൾക്ക് ഭരണസമിതി തീരുമാനങ്ങൾ ആവശ്യമായി വരാം. ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, ഗുണഭോക്തൃ സമിതികൾ രൂപീകരിക്കൽ, അംഗീകരിക്കൽ, ടെണ്ടർ/ക്വട്ടേഷൻ വിളിക്കൽ, അംഗീകരിക്കൽ, നിർവ്വഹണ ഏജൻസികളെ ചുമതലയേൽപ്പിക്കൽ മുതലായവ ഉദാഹരണങ്ങളാണ്. ഇത്തരം സന്ദർഭങ്ങളിൽ നഗരസഭ തീരുമാനത്തിനായി അതു സംബന്ധിച്ച ഫയൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന കൗൺസിലിന് സമർപ്പിച്ച് അംഗീകാരം നേടണം.

## 9.5 പ്രോജക്ട് നിർവ്വഹണ രീതികൾ

### 9.5.1 ഗുണഭോക്തൃ സമിതി

ഒരു ലക്ഷം രൂപയിൽ താഴെ അടങ്കൽ തുകയുള്ള മരാമത്ത് പണികൾ ഗുണഭോക്തൃ സമിതിയെ ഏല്പിക്കുകയോ, ടെണ്ടർ/ഇ-ടെണ്ടർ രീതി അവലംബിക്കുകയോ ചെയ്യാം. ഒരു ലക്ഷമോ അതിൽ കൂടുതലോ അടങ്കൽ വരുന്ന പ്രവൃത്തികൾ നിർബന്ധമായും ഇ-ടെണ്ടർ ചെയ്യേണ്ടതാണ്. (2023 മാർച്ച് വരെ ഇതിന് ഇളവ് നൽകിയിട്ടുണ്ട്)

ഗുണഭോക്തൃ സമിതിയെ നിർവ്വഹണം ഏൽപ്പിക്കുന്ന സംഗതിയിൽ, ഗുണഭോക്തൃ സമിതിയുടെ ചെയർമാന്റെയും കൺവീനറുടേയും പേരിൽ സ്ഥലത്തെ സഹകരണ ബാങ്കിലോ ദേശാസൽകൃത ബാങ്കിലോ ജോയിന്റ് അക്കൗണ്ട് തുടങ്ങണം. ഈ അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാട് നടത്താവൂ. നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഒപ്പിട്ടു കഴിഞ്ഞാൽ സമിതിക്ക് കരാർ തുകയുടെ 25 ശതമാനം തുക (പരമാവധി ഒരു ലക്ഷം രൂപ) മൊബിലൈസേഷൻ അഡ്വാൻസ് നൽകാവുന്നതാണ്. ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ, അംഗങ്ങൾ എന്നിവരുമായി സംയുക്ത കരാറും ചെയർമാൻ, കൺവീനർ എന്നിവരുമായി പ്രത്യേക കരാറും ഉണ്ടായിരിക്കേണ്ടതാണ്. ഗുണഭോക്തൃ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതും ചെലവുകൾ അംഗീകരിക്കേണ്ടതും പണി പൂർത്തീകരിച്ച ശേഷം മൊത്തം വരവു ചെലവ് കണക്കുകൾ വൗച്ചറുകൾ എന്നിവ പരിശോധിച്ച് അംഗീകരിക്കേണ്ടതും ആണ്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതുമാണ്.

### 9.5.2 അക്രഡിറ്റഡ് ഏജൻസി/അംഗീകൃത ഏജൻസി മുഖേന

സ്വന്തം നിലയ്ക്ക് പ്രവർത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘടനാ ശേഷിയും സന്നദ്ധതയും ഉള്ള അദ്ധ്യാപക – രക്ഷാകർതൃ സമിതികളെ ബന്ധപ്പെട്ട് സ്കൂളിന്റെ നിർമ്മാണ പ്രവർത്തികൾ ടെൻഡർ കൂടാതെ ഗുണഭോക്തൃ സമിതിക്ക് ബാധകമായ നിബന്ധനകൾ പ്രകാരം നിർവഹണ ചുമതല ഏല്പിക്കാവുന്നതാണ്. ഈ രീതിയിൽ അവലംബിച്ച് നടപ്പിലാക്കാവുന്ന പ്രൊജക്ടുകളുടെ അടങ്കൽ തുകയുടെ പരിധി 25 ലക്ഷം രൂപയായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ പ്രവർത്തികളുടെ നിർവഹണം അക്രഡിറ്റ് ഏജൻസികളെ (പി.എം.സി./നോൺ പി.എം. സി) ഏൽപ്പിക്കാവുന്നതാണ്. ഇപ്രകാരം പ്രവർത്തികൾ നടത്തുമ്പോൾ ധനവകുപ്പിന്റെ ഉത്തരവുകൾ (4.7.2019 ലെ GO (P) No. 77/2019/Fin/28.4.2021 ലെ GO (P) No. 67/2021/ Fin, 17.1.2022 ലെ GO (P) No. 7/2022/Fin) പ്രകാരമുള്ള ബിഡ്ഡിംഗ്/ലിമിറ്റഡ് ടെൻഡർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഇത്തരം സ്ഥപനങ്ങളേയും ഗുണഭോക്തൃ സമിതികളേയും ഏല്പിക്കുന്ന പണികളുടെ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ നികുതികൾക്കും മറ്റും വേണ്ടിവരുന്ന തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നഗരസഭ അടയ്ക്കേണ്ടതാണ്. പണികൾ ഏല്പിക്കുന്നതിന് ടെണ്ടർ/ക്വട്ടേഷൻ ആവശ്യമില്ല.

### 9.5.3 തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട്

അടിയന്തിര ഘട്ടങ്ങളിൽ പണികൾ നഗരസഭയ്ക്ക് നേരിട്ട് നടപ്പാക്കാവുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ വാങ്ങലുകളും കൂലി നൽകലും നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് നിർവ്വഹിക്കേണ്ടതാണ്. സാധനങ്ങൾ ക്വട്ടേഷൻ/ടെണ്ടർ പ്രകാരം വാങ്ങണം. പണിയെടുപ്പിക്കുന്നുണ്ടെങ്കിൽ മസ്റ്റർ റോൾ സൂക്ഷിക്കണം. നിർമ്മാണ പ്രവൃത്തിയാണെങ്കിൽ എഞ്ചിനീയർ അളവുകൾ രേഖപ്പെടുത്തി ബില്ലെഴുതണം. എസ്റ്റിമേറ്റ് തുകയ്ക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തണം. കരാറുകാരന്റെ ലാഭം ഉൾപ്പെടുകയില്ല.

### 9.5.4 പീസ് വർക്ക് കരാർ

നിശ്ചയിക്കപ്പെട്ട സാങ്കേതിക നിബന്ധനകളനുസരിച്ച് പണി ചെയ്യുന്നതിനുള്ള പണിക്കൂലിക്ക് പീസ് വർക്ക് കരാർ നൽകാവുന്നതാണ്. ഇങ്ങനെ ഏല്പിക്കുന്ന പണികൾക്ക് വേണ്ട സാധനസാമഗ്രികൾ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകണം. നിരതദ്രവ്യം, ജാമ്യനിക്ഷേപം എന്നിവ ഒഴിച്ച് കരാർ നൽകുന്നതിനുള്ള നിബന്ധനകളെല്ലാം ഈ രീതിക്കും ബാധകമാണ്. എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം ഉൾപ്പെടുത്താം. നിർമ്മാണ ചെലവ് എസ്റ്റിമേറ്റ് തുകയിൽ കൂടാൻ പാടില്ല.

### 9.5.5 കരാറുകാരൻ മുഖേനയുള്ള നിർവ്വഹണം

പൊതുമരാമത്ത് ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ കരാറുകാരൻ മുഖേന നിർവ്വഹണം നടത്താവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. പരസ്യച്ചെലവ് കുറയ്ക്കുന്നതിലേക്ക് കഴിവതും ഒരുമിച്ച് ടെണ്ടർ ക്ഷണിക്കാവുന്നതാണ്. 50,000 രൂപയിൽ അധികം മതിപ്പ് ചെലവ് വരാത്ത പണികൾക്കും അടിയന്തിര സ്വഭാവമുള്ള പണികൾക്കും ടെണ്ടർ നിർബന്ധമില്ല. എഴുപത് ലക്ഷം രൂപയോ അതിൽ കൂടുതലോ മതിപ്പ് ചെലവ് വരുന്ന പണികൾക്ക് പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത കരാറുകാരനിൽ നിന്നു മാത്രമേ ടെണ്ടർ സ്വീകരിക്കാവൂ.

### 9.5.6 ഡെപ്പോസിറ്റ് വർക്ക്

വളരെ കൂടിയ വൈദഗ്ധ്യം ആവശ്യമുള്ള പണികൾ ബന്ധപ്പെട്ട വകുപ്പുകളെയോ ഏജൻസികളെയോ, നിർവ്വഹണത്തെ സംബന്ധിച്ച നിബന്ധനകളിൽ പരസ്പര ധാരണയിലെത്തി ഏൽപ്പിക്കാവുന്നതാണ്. അവരിൽ നിന്നും വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കിയ ശേഷമായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട വകുപ്പ്/ഏജൻസിയുമായി ധാരണാപത്രം ഒപ്പിടണം. കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, കേരള ഭൂഗർഭജല വകുപ്പ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിന് വേണ്ടി ഫണ്ട് മുൻകൂറായി നൽകാവുന്നതാണ്. പ്രത്യേക ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് സർക്കാർ അനുവാദം നൽകുന്ന മറ്റ് പ്രവർത്തികൾക്കും ഈ രീതി അവലംബിക്കാവുന്നതാണ്. ഡെപ്പോസിറ്റ് വർക്കുകൾക്ക് സെന്റേജ് ചാർജ്ജ് നൽകേണ്ടതാണെങ്കിൽ ആയത് വികസന ഫണ്ടിൽനിന്നും അടയ്ക്കാവുന്നതാണ്.

### 9.5.7 ലേബർ കോൺട്രാക്ട് സൊസൈറ്റി

മരാമത്ത് പണികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് 11.8.2017-ലെ സർക്കാർ ഉത്തരവ് (സാധാ)2780/2017/തസ്വഭവ ഉത്തരവ് പ്രകാരം ഉള്ള ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.

### 9.5.8 പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ

അംഗീകാരം ലഭിക്കുന്ന പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി പൂർത്തിയാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

» നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ
» പ്രതിമാസ നിർവ്വഹണ അവലോകനം
» ആവശ്യമായ കമ്മിറ്റി സംവിധാനങ്ങൾ രൂപീകരിക്കൽ
» പദ്ധതി നിർവ്വഹണ ഏകോപനവും വിലയിരുത്തലും
» പിന്തുണാ സംവിധാനങ്ങൾ, മോണിട്ടറിംഗ് സംവിധാനങ്ങൾ എന്നിവ ഫലപ്രദമായി പ്രവർത്തിപ്പിക്കുക.

## 9.6 പദ്ധതി മോണിറ്ററിംഗ്

ഏതൊരു വികസന ക്ഷേമ പ്രവർത്തനവും വിജയിക്കണമെങ്കിൽ മോണിറ്ററിംഗ് അനിവാര്യമാണ്. ഒരു പ്രവർത്തനം തീരുമാനിച്ച് നടപ്പിലാക്കി തുടങ്ങിയാൽ അത് ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതുവരെ അത് നടത്തുന്നവരും തീരുമാനിച്ചവരും പ്രയോജനം ലഭിക്കുന്നവരും എല്ലാം ചേർന്ന് നടത്തുന്ന നിരന്തര ദിശാഗതി നിയന്ത്രണമാണ് മോണിറ്ററിംഗ്. അതാത് വിഷയവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് മോണിറ്ററിംഗ് നടത്തേണ്ടത്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ തന്നെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ഏതെന്ന് അതിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. ഒരു പ്രോജക്ട് നിർവ്വഹണം ആരംഭിക്കുമ്പോൾ തന്നെ മോണിറ്ററിംഗും ആരംഭിക്കണം. നിർവ്വഹണം നടത്തുന്ന പ്രോജക്ട് വിശദാംശങ്ങൾ മോണിറ്ററിംഗ് കമ്മിറ്റിക്ക് അപ്പോൾ തന്നെ കൈമാറേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച് ചേർത്ത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ അതിലെ ഒരു ഔദ്യോഗിക അംഗത്തെ മോണിറ്ററിംഗ് കമ്മിറ്റി കൺവീനറായി തെരഞ്ഞെടുക്കേണ്ടതാണ്. കൂടാതെ മോണിറ്ററിംഗ് നടത്തേണ്ട ഘട്ടങ്ങളും ഘടകങ്ങളും ചർച്ചയിലൂടെ തീരുമാനിക്കുകയും ഓരോ അംഗങ്ങൾക്കും ചുമതലകൾ വീതിച്ച് നൽകുകയും വേണം. തുടർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തൽ നടത്തി റിപ്പോർട്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിക്കും കൈമാറേണ്ടതാണ്. പ്രോജക്ട് പൂർത്തീകരണ ശേഷം മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് അന്തിമ റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതോടൊപ്പം മിനുട്ട്സിൽ രേഖപ്പെടുത്തുകയും റിപ്പോർട്ട് ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും കൈമാറേണ്ടതുമാണ്. പ്രോജക്ട് നിർവ്വഹണം ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതുവരെയുള്ള ഒരു തുടർപ്രവർത്തനമാണ് മോണിറ്ററിംഗ്. കാര്യക്ഷമമായ ഒരു മോണിറ്ററിംഗ് സംവിധാനമുള്ളിടത്ത് പദ്ധതികൾ ശരിയായ രീതിയിൽ സമയബന്ധിതമായി നിർവ്വഹിക്കപ്പെടുമെന്നതിൽ സംശയമില്ല.

കുറ്റങ്ങളും കുറവുകളും അപ്പഴപ്പോൾ കണ്ടുപിടിച്ച് അവ പരിഹരിച്ച് ശരിയായ ദിശയിൽ മുന്നോട്ട് പോകാനാണ് മോണിറ്ററിംഗ് നടത്തേണ്ടത്. മറിച്ച് പൂർത്തീകരിച്ചതിനുശേഷമുള്ള അവലോകനമോ വിലയിരുത്തലോ ഓഡിറ്റോ അല്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും, നിർവ്വഹണ ഏജൻസിയേയും, നിർവ്വഹണ ഉദ്യോഗസ്ഥരേയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിറ്ററിംഗ്. അതുകൊണ്ട് തന്നെ ആസൂത്രണ നിർവ്വഹണ തലങ്ങളിൽ മോണിറ്ററിംഗ് സുപ്രധാനമാണ്. ആസൂത്രണത്തിലും നിർവ്വഹണത്തിലും കൊണ്ടുവന്ന ജനകീയ പങ്കാളിത്തം മോണിറ്ററിംഗ് രീതിയിലും ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതി പണം ചെലവഴിച്ചോ എന്നതിലുപരി ചെലവഴിച്ച പണം വിഭാവനം ചെയ്ത പ്രവർത്തനങ്ങൾക്കാണോ ചിലവഴിച്ചത്, ലക്ഷ്യങ്ങൾ കൈവരിച്ചുവോ എന്നതും മോണിറ്ററിംഗിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങളാണ്. സുതാര്യത ഉറപ്പ് വരുത്തിയും സാമൂഹ്യനീതി ഉപാധികൾ സംരക്ഷിച്ചുമാണോ

പദ്ധതിനിർവ്വഹണം നടത്തുന്നത് എന്നീ കാര്യങ്ങൾ പരിശോധിച്ച് കുറ്റമറ്റ രീതിയിലാക്കാൻ മോണിറ്ററിംഗ് നമ്മെ സഹായിക്കും

മോണിറ്ററിംഗ് കൊണ്ട് ലക്ഷ്യമാക്കുന്നത്.

» ശരിയായ രീതിയിലുള്ള പദ്ധതി പ്രവർത്തന മേൽനോട്ടം നടത്തുക (Supervision)
» പോരായ്മകൾ കണ്ടെത്തിയാൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക (Follow up)
» അഴിമതിക്കും സ്വജനപക്ഷപാതത്തിനുമെതിരെ ജാഗ്രത (Vigilance)
» എല്ലാ തലങ്ങളിൽ നിന്നുമുള്ള പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളെ നിരീക്ഷിക്കൽ (Observation)
» കൃത്യമായ പ്രവർത്തന അവലോകനം (Review)
» തെറ്റ് തിരുത്തി ശരിയായ ദിശയിൽ നിർവ്വഹണം സാധ്യമാക്കൽ (Correction)
» നിയതമായ രീതിയിലുള്ള പ്രവർത്തനം അവലംബിക്കൽ – ദിശാഗതി നിയന്ത്രണം (Guidance)
» പ്രവർത്തന നിയന്ത്രണം (Control)
» പദ്ധതികളുടെ നിർവ്വഹണം ശരിയാണോ എന്നും പരിശോധിക്കുക (Verification)
» കണ്ടെത്തിയ കാര്യങ്ങളെ കുറിച്ച് അധികാരികൾക്കും/അധികാരസ്ഥാനങ്ങൾക്കും വിവരണം നൽകുക (Report)

### 9.6.1 മോണിറ്ററിംഗ് ചുമതലകൾ

» പുരോഗതി ലക്ഷ്യത്തിലൂന്നിയാണോ എന്നും പ്രക്രിയയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടോ എന്നും മനസ്സിലാക്കുക.
» വിഭവങ്ങളുടെ പരമാവധി വിനിയോഗം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
» നിർവ്വഹണം ശരിയായ സമയക്രമം പാലിച്ചുകൊണ്ടാണോ എന്ന് പരിശോധിക്കുക.
» സ്റ്റേക്ക് ഹോൾഡർമാരുടെ പങ്ക് ഉറപ്പ് വരുത്തുന്നുണ്ടോ എന്ന് മനസ്സിലാക്കുക
» നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെട്ടിട്ടുണ്ടോ, സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കുക.
» നിയതമല്ലാത്ത രീതികൾ അവലംബിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾതന്നെ റിപ്പോർട്ട് ചെയ്തുകൊണ്ട് തിരുത്താൻ ശ്രമിക്കുക.
» പ്രോജക്ടിന്റെ ഫലപ്രാപ്തിയെ കുറിച്ച് വിലയിരുത്തുക.
» ഗുണഭോക്താക്കൾക്ക് സമ്പൂർണ്ണ ഗുണഫലം ഉറപ്പാക്കൽ
» പ്രോജക്ടുകളുടെ ആസൂത്രണത്തിനും വികസനത്തിനും സാമൂഹിക കൂട്ടായ്മക്കും ആവശ്യമായ സംഭാവനകൾ നൽകൽ

### 9.6.2 മോണിറ്ററിംഗ് എങ്ങനെ?

ഓരോ വർക്കിംഗ് ഗ്രൂപ്പുകളും ബന്ധപ്പെട്ട മേഖലയിലെ ഓരോ പ്രോജക്ടും പ്രത്യേകം മോണിറ്ററിംഗ് നടത്തേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകണം. ഓരോ പ്രോജക്ടിന്റെയും പ്രവർത്തനഘടകങ്ങളെ സമിതി അംഗങ്ങൾക്ക് ഒറ്റയ്ക്കും കൂട്ടായും പരിശോധിക്കാവുന്നതാണ്. ചുമതലകൾ വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കേണ്ടതാണ്, എങ്കിലും മോണിറ്ററിംഗ് ഉത്തരവാദിത്വം വ്യക്തിക്കല്ല

മറിച്ച് മോണിറ്ററിംഗ് ടീമിനാണ്. ഓരോ പ്രോജക്ടിന്റെയും, മോണിറ്ററിംഗ് ഘട്ടങ്ങൾ ആദ്യം തന്നെ നിശ്ചയിച്ചുകൊണ്ട് അതിനനുസൃതമായ രീതിയിൽ മോണിറ്ററിംഗ് കലണ്ടർ തയ്യാറാക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതിയിലുയരുന്ന വ്യത്യസ്ത അഭിപ്രായങ്ങൾ പരിഗണിച്ച് സംശയദുരീകരണം നടത്തി തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. ഓരോ പ്രോജക്ടിനും പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റി വേണ്ട, വിഷയമേഖലയ്ക്ക് ഒന്ന് മതിയാകും. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുഴുവൻ പ്രദേശത്തും വ്യാപിച്ച് കിടക്കുന്ന നിർവ്വഹണ പ്രവർത്തനങ്ങൾക്ക് പ്രാദേശിക അടിസ്ഥാനത്തിൽ സമിതികളെ നിശ്ചയിക്കേണ്ടതാണ്. ടെണ്ടർ ചെയ്യുന്ന ഓരോ പ്രവർത്തികൾക്കും ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി നിർബന്ധമാണ്. ഇവരുടെ റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് അന്തിമ റിപ്പോർട്ടിൽ പരിഗണിച്ച് പ്രത്യേകമായി ഭരണസമിതിക്ക് നൽകേണ്ടതാണ്. കാര്യക്ഷമമായ പദ്ധതിനിർവ്വഹണത്തിനും ഫലപ്രദമായ മോണിറ്ററിംഗിനും വേണ്ടി സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ വിഷയ മേഖലകളിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ആവശ്യാനുസരണം വിളിച്ച് നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് മിനുട്ട്സ് ബുക്ക്, ഹാജർ ബുക്ക് എന്നിവ കൺവീനർക്ക് കൈമാറേണ്ടതാണ്. പ്രോജക്ട് രേഖ ലഭിച്ചാലുടൻ കൺവീനർ സമിതി യോഗം വിളിച്ച് പ്രോജക്ടിന്റെ വിശദാംശങ്ങൾ (പ്രവർത്തനങ്ങൾ, സമയപരിധി, സംഘടനാ ചുമതല തുടങ്ങിയ കാര്യങ്ങൾ) ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. കൂടാതെ ഓരോ ഘട്ടത്തിലും മോണിറ്ററിംഗിനു വേധേയമാകേണ്ട ഘടകങ്ങൾ ചർച്ച ചെയ്ത് ഉറപ്പുവരുത്തേണ്ടതാണ്. പ്രോജക്ട് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനവും വിലയിരുത്തപ്പെടേണ്ടതാണ്. എല്ലാ യോഗത്തിലും ഹാജരും തീരുമാനങ്ങളും എഴുതി സൂക്ഷിക്കേണ്ടതാണ്. മോണിറ്ററിംഗിന്റെ ഭാഗമായി സ്ഥലപരിശോധന നടത്തേണ്ടതാണ്. സമയാസമയങ്ങളിൽ പുരോഗതി വിലയിരുത്തൽ റിപ്പോർട്ട് ഭരണസമിതിക്ക് കൈമാറേണ്ടതാണ്. പ്രോജക്ട് നിർവ്വഹണം പൂർത്തിയായാൽ അന്തിമ റിപ്പോർട്ട് പത്ത് ദിവസത്തിനകം നിർവ്വഹണ ഉദ്യോഗസ്ഥനും മോണിറ്ററിംഗ് സമിതിയും ചേർന്ന് തയ്യാറാക്കി നൽകേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിന് പുറമേയാണ് പൂർത്തീകരണ പത്രം നൽകേണ്ടത്. പ്രൊജക്ട് പൂർത്തീകരിച്ച തീയതി, പദ്ധതിയുടെ പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം, സൃഷ്ടിക്കപ്പെട്ട ആസ്തികൾ, ഭൗതിക നേട്ടങ്ങൾ, ചെലവഴിച്ച തുക, പൂർത്തീകരണം വൈകിയെങ്കിൽ അതിന്റെ കാരണം എന്നീ കാര്യങ്ങൾ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം മോണിറ്ററിംഗ് സമിതിയുടെ അന്തിമ അഭിപ്രായം, വിലയിരുത്തൽ റിപ്പോർട്ട് എന്നിവ മോണിറ്റിംഗ് സമിതി കൺവീനർ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.

## 9.7 സോഷ്യൽ ഓഡിറ്റ്

ജനങ്ങൾ നൽകുന്ന പണം ജനങ്ങൾക്ക് വേണ്ടി ചെലവിടുമ്പോൾ അത് ശരിയായി തന്നെയാണോ ചെലവിട്ടത് എന്ന് നേരിട്ട് നിരീക്ഷിക്കുവാൻ ജനങ്ങൾക്ക് അവകാശമുണ്ട്. നാളിതുവരെ സർക്കാർ പണത്തിന്റെ വിനിയോഗം പരിശോധിക്കുന്നത് ഉദ്യോഗസ്ഥർ തന്നെയാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ്

ഓഡിറ്റ് ഇവയൊക്കെ ഫയലിൽ തെറ്റ് കണ്ടുപിടിച്ച് ഫയലിലൂടെ പരിഹാരം നേടുമ്പോൾ ധനവിനിയോഗം നേരിട്ട് നിരീക്ഷിച്ച് അതിന്റെ ഗുണഭോക്താക്കൾ തന്നെ ശരി തെറ്റ് വിലയിരുത്തുന്നതാണ് സോഷ്യൽ ഓഡിറ്റ്.

സർക്കാർ ധനം വിനിയോഗിച്ചതിന് ഉദ്ദേശിച്ച ഫലസിദ്ധി ഉണ്ടായോ, ഇതിൽ വിഭാവനം ചെയ്തിരുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് സമയബന്ധിതമായും വേണ്ട അളവിലും ലഭിച്ചോ, നിയമത്തിലെ ഏതെങ്കിലും അവകാശം നിഷേധിക്കപ്പെട്ടോ, ഏതെങ്കിലും നിർവ്വഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ, ഏറ്റെടുത്ത പ്രവൃത്തികൾ പദ്ധതി വിഭാവനം ചെയ്ത ഫലം നല്കിയോ ചുമതലക്കാരുടെ ഭാഗത്ത് വീഴ്ചയുണ്ടായോ എന്നൊക്കെ പരസ്യമായി ഗുണഭോക്താക്കളും, ഉദ്യോഗസ്ഥരും നാട്ടുകാരും നിഷ്പക്ഷമതികളും കൂടിയിരുന്ന് ചർച്ച ചെയ്ത് വിഴ്ച്ചകൾ ചൂണ്ടിക്കാണിക്കാനും വീഴ്ച വരുത്തിയവരെ തുടർനടപടികൾക്ക് വിധേയമാക്കാനും സോഷ്യൽ ഓഡിറ്റ് വിഭാവനം ചെയ്യുന്നു.

വാർഡ്സഭ സോഷ്യൽ ഓഡിറ്റ് ആറ് മാസത്തിലൊരിക്കൽ കർശനമായും നടത്തിയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.

നഗരസഭ തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് 10 മുതൽ 12 പേർ വരെ അടങ്ങിയ സോഷ്യൽ ഓഡിറ്റ് സമിതിക്കും വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് അഞ്ച് മുതൽ ഏഴ് വരെ പേർ അടങ്ങിയ വാർഡ് തല സോഷ്യൽ ഓഡിറ്റ് സമിതികൾക്കും നഗരസഭ കൗൺസിൽ രൂപം നൽകേണ്ടതാണ്. ഇവർ ബന്ധപ്പെട്ട ഓഫീസുകൾ സന്ദർശിച്ച് ഫയലുകൾ പരിശോധിച്ചും, പ്രവൃത്തികൾ പരിശോധിച്ചും തൊഴിലാളികളും, നാട്ടുകാരും, പ്രവൃത്തിയുടെ ഗുണഭോക്താക്കളും, ജനപ്രതിനിധികളും സന്നദ്ധ സംഘടനകളും മറ്റുമായി ചർച്ചചെയ്ത് പദ്ധതി നിർവ്വഹണത്തിന്റെ ശക്തി ദൗർബല്യങ്ങൾ വിലയിരുത്തിയും പോരായ്മകൾ ചൂണ്ടിക്കാണിച്ചും, വീഴ്ചകൾ വരുത്തിയ ഉദ്യോഗസ്ഥരെ പേരെടുത്ത് പറഞ്ഞും, അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് ഉയർത്തിക്കാണിച്ചും ഒരു റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുള്ള ചുമതല സോഷ്യൽ ഓഡിറ്റ് ടീം അധ്യക്ഷനാണ്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം സോഷ്യൽ ഓഡിറ്റ് വേദിയിൽ അനിവാര്യമാണ്. സോഷ്യൽ ഓഡിറ്റ് നടത്തിയ നിരീക്ഷണങ്ങളുടെ മേൽ പ്രാദേശിക സ്വയംഭരണ സ്ഥാപനം കൈക്കൊള്ളേണ്ട നടപടികൾ പൊതുരേഖയായി പ്രസിദ്ധീകരിക്കണം. ഇത് നടപടി കൈക്കൊണ്ട റിപ്പോർട്ട് (എ.ടി.ആർ) ആയി പരിഗണിക്കപ്പെടും. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും, നടപടി കൈക്കൊണ്ട റിപ്പോർട്ടും അടുത്ത സോഷ്യൽ ഓഡിറ്റിനായുള്ള പശ്ചാത്തല രേഖയായി മാറ്റും. സോഷ്യൽ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന തുടർനടപടി റിപ്പോർട്ട് അടുത്ത വാർഡുസഭാ യോഗത്തിൽ സെക്രട്ടറി അവതരിപ്പിക്കുന്നു.

### 9.7.1 സാമൂഹ്യ ഓഡിറ്റിനായി അവശ്യം പരിശോധിക്കേണ്ട രേഖകളുടെ പട്ടിക.

» കാഷ് ബുക്ക്
» സബ്സിഡിയറി കാഷ് ബുക്ക്
» വിവിധതരം ഫണ്ടുകൾ വൗച്ചറുകൾ, ഫയലുകൾ
» ട്രഷറി, ബാങ്ക് പാസ് ബുക്കും ട്രഷറി സ്ഥിതിവിവര രേഖയും
» ട്രഷറി ബിൽ ബുക്ക്
» ബിൽ രജിസ്റ്റർ

» ചെക്ക് കൗണ്ടർ ഫോയിൽ
» എ.ബി.സി. വിഭാഗം ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ
» പദ്ധതിരേഖയുടെ കരട്, അന്തിമ പദ്ധതിരേഖ ജില്ലാ കളക്ടർ അംഗാകരിച്ച നടപടിക്രമം
» വാർഷിക പദ്ധതി രേഖ ജില്ലാ കളക്ടർ അംഗീകരിച്ച നടപടിക്രമം
» ചെക്ക് അനുവദിക്കൽ രജിസ്റ്റർ
» സമ്പാദ്യ രജിസ്റ്റർ
» ട്രഷറി, ബാങ്ക്, പോസ്റ്റ് ഓഫീസ് സമ്പാദ്യ രജിസ്റ്റർ
» വായ്പ രജിസ്റ്റർ
» നിക്ഷേപ രജിസ്റ്റർ
» ചെക്ക്, ഡ്രാഫ്റ്റ് രജിസ്റ്റർ
» പദ്ധതി രജിസ്റ്റർ
» പദ്ധതി നിർവ്വഹണ ഉദ്യോഗാനുസൃത പദ്ധതി വിഹിത വിനിയോഗ രജിസ്റ്റർ
» ദർഘാസ് നോട്ടീസ്/പരസ്യം
» ദർഘാസ് രജിസ്റ്റർ
» കരാർ രജിസ്റ്റർ
» പ്രവൃത്തി ബിൽ രജിസ്റ്റർ
» പ്രവൃത്തി ഫയലും എം ബുക്കും
» റോഡ് രജിസ്റ്റർ
» ആസ്തി രജിസ്റ്റർ
» എല്ലാ വാങ്ങലുകളുടേയും രസീത് ബുക്കും സ്റ്റോക്ക് രജിസ്റ്ററും
» മിനുട്ട്സ് ബുക്ക് (പൊതുവായതും സ്റ്റാന്റിംഗ് കമ്മിറ്റികളുടേതും)
» വാർഡ്സഭ മിനുട്ട്സ്, വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സും
» ഗുണഭോക്തൃ പട്ടിക
» സർക്കാരിലേക്കുള്ള ബാദ്ധ്യത രജിസ്റ്റർ

# 10

# ഉന്നത വിദ്യാഭ്യാസം

നഗരസഭാ പ്രദേശത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തെ ഇടപെടൽ സാധ്യതകളും മാതൃകകൾ സൃഷ്ടിക്കലും.

## 10.1 പശ്ചാത്തലം

നിലവിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായ ചുമതലകളോ അധികാരങ്ങളോ ഇല്ല. മുനിസിപ്പൽ ആക്ട്, പഞ്ചായത്ത് രാജ് ആക്ടിലോ സർവകലാശാല നിയമങ്ങളിലോ ഏതെങ്കിലും ചുമതലകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുമില്ല.

ഈ വസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ശേഷിയെ പരിമിതപ്പെടുത്തുന്നുണ്ട്. നിലനിൽക്കുന്ന സാഹചര്യത്തിൽ, പ്രധാനമായും മൂന്ന് തരത്തിലുള്ള ഇടപെടൽ സാധ്യതകളാണ് നിർദ്ദേശിക്കുന്നത്.

» നഗരസഭാ പരിധിക്കകത്തുള്ള വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനും മാർഗ്ഗനിർദ്ദേശത്തിനുമായുള്ള പ്രവർത്തന പദ്ധതികൾ.

» ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിജ്ഞാപന – സാമൂഹ്യസേവന പദ്ധതികളുടെ സംയോജനവും ഏകോപനവും

» പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കാദമിക മുന്നേറ്റത്തിന് ഉന്നത വിദ്യാഭ്യാസ സ്രോതസുകളെ ഉപയോഗപ്പെടുത്തൽ

## 10.2 പ്രശ്നങ്ങളും ഇടപെടൽ സാധ്യതകളും

1. നിലവിൽ ഉന്നതവിദ്യാഭ്യാസരംഗം നഗരസഭകൾക്ക് നിയമപരമായി കൈമാറി കിട്ടിയിട്ടില്ലാത്ത മേഖല ആയതിനാൽ ഈ രംഗത്ത് മുൻകാല അനുഭവങ്ങളോ മാതൃകകളോ നിലനിൽക്കുന്നില്ല. സാധ്യതകളെയും ഇടപെടൽ മേഖലയെയും സംബന്ധിച്ച പുതിയ അന്വേഷണങ്ങൾ ഇനിയും നടക്കേണ്ടിയിരിക്കുന്നു.
2. ഈ അദ്ധ്യായത്തിൽ പരാമർശിക്കാത്തതടക്കമുള്ള ഏതെങ്കിലും മുൻകാല മാതൃകകൾ ഒറ്റപ്പെട്ട രീതിയിൽ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഡോക്യുമെന്റ് ചെയ്യുകയും മാതൃകയായി സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

3. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യ വികസനം, അക്കാദമിക രംഗത്തെ നേരിട്ടുള്ള ഇടപെടലുകൾ എന്നിവയിൽ നിയമപരമായ ചുമതലകൾ ഇല്ലാത്ത സാഹചര്യത്തിൽ, നഗരസഭകളുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നില്ല.
4. എന്നാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൂമിശാസ്ത്രപരമായ വിതരണം, അക്കാദമികമായ സ്പെഷലൈസേഷൻ എന്നീ കാരണങ്ങൾ മൂലം നഗരസഭാ പരിധിക്കകത്ത് ജീവിക്കുന്നവരും പരിധിക്കകത്തോ പുറത്തോ ഉള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരും അല്ലാത്തവരുമായ വിദ്യാർത്ഥികളുടെ അക്കാദമിക ആവശ്യങ്ങൾ, ശേഷി നൈപുണി വികസനം, ക്രെഡിറ്റ് സമ്പാദനം, വ്യക്തിത്വവികസനം, ജോലിക്കും തുടർവിദ്യാഭ്യാസത്തിനും ആവശ്യമായ മാർഗ്ഗനിർദ്ദേശം, കൗൺസലിംഗ് പഠന പരിപോഷണ പരിപാടികൾ എന്നിവ നഗരസഭാ തലത്തിൽ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും കഴിയുന്നതാണ്.
5. നിലവിൽ യു.ജി.സി, സി.ടി.ഇ. തുടങ്ങിയ ഉന്നത വിദ്യാഭ്യാസ റഗുലേറ്ററി ഏജൻസികളുടെ മൂല്യനിർണ്ണയത്തിന്റെയും അംഗീകാരത്തിന്റെയും മാനദണ്ഡം എന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പ്രധാനമായും
    - വിജ്ഞാന വ്യാപനം
    - സാമൂഹ്യസേവനം
6. എന്നീ മേഖലകളിലായാണ് ഈ പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങളെ നഗരസഭയുടെ വൈജ്ഞാനികവും സാംസ്കാരികവുമായ ആവശ്യങ്ങൾക്കനുസൃതമായി രൂപം നൽകുക, അതിന്റെ ഏകോപന ചുമതല നിർവഹിക്കുക എന്നിവ വിദ്യാഭ്യാസം–കല–കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർവഹിക്കാനാകും.
7. അടിസ്ഥാന നൈപുണി പരിശീലനം മുതൽ സമൂഹ നിർമിതിയുടെ ഭാഗമായ സംരംഭകത്വ വികസനം വരെയുള്ള പദ്ധതികൾ ഈ രംഗത്ത് സാധ്യമായവയാണ്.
8. വിജ്ഞാനവ്യാപനത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കാദമിക മുന്നേറ്റത്തിനായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തുന്നതിന്റെ വിപുലമായ സാധ്യതകൾ പ്രവർത്തന പദ്ധതികളാക്കി മാറ്റാനും വിജയകരമായി നടപ്പിലാക്കാനും കഴിയും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിഭവ കേന്ദ്രങ്ങളാക്കി വിഭാവനം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് സാധ്യതകൾ ഏറെയാണ്.

## 10.3 പദ്ധതി ആശയങ്ങളുടെ കരട് നിർദ്ദേശങ്ങൾ – സൂചകങ്ങൾ

### A. രണ്ട് വിഭാഗം ഗുണഭോക്താക്കളെയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്.

» നഗരസഭാ പരിധിക്കകത്ത് താമസിക്കുന്നവരും വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുമായ വിഭാഗം.

» സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞവരും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്നിട്ടില്ലാത്തവരുമായ ഭൂരിപക്ഷ വിഭാഗം.

ഈ രണ്ട് വിഭാഗത്തിൽപ്പെട്ടവരുടെയും സമഗ്രവികസനം, നൈപുണ്യവികസനം, തൊഴിൽ ക്ഷമത വർദ്ധിപ്പിക്കൽ, തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള

വിവിധതരം പദ്ധതികൾ വിഭാവനം ചെയ്യാവുന്നവയാണ്.

1. ഹയർസെക്കന്ററി കോഴ്സുകൾ പൂർത്തീകരിക്കുന്ന വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായുള്ള മാർഗ്ഗനിർദ്ദേശം, പരിശീലനം, പിന്തുണാസംവിധാനം (അവശ വിഭാഗങ്ങൾക്ക് യാത്രാചെലവ് അടക്കം) വിവിധ സ്ഥാപനങ്ങളുമായുള്ള ഏകോപനം എന്നിവയ്ക്കായുള്ള സ്ഥിരം സംവിധാനവും നടത്തിപ്പും
2. ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കാത്ത യുവതയെ തൊഴിൽ സേനയാക്കി മാറ്റാൻ പര്യാപ്തമായ വിധം തൊഴിൽ ശേഷികൾ, ജീവിതനൈപുണികൾ, വ്യക്തിത്വ വികസനം എന്നിവയിൽ പരിശീലനം നൽകുന്ന പദ്ധതികൾ. NULM, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വൈജ്ഞാനിക വ്യാപന പരിപാടികൾ എന്നിവയുടെ സംയോജനം ആലോചിക്കാം.
3. നഗരസഭാ പരിധിയ്ക്കകത്തെ വിദ്യാർഥികൾക്ക് അധികപഠനം, ഇന്റേൺഷിപ്പ് പ്രൊജക്ട്കൾ എന്നിവക്കായി നഗരസഭയുടെ തനതു പദ്ധതികൾ നഗരസഭാ സ്ഥാപനങ്ങൾ, ഘടക സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയെ ഉൾപ്പെടുത്തിയതാവണം ഇത്തരം പദ്ധതികൾ.
4. നഗരസഭാ പ്രദേശത്തെ ജനജീവിതത്തെ ഗുണപരമായി സ്വാധീനിക്കാനും മാറ്റി തീർക്കാനും ഉതകുന്ന വിധമുള്ള (ബി–ടെക്, ഡിപ്ലോമ, സർട്ടിഫിക്കറ്റ്) കോഴ്സുകൾ നിർദേശിക്കാനും നടപ്പിലാക്കാനും പദ്ധതികൾ നിർദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.

**B. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിജ്ഞാന വ്യാപന–സാമൂഹ്യസേവന പരിപാടിയുടെ സംയോജനം ഏകോപനം എന്നിവ സാധ്യമാക്കുന്ന പദ്ധതികൾ.**

» ഉപഭോക്താക്കൾ
» ഉയർന്ന ക്ലാസ്സുകളിലെ വിദ്യാർഥികൾ
» പൊതുവിദ്യാലയം – പൊതു വിദ്യാഭ്യാസം
» തൊഴിൽ സേന/യുവാക്കൾ

1. പ്രത്യേക പഠനം, പഠന പരിപോഷണം എന്നിവയ്ക്കായുള്ള പദ്ധതികൾ
2. പഠന വിഷയങ്ങളിൽ സ്കൂൾ വിദ്യാർഥികൾക്ക് അധിക ബോധനം, ലാബ് പരിശീലനം, ശാസ്ത്രാവബോധനം (ശാസ്ത്ര വിഷയങ്ങളെ ബന്ധിപ്പിച്ചുകൊണ്ട്) ഭാഷാ ലാബുകളിലെ പരിശീലനം തുടങ്ങിയവയ്ക്കുള്ള പദ്ധതികൾ.
3. ഗണിതം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക ശേഷി വികസിപ്പിക്കുന്നതിനും നൽകുന്ന പദ്ധതികൾ, നഗരസഭാ പരിധിയിയ്ക്കകത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സൗകര്യങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തിക്കൊണ്ട് മെച്ചപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികൾ.
4. അടിസ്ഥാന ധാരണകൾ മെച്ചപ്പെടുത്തുന്നതിന് (ഗണിതം, ഭാഷ) പ്രൈമറി ക്ലാസുകളിലെ കുട്ടികൾക്ക് വാസസ്ഥലങ്ങളെ കേന്ദ്രീകരിച്ച് പ്രത്യേക ബോധനം.
5. മത്സര പരീക്ഷാ പരിശീലന പരിപാടികൾ – ( തുടർച്ചയും സംയോജനവും)
6. തൊഴിൽ ശേഷി വികസനം – കമ്മ്യൂണിക്കേഷൻ – ലൈവ് സ്കിൽ പരിശീലനം.
7. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കുന്നവർക്ക് ശേഷി

വികസനത്തിനായി 'ഫിനിഷംഗ്' സ്കൂളുകൾ.

8. എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം (incllusive education) എന്ന ആശയം നടപ്പിലാക്കുന്നതിനായി ആലോചിക്കാവുന്ന ബോധവൽക്കരണം, വിവരവിനിമയം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള ലിങ്കേജ് എന്നിവ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ.
9. ഉന്നത വിദ്യാഭ്യാസരംഗത്ത് മികവിന്റെ കേന്ദ്രങ്ങളിലേക്ക് പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ എത്തിക്കാനുള്ള കൈത്താങ്ങുകൾ.

C. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ – വിഭവ കേന്ദ്രങ്ങൾ

» ഉപഭോക്താക്കൾ
» പൊതുസമൂഹം
» വിദ്യാർത്ഥികൾ

1. ഉന്നത വിദ്യാഭ്യാസ രംഗത്തെ വൈദഗ്ധ്യത്തെ (അദ്ധ്യാപകർ, വിദ്യാർഥികൾ ഗവേഷകർ, ഗവേഷണ ശാലകൾ) നഗരസഭ പരിധിയിലെ വിവിധ മേഖലകളിൽ ഉപയോഗിക്കുന്ന പദ്ധതികൾ
2. (കൃഷി, മൃഗസംരക്ഷണം, ചെറുകിട സംരംഭങ്ങൾ എന്നിങ്ങനെ വിവിധ മേഖലകൾ)
3. വൈജ്ഞാനിക സമൂഹത്തിന്റെ വികാസം എന്ന നിലയിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗവേഷണ ഫലങ്ങളെ സംരംഭകർക്ക് ഉപയുക്തമാക്കി സംരംഭങ്ങൾ വളർത്തിയെടുക്കാൻ ഉതകുന്ന പദ്ധതികൾ.
4. പോളിടെക്നിക്കുകൾ, എൻജിനീയറിംഗ് കോളേജുകൾ, അഗ്രി കോളേജുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ഹ്രസ്വമായ സാങ്കേതിക പരിശീലനങ്ങളും തൊഴിൽ സേനയുടെ രൂപീകരണവും.
5. സ്കൂൾ അദ്ധ്യാപകർ, അദ്ധ്യാപക വിദ്യാർഥികൾ എന്നിവർക്ക് വിഷയാടിസ്ഥാനത്തിൽ ഉയർന്ന തലത്തിലുള്ള ക്ലാസുകൾ.
6. വായനശാലകളെ വൈജ്ഞാനിക–വിനിമയ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള സഹകരണാത്മക പരിപാടികൾ (Collaborative Projects).
7. ഗർഭിണികൾ, അമ്മമാർ, വീട്ടമ്മമാർ എന്നിവർക്കായുള്ള ഹ്രസ്വകാല ക്ലാസുകൾ, ബോധവൽക്കരണ പരിപാടികൾ, തൊഴിൽ/സംരംഭക പരിശീലനങ്ങൾ, ലിംഗപദവി പരിശീലന ക്ലാസുകൾ.

മുകളിൽ സൂചിപ്പിച്ചിരിക്കുന്നത് കരട് നിർദ്ദേശങ്ങൾ ആണെന്നതു കൊണ്ടുതന്നെ പൂർണ്ണമല്ല. ചർച്ചകൾ, സംവാദം, മുൻകാല അനുഭവങ്ങളുടെ അവതരണങ്ങൾ എന്നിവയിലൂടെ മാത്രമേ അവ പൂർണമാവുകയുള്ളൂ.

# 11

# മാറുന്ന നഗരത്തിനൊരു സാംസ്കാരിക സമീപനം

സംസ്കാരം എന്നത് മൂല്യങ്ങൾ, വിശ്വാസങ്ങൾ, ഭാഷാ, ആശയവിനിമയ സംവിധാനങ്ങൾ, ജനങ്ങൾ പൊതുവായി പങ്കിടുന്ന രീതികൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഒരു കൂട്ടായ്മയായി വിലയിരുത്താം. സമൂഹത്തിന്റെ സാമൂഹ്യ ഘടനയിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണത്. എന്നാൽ, സാമ്പത്തിക വ്യത്യാസങ്ങൾക്കനുസരിച്ച് സാംസ്കാരിക വ്യതിയാനം ഇല്ലാതെ നിലനിൽക്കുന്ന ഒന്നാണെന്ന് തിരിച്ചറിയാൻ നമുക്കാവണം.

സാമൂഹ്യശാസ്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആശയങ്ങളിൽ ഒന്നാണ് സാംസ്കാരികതയെന്നത്. സാമൂഹിക ബന്ധങ്ങൾ രൂപപ്പെടുത്തുന്നതിൽ സംസ്കാരത്തിന് നിർണായക പങ്കുണ്ടെന്നും സാമൂഹ്യ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും വെല്ലുവിളി ഉയർത്തുന്നതിനും സംസ്കാരത്തിന് കഴിയുമെന്നും സാമൂഹികശാസ്ത്രജ്ഞർ വിലയിരുത്തുന്നു.

ലോകം എന്താണെന്നും, അതിൽ നമ്മുടെ ഇടം എവിടെയാണെന്നും നമുക്കും ലോകത്തൊരിടമുണ്ടെന്നും, നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾ സംസ്കാരവുമായി നിരന്തരം ബന്ധപ്പെടുന്ന ഒന്നാണെന്നും തിരിച്ചറിയാൻ നമുക്കാവണം.

സംസ്കാരത്തിന്റെ വസ്തുവകകൾ, മൂല്യങ്ങൾ, വിശ്വാസങ്ങൾ, ഭാഷ, ആശയവിനിമയം, ഒരു കൂട്ടം ആളുകൾ പൊതുവായി പങ്കിടുന്ന രീതികൾ എന്നിവയെ സംസ്കാരം നിർവ്വചിക്കുന്നുണ്ട്. ഇവയെ വികസിപ്പിച്ചെടുക്കുന്നത് നമ്മുടെ അറിവ്, സാമാന്യബോധം, അനുമാനങ്ങൾ, പ്രതീക്ഷകൾ എന്നിവയെല്ലാമാണ്. സമൂഹത്തെ നിയന്ത്രിക്കുന്നത് നിലവിലുള്ള സാമൂഹിക നിയമങ്ങൾ, ചട്ടങ്ങൾ, ധാർമികത എന്നിവയാണ്.

നമ്മളുടെ പ്രവർത്തനങ്ങളും ചിന്തകളും എല്ലാം സംസ്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. നമ്മൾ മറ്റു വ്യക്തികളോടും സമൂഹത്തോടും ഏതു രീതികളിൽ ഇടപെടണം എന്നതിനെ കുറിച്ചും സംസ്കാരം നമ്മോട് നിരന്തരം വിളിച്ചു സംവദിക്കുന്നു. സമൂഹത്തിന്റെ നിലവിലിരിക്കുന്ന മതവും ആഘോഷങ്ങളും മറ്റ് കായിക കലാപ്രവർത്തനങ്ങളും എല്ലാം സംസ്കാരത്തെ നിർണയിക്കുന്ന ഘടകങ്ങളാണ്.

മൂല്യവത്തായ സാംസ്കാരിക പ്രവർത്തനമെന്നത് ഏതൊരു വികസിത സമൂഹത്തിന്റേയും കടമയാണെന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയും. ഈയൊരു പശ്ചാത്തലത്തിലാണ് മാറുന്ന നഗരത്തിനൊരു സാംസ്കാരിക സമീപനം എന്ന ആശയം നാം ചർച്ചക്ക് എടുക്കുന്നത്.

## 11.1 പൊതുഇടങ്ങളും സാംസ്കാരിക ഇടങ്ങളും

1. മുൻകാലങ്ങളിൽ നഗരപ്രദേശത്ത് നടന്ന മാതൃക സാംസ്കാരിക പ്രവർത്തനങ്ങളും ഇടപെടലുകളും രേഖപ്പെടുത്തി സൂക്ഷിക്കുക.
2. പൊതു ഇടങ്ങൾ ശക്തിപ്പെടുത്തൽ; എന്ത്? എന്തിന്? :

പൊതു ഇടങ്ങളുടെ പ്രാപ്യതയും ജനാധിപത്യവത്ക്കരണവുമാണ് ഒരു സമൂഹത്തിന്റെ ഉയർന്ന സാംസ്കാരിക മൂല്യത്തെ നിർണ്ണയിക്കുന്നതെന്ന് നമുക്കറിയാം. പൊതു ഇടങ്ങളുടെ ജനാധിപത്യവത്ക്കരണത്തിനായി ലോകത്തെമ്പാടും വിവിധങ്ങളായ ജനകീയ പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. നവോത്ഥാനമെന്ന് അതിനെ പേരിട്ട് വിളിക്കാം. കേരളത്തിലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലും അതിന്റെ അലയൊലികൾ ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ പൊതു ഇടങ്ങളുടെ ജനാധിപത്യ വത്ക്കരണത്തിനായി നടന്നിട്ടുള്ള പോരാട്ടങ്ങൾ ഏറെ വലുതാണ്. പൊതു ഇടങ്ങൾ സാംസ്കാരിക ഇടങ്ങളാക്കി മാറ്റണം.

ആ പൊതു ഇടങ്ങൾ പലവിധ കാരണങ്ങളായി ചുരുങ്ങി ചുരുങ്ങി വരുന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. സമൂഹത്തിൽനിന്നും കുടുംബങ്ങളിലേക്കും കുടുംബങ്ങളിൽനിന്നും വ്യക്തികളിലേയ്ക്കും മനുഷ്യർ ചുരുങ്ങുന്ന കാഴ്ച്ചയും പ്രകടമാണ്.

വിവര സാങ്കേതിക വിദ്യയുടെ വളർച്ച ഈ പ്രവണതക്ക് ആക്കം വർദ്ധിപ്പിച്ചു. സാമൂഹ്യ പ്രശ്നങ്ങളെ വ്യക്തിപരമായി പരിഹരിക്കാൻ കഴിയുമെന്ന പ്രചാരണം ശക്തമാണ്. സാമൂഹിക പ്രശ്നങ്ങളിൽനിന്നും ജനശ്രദ്ധയെ അകറ്റാൻ ബോധപൂർവ്വം പൊതു ഇടങ്ങളെ നിർവീര്യമാക്കുന്ന പ്രവണതയും ശക്തമാണ്. ഈ ഒരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് നഗരപ്രദേശത്തെ പൊതു ഇടങ്ങളെ കുറിച്ച് നാം സംസാരിക്കുന്നത്.

ഒരു നഗരത്തെക്കുറിച്ചുള്ള നമ്മുടെ മതിപ്പ് പ്രധാനമായും പൊതു ഇടങ്ങളുടെ ഗുണനിലവാരത്തിൽ രൂപപ്പെട്ടതാണ്. അവ സുഖകരമായി സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽ, അവയിൽ അരക്ഷിതബോധം പകരുകയാണെങ്കിൽ സമൂഹവും അരക്ഷിതമായിരിക്കും. പൊതു ഇടങ്ങളുടെ ആസൂത്രണം വ്യവസ്ഥാപിതമായിരിക്കണം. The City Fix Brasil എന്ന പോർച്ചുഗീസ് ഗ്രന്ഥപരമ്പരയിൽ, ഒരു നഗരത്തിലെ ജനതയുടെ ദൈനംദിന അനുഭവങ്ങളിലൂടെ പൊതു ഇടങ്ങളുമായി ബന്ധപ്പെട്ടതും അതിനെ നിർണ്ണയിക്കുന്നതുമായ വിവിധ വശങ്ങളെ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

നഗര കെട്ടിട സമുച്ചയങ്ങൾക്കിടയിൽ, വ്യത്യസ്ത സ്വാധീന തലങ്ങളുടെ ഇടയിലെല്ലാം അവയെ ബന്ധിപ്പിക്കുന്നതും പുനഃസൃഷ്ടിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഇടങ്ങളുടെ ഒരു ശൃംഖലയുണ്ട് എന്ന് നാം മനസ്സിലാക്കണം.

ഒരു നഗരത്തിലെ തെരുവുകളേയും മറ്റ് പൊതു ഇടങ്ങളേയും കുറിച്ച് പരാമർശിക്കുമ്പോൾ, നമ്മൾ സംസാരിക്കുക നഗരത്തിന്റെ സ്വന്തം സ്വത്വത്തെക്കുറിച്ച് തന്നെയായിരിക്കും. ഈ ഇടങ്ങളിലാണ് മനുഷ്യന്റെ കൈമാറ്റങ്ങളും ബന്ധങ്ങളും, ഉപയോഗത്തിന്റെ വൈവിധ്യവും ഓരോ സ്ഥലത്തെയും തൊഴിലുകളും സമൂഹത്തിന്റെ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും പ്രകടമാകുന്നത്.

പൊതുസ്ഥലങ്ങൾ അയൽപക്കങ്ങളിലെ സമൂഹ്യബന്ധങ്ങൾ രൂപപ്പെടുത്തുന്നു. അവിടെ ആശയങ്ങളുടെ സംയോജനത്തിന്റേയും ഏറ്റുമുട്ടലിന്റേയും ഇടങ്ങൾ കൂടിയാണ്. അവിടം രാഷ്ട്രീയ സമാഹരണം സുഗമമാക്കുകയും പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുകയും

കുറ്റകൃത്യങ്ങൾ തടയാൻ സമൂഹത്തെ സഹായിക്കുകയും ചെയ്യുന്നു. നഗര–സാമൂഹ്യ പരിതസ്ഥിതിയുടെ ഗുണനിലവാരത്തെ സ്വാധീനിക്കുന്ന ആശയവിനിമയത്തിനുമുള്ള അന്തരീക്ഷമാണ് അവ പ്രദാനം ചെയ്യുക.

പൊതു ഇടങ്ങൾ എന്ന് പൊതുവെ പരിഗണിക്കപ്പെടുന്നില്ലെങ്കിലും കഫേകൾ, പുസ്തക ശാലകൾ, എന്തിന് മാളുകൾ, തീയേറ്ററുകൾ എന്നിവപോലും ജനങ്ങൾക്കിടയിൽ വലിയ സ്വാധീനം ഉള്ളതാണ്. പൊതു ഇടങ്ങളിൽ ജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ ആനുകൂല്യങ്ങൾ അവതരിപ്പിക്കപ്പെടുന്ന സ്ഥലങ്ങളാണ്. ആളുകൾക്ക് സുഖം തോന്നുന്ന, ആകർഷകമായ പൊതു ഇടങ്ങൾ എപ്പോഴും സജീവമായിരിക്കുമെന്നും നമുക്കറിയാം.

കൂടുതൽ ആഴത്തിൽ പോയാൽ, പൊതു ഇടങ്ങളുടെ സാന്നിധ്യവും ആസൂത്രണവും ജനാധിപത്യ മൂല്യങ്ങളുമായി ബന്ധപ്പെടുത്താൻ കഴിയും. ഒരു സ്ഥലത്തിന്റെ സംസ്കാരവും അതിന്റെ ഘടനയും സാമൂഹിക ശ്രേണിയും പൊതു ഇടങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നിയന്ത്രിക്കുന്നതിലും ഉപയോഗിക്കുന്നതിലും പ്രതിഫലിപ്പിക്കുന്നു.

കൂടുതൽ വൈവിധ്യമാർന്നതും സജീവവുമായ നഗര ഇടങ്ങൾ കൂടുതൽ തുല്യവും സമൃദ്ധവും ജനാധിപത്യപരവുമായ സമൂഹമായി മാറുന്നു. ഈ അവകാശവാദം പൊതു ഇടത്തിന്റെ നിർവചനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. തുറന്നതും സ്വതന്ത്രമായി ജനങ്ങൾക്ക് പ്രാപ്യമാക്കുകയും ചെയ്യാവുന്ന ജനാധിപത്യപരവുമായ അന്തരീക്ഷമായിരിക്കും അത്.

ഒരു നല്ല പൊതു ഇടം വൈവിധ്യത്തെ പ്രതിഫലിപ്പിക്കുകയും ആളുകളെ അനായാസമായി ഒരുമിച്ച് ജീവിക്കാൻ പ്രോത്സാഹിപ്പിക്കുകയും സ്ഥിരതയ്ക്ക് ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് ആളുകളെ തെരുവിലിറങ്ങാൻ ക്ഷണിക്കുന്നു. ആളുകളെ ആകർഷിക്കുന്നത് സ്ഥലങ്ങളുടെ ചൈതന്യമാണ്. ഈ ചൈതന്യം ഉറപ്പുനൽകുന്നത് നഗര ഇടങ്ങൾ പലവിധത്തിൽ ആസ്വദിക്കാനുള്ള സാധ്യതയാണ്.

## 11.2 നഗരങ്ങളിൽ നല്ല പൊതു ഇടങ്ങൾ

നഗരങ്ങളിൽ നല്ല പൊതു ഇടങ്ങൾ സാധ്യതകൾ നാം ഇവിടെ അവതരിപ്പിക്കുകയാണ്. ഇതിൽ ആളുകൾക്ക് ചെയ്യാൻ കഴിയുന്ന വ്യത്യസ്ത കാര്യങ്ങളും അവിടെ ഉണ്ടായിരിക്കാനുള്ള പത്ത് കാരണങ്ങളും ഉൾപ്പെടുന്നുണ്ട്. പത്ത് കാര്യങ്ങളില്ലാതെയും നിരവധി മറ്റ് സൂചനകൾ കണ്ടെത്താൻ നമുക്കാവും. ആളുകളെ ഒരു നഗരത്തിൽ താമസിക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ പലതാണ്. താമസിക്കുന്ന സ്ഥലങ്ങളുടെ സുരക്ഷയും ജനാധിപത്യവൽക്കരണവും പ്രധാനപ്പെട്ടതാണ്. ഗുണമേന്മയുള്ളതും ഉപയോഗയോഗ്യവുമായ പൊതു ഇടങ്ങളുടെ നിലനിൽപ്പ് ഈ വിഷയങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടു കിടക്കുന്നു. ആളുകൾക്ക് സുരക്ഷിതത്വം തോന്നിയാൽ അവർ തെരുവിലിറങ്ങും. അവർക്ക് തെരുവ് കൂടുതൽ സുരക്ഷിതമായ അന്തരീക്ഷമായിതീരും.

1. ഉപയോഗങ്ങളുടെ വൈവിധ്യമനുസരിച്ച് റെസ്റ്റോറന്റുകൾ, കഫേകൾ, പ്രാദേശിക വാണിജ്യ കേന്ദ്രങ്ങൾ, റെസിഡൻഷ്യൽ, ഓഫീസ്, വാണിജ്യ മേഖലകൾ എന്നിവയെ കൂട്ടിച്ചേർക്കുന്നത് ആളുകളെ ആകർഷിക്കുകയും പരിസ്ഥിതിയെ സുരക്ഷിതവും സൗഹൃദപരവുമാക്കുകയും ചെയ്യുന്നു. ഉപയോഗങ്ങളുടെ വൈവിധ്യം സ്പെയ്സുകളുടെ സുരക്ഷയ്ക്ക് കാരണമാകുന്ന ബാഹ്യ പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നു. തെരുവുകളിൽ കൂടുതൽ ആളുകൾ എത്തുന്നത് കുറ്റകൃത്യങ്ങൾ തടയാൻ സഹായിക്കുന്നു. എന്നിരു

ന്നാലും, ഈ വൈവിധ്യം ദിവസത്തിലെ എല്ലാ സമയങ്ങളിലും (രാത്രിയും പകലും ഒരുപോലെ) ഉൾക്കൊള്ളേണ്ടതുണ്ട്. പല പൊതു ഇടങ്ങളും പകൽ സമയത്ത് മാത്രം തിരക്കിലാണെങ്കിൽ, രാത്രിയിൽ അവ ഇപ്പോഴും സുരക്ഷിതമല്ലാത്ത സ്ഥലങ്ങളായിരിക്കും. ആളുകളുടെ സഹവർത്തിത്വവും സ്ഥിരതയും പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ പൊതു ഇടങ്ങൾ ആസൂത്രണം ചെയ്യുന്നത് സുരക്ഷയിൽ നിക്ഷേപിക്കുന്നതിനുള്ള ഒരു മാർഗ്ഗം കൂടിയായി മാറണം.

2. കെട്ടിടങ്ങളുടെ താഴത്തെ നിലയും നടപ്പാതയും തെരുവും തമ്മിലുള്ള ബന്ധം സുരക്ഷിതത്വത്തിനും നഗര രൂപകൽപ്പനയുടെ ആകർഷണീയതയ്ക്കും കാരണമാകുന്നു. കാഴ്ചയിൽ കൂടുതൽ രസകരമായ തെരുവുകൾ ആളുകൾ പലപ്പോഴും ഉപയോഗിക്കുന്നു. ഇതുകൂടാതെ, ഈ ബന്ധം നഗരത്തെക്കുറിച്ചുള്ള ആളുകളുടെ ധാരണയെയും അവർ അത് എങ്ങനെ ഉപയോഗിക്കണം എന്നതിനെയും സ്വാധീനിക്കുന്നു. പൊതു ഇടം എങ്ങനെ മനസ്സിലാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുവെന്ന് സൂചിപ്പിക്കുന്നത് പ്രധാനമായും തെരുവുകളും നടപ്പാതകളുമാണ്.
3. ഉയർന്ന തോതിലുള്ള ജനസാന്ദ്രത ആളുകളുടെ ശാരീരിക-മാനസികാരോഗ്യത്തെ ബാധിക്കുന്നു. ജീവനുള്ളതും കൂടുതൽ സജീവവുമായ ചുറ്റുപാടുകളിൽ മന്ദഗതിയിലുള്ള, ശാന്തമായ നടത്തത്തിന് അത് കാരണമാകുന്നു. മനുഷ്യ സാന്ദ്രതക്കനുസരിച്ചുള്ള നിർമ്മാണങ്ങൾ പൊതു ഇടങ്ങളെക്കുറിച്ചുള്ള ആളുകളുടെ ധാരണകളിൽ നല്ല സ്വാധീനം ചെലുത്തുന്നു. ആ സ്ഥലത്തിന്റെ ആസൂത്രണ പ്രക്രിയയിൽ ഇവയെല്ലാം പരിഗണിക്കപ്പെടേണ്ടതുണ്ട്.
4. കാര്യക്ഷമവും ജനങ്ങളെ കേന്ദ്രീകരിച്ചുള്ളതുമായ ലൈറ്റിംഗ് രാത്രികാലങ്ങളിൽ പൊതു ഇടങ്ങളിൽ തങ്ങാൻ ജനങ്ങളെ സഹായിക്കുന്നു, സുരക്ഷ വർദ്ധിപ്പിക്കുന്നു. കാൽനടയാത്രയിലും സൈക്ലിസ്റ്റ് സ്കെയിലിലും ഇൻസ്റ്റാൾ ചെയ്യുമ്പോൾ, സ്വാഭാവിക വെളിച്ചമില്ലാത്തപ്പോൾ കൂടുതൽ സുരക്ഷിതമായി നീങ്ങാൻ ആവശ്യമായ സാഹചര്യങ്ങൾ പൊതു വിളക്കുകൾ സൃഷ്ടിക്കുന്നു.
5. പൊതു ഇടങ്ങൾ പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നു. ഗുണനിലവാരമുള്ള പൊതു ഇടങ്ങൾ ആളുകൾക്ക് വിശ്രമവും താമസസ്ഥലങ്ങളും വാഗ്ദാനം ചെയ്യുന്നതിലൂടെ മാത്രമല്ല, പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഉയർത്താനുള്ള കഴിവുമുണ്ട്. സുരക്ഷിതവും ആകർഷകവുമായ സാഹചര്യങ്ങൾ നടത്തവും സൈക്ലിംഗും പ്രോത്സാഹിപ്പിക്കുന്നു, ഇത് പ്രാദേശിക വാണിജ്യം എളുപ്പത്തിൽ പ്രാപ്യമാക്കുന്നതിലേക്ക് നയിക്കുന്നു.
6. അയൽപക്കത്തെ സ്വഭാവമുള്ള ചെറുകിട ബിസിനസുകൾക്കായി പൊതു ഇടങ്ങൾ ആസൂത്രണം ചെയ്യണം. വലിയ സംരംഭങ്ങൾക്ക് (സൂപ്പർമാർക്കറ്റുകളോ മറ്റ് ചെയിൻ കമ്പനികളോ പോലുള്ളവ) പൊതുവേ സമ്പദ് വ്യവസ്ഥയ്ക്ക് സംഭാവന നൽകാൻ കഴിയും, പക്ഷേ അവയ്ക്ക് അയൽപക്കത്തിന്റെ തോതിൽ ചെറിയ പങ്കാളിത്തമുണ്ട്. ചെറുകിട ബിസിനസുകളും സംരംഭങ്ങളും ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു, ഒപ്പം സ്ഥലത്തിന്റെ വ്യക്തിത്വവും സ്വത്വവും ചേർക്കുന്നു. ഒരു പൊതു ഇടം ആസൂത്രണം ചെയ്യുമ്പോൾ, ആളുകളും സ്ഥലവും തമ്മിൽ ശക്തമായ ബന്ധം സൃഷ്ടിക്കുന്നതിന്, പ്രദേശത്തിന്റെ സാമൂഹിക ചലനാത്മകതയും സാംസ്കാരിക സവിശേഷതകളും കണക്കിലെടുക്കേണ്ടത് ആവശ്യമാണ്.
7. കംപ്ലീറ്റ് സ്ട്രീറ്റ്: സാധ്യമാകുന്നിടത്തെല്ലാം പൊതുസ്ഥലങ്ങളിൽ സമ്പൂർണ്ണ

തെരുവുകളുടെയും പങ്കെടുക്കുന്ന ഇടങ്ങളുടെയും രീതികൾ പിന്തുടരുന്നതിനെക്കുറിച്ച് ചിന്തിക്കണം. മുഴുവൻ ഉപയോക്താക്കളുടെയും കാൽനടയാത്രക്കാർ, സൈക്ലിസ്റ്റുകൾ, ഡ്രൈവർമാർ, പൊതുഗതാഗതത്തിന്റെ ഉപയോക്താക്കൾ എന്നിവരുടെ സുരക്ഷിതമായ സഞ്ചാരം ഉറപ്പാക്കാൻ രൂപകൽപ്പന ചെയ്ത തെരുവുകളെയാണ് കംപ്ലീറ്റ് സ്ട്രീറ്റ്. നല്ല നിലയിലുള്ള നടപ്പാതകൾ, സൈക്കിളുകളുടെ ഇൻഫ്രാസ്ട്രക്ചർ, തെരുവ് ഫർണിച്ചറുകൾ, എല്ലാ ഉപയോക്താക്കൾക്കും സൈൻ ബോർഡുകൾ എന്നിവയും ഒരു സമ്പൂർണ്ണ തെരുവ് സൃഷ്ടിക്കാൻ കഴിയുന്ന ഘടകങ്ങളിൽ ഉൾപ്പെടുത്തണം.

8. വായുവിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേനൽക്കാലത്ത് താപനില ലഘൂകരിക്കുന്നതിനും സഹായിക്കുന്നതിനൊപ്പം, ആളുകളെ ഔട്ട്ഡോർ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിലൂടെ നഗരങ്ങളെ മനുഷ്യവൽക്കരിക്കാനുള്ള ശക്തി സസ്യങ്ങൾക്ക് ഉണ്ട്. നഗരങ്ങൾ സാന്ദ്രമാകുമ്പോൾ, ഹരിത പൊതു ഇടങ്ങളിലേക്കുള്ള പ്രവേശനം കൂടുതൽ പ്രാധാന്യമർഹിക്കും, കാരണം നഗര വനവൽക്കരണം ആളുകളുടെ സമ്മർദ്ദം കുറയ്ക്കുകയും നഗരങ്ങളിലെ ക്ഷേമം വർദ്ധിപ്പിക്കുകയും ചെയ്യും. കൂടാതെ, വൃക്ഷങ്ങളും ചെടികളും പുഷ്പ കിടക്കകളും നഗരത്തിലെ ഡ്രെയിനേജിനും ജൈവവൈവിധ്യ പരിപാലനത്തിനും തന്ത്രപ്രധാനമാണ്.
9. ഈ സ്ഥലങ്ങളുടെ ഗുണനിലവാരം നിലനിർത്തുന്നതിന് നഗരവാസികളുടെ പൊതു ഇടങ്ങൾ അല്ലെങ്കിൽ അവർ താമസിക്കുന്ന അയൽപക്കങ്ങളുടെ രൂപകൽപ്പന, ആസൂത്രണം, ഭരണനിർവ്വഹണം എന്നിവയിൽ താമസക്കാരെ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പൊതു ഇടങ്ങൾക്ക് ഓരോ അയൽപക്കത്തും സമൂഹത്തിലും വ്യത്യസ്ത ഉപയോഗങ്ങളും അർത്ഥങ്ങളുമുണ്ട്. പൊതു ഇടത്തിന്റെ സ്വഭാവവും ഉപയോഗവും സമൂഹത്തിന്റെ വ്യത്യസ്തമായ ആവശ്യങ്ങൾ നിറവേറ്റുമെന്ന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. സുരക്ഷിതവും തുല്യവുമായ പൊതു പ്രദേശങ്ങളുടെ നിർമ്മാണത്തിനുള്ള ഒരു സാമൂഹിക ഘടകമാണ് സാമൂഹിക പങ്കാളിത്തം.

## 11.3 നഗരസഭകളും സാസ്കാരിക പരിപാടികളും

1. നഗരസഭാ പ്രദേശത്ത് എന്തെല്ലാം സാംസ്കാരിക പരിപാടികൾ നമുക്ക് നടപ്പിലാക്കാൻ കഴിയും?

   നഗരസഭയുടെ തനതുഫണ്ടും, വികസന ഫണ്ടും ഉപയോഗിച്ചുകൊണ്ടുള്ള വിവധ പദ്ധതികൾ നമുക്ക് ആസൂത്രണം ചെയ്യാൻ കഴിയും. പ്രദേശത്തെ കലാ–സാംസ്കാരിക സംഘടനകളുടെ ഏകോപനത്തിലൂടെ വിപുലമായ കലാ–സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാൻ നമുക്ക് കഴിയും. കലാ–സാംസ്കാരിക രംഗത്ത് സംസ്ഥാന കേന്ദ്ര സർക്കാർ ഏജൻസികൾ നടത്തുന്ന വിവിധതരം പദ്ധതികളുണ്ട്. അവയുടെ സാധ്യതകൾ എങ്ങിനെ പ്രദേശത്തേക്ക് കൊണ്ടുവരാൻ കഴിയുമെന്ന് ആലോചിക്കണം.

   ഇത്തരം സ്ഥാപനങ്ങളുമായും നഗരസഭയുടെ പ്രവർത്തനങ്ങളെ സംയുക്ത പരിപാടികൾ ആക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ ഭാവിയിൽ ഉണ്ടാക്കിയെടുക്കാൻ കഴിയണം.
2. ഭാവിയിൽ നമ്മുടെ നഗരസഭ പ്രദേശങ്ങളിൽ വൈവിധ്യമാർന്ന കലാ–സാംസ്കാരിക പ്രവർത്തനങ്ങൾ വിപുലമായ തോതിൽ നടത്താൻ കഴിയണം.അവ

എങ്ങനെയെല്ലാം ആയിരിക്കണമെന്നതിനെ കുറിച്ച് നാം ഇപ്പോഴേ ചിന്തിക്കണം. ഇതിന് സഹായകരമായ വിവിധതരം പദ്ധതികൾ, കല-കായിക പരിശീലനങ്ങൾ, സഹവാസ ക്യാമ്പുകൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ പ്ലാൻ രൂപീകരണത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഭാവിയിൽ ഉണ്ടായി വരേണ്ടതുണ്ട്.

3. ഇതിനു സഹായകരമായ വിവിധ പദ്ധതികൾ: കലാ-കായിക പരിശീലനങ്ങൾ, സഹവാസ ക്യാമ്പുകൾ, ഉത്സവങ്ങൾ, മേളകൾ, ശിൽപ്പശാലകൾ എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ; പ്ലാൻ രൂപീകരണത്തിലെ ചില പരിമിതികൾ എങ്ങനെ മാറ്റിയെടുക്കാൻ കഴിയുമെന്ന് ആലോചിക്കണം.
4. പ്രദേശത്തെ എല്ലാ കലാ-സാംസ്കാരിക സംഘടനകളേയും സ്ഥാപനങ്ങളെയും നഗരസഭാതലത്തിൽ ഏകോപിപ്പിക്കാം. നഗരസഭാതലങ്ങളിൽ അഫിലിയേഷൻ നൽകാം. നഗരസഭാതലത്തിൽ ഒരു റിസോഴ്സ് സെന്ററിന് രൂപം നൽകാം. ഈ സംഘടനകൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിച്ചു നൽകാനും. അവരുടെ പദ്ധതികളേയും പരിപാടികളേയും പ്രോത്സാഹിപ്പിക്കാനും പിന്തുണ നൽകാനും നമുക്ക് കഴിയും.
5. നഗരം മനോഹരമാക്കുന്നതിന്റെ ഭാഗമായി, പ്രാദേശിക ചിത്രകാരന്മാരുടേയും ശില്പികളുടേയും കഴിവുകൾ എങ്ങനെ സമൂഹത്തിനായി പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുമെന്ന് പരിശോധിക്കുക. ഇതിന്റെ ഭാഗമായി പ്രാദേശിക കലാകാരന്മാരേയും സാംസ്കാരിക പ്രവർത്തകരുടേയും പ്രത്യേകം ഓർമിക്കപ്പെടേണ്ടവരേയും കുറിച്ചുള്ള അന്വേഷണവും ഡോക്യുമെന്റേഷനും നടക്കണം. ആവശ്യമെങ്കിൽ ഇതിനായി ഒരു പദ്ധതി തന്നെ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

   പ്രത്യേകം ഓർമിക്കപ്പെടേണ്ടതായ ആളുകളുടെ ഛായാ ചിത്രങ്ങൾ, പ്രതിമകൾ എന്നിവ നഗരസഭാ പ്രദേശത്തെ കെട്ടിട സമുച്ചയത്തിൽ/പൊതു ഇടങ്ങളിൽ സ്ഥാപിക്കപ്പെടുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം.
6. നഗരം മനോഹരമാക്കുന്നതിന്റെ ഭാഗമായി പ്രാദേശിക ചിത്രകാരന്മാരുടേയും ശില്പികളുടെയും ശേഷികൾ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് ആലോചിക്കണം. പ്രാദേശിക ശിൽപികളുടെ ശേഷിയും ജനങ്ങളുടെ പങ്കാളിത്തവും ചെറുതും വലുതുമായ പങ്കാളിത്ത ശില്പങ്ങൾ നഗര ചത്വരങ്ങളിൽ ഉണ്ടാക്കിയെടുക്കണം അതിനുള്ള ശ്രമങ്ങൾ വ്യാപകമായി നടക്കേണ്ടതായിട്ടുണ്ട്.

   ഉദാ: മുസരിസ്-കൊച്ചിൻ ബിനാലെ, ആലപ്പുഴ, മുസരീസ് ടൂറിസം പദ്ധതികൾ- നിരവധി ഉദാഹരണങ്ങൾ ചൂണ്ടികാണിക്കാൻ കഴിയും.

   കൊടുങ്ങല്ലൂരിൽ ഖസാക്കിന്റെ ഇതിഹാസം നാടകാവതരണത്തിന്റെ ഭാഗമായി പ്രാദേശിക കലാകാരന്മാർ നാട്ടുനീളെ ചുമരുകളിൽ ഖസാക്കിന്റെ ഇതിഹാസം എന്ന വിഖ്യാത നോവലിനെ അധികരിച്ച് കൊണ്ടുള്ള ചിത്രങ്ങൾ വരച്ചുകൊണ്ട് അവരുടെ സർഗാത്മക ശേഷി നാടിന്റെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി പ്രകടിപ്പിക്കുകയുണ്ടായി.
7. നഗര പ്രദേശത്തെ എല്ലാ പ്രധാനപ്പെട്ട ഐക്കണുകളെയും സംബന്ധിക്കുന്ന വിശദവിവരങ്ങളുടെ ശേഖരണം ഡിജിറ്റൽ മീഡിയയിൽ/വിക്കിപീഡിയയിൽ സമാഹരിച്ച് ക്യൂ.ആർ. കോഡിനാൽ അതിനെ ബന്ധിപ്പിക്കാൻ നമുക്ക് കഴിയണം.

സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലെയും പ്രധാന സ്ഥാപനങ്ങൾ സ്ഥലങ്ങൾ പൈതൃക പ്രദേശങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഡിജിറ്റൽ മീഡിയയിൽ സമാഹരിക്കാൻ കഴിഞ്ഞാൽ അതൊരു വലിയ നേട്ടമായി മാറ്റാൻ നമുക്ക് കഴിയും.

8. കലാ സാംസ്കാരിക രംഗത്ത് കേന്ദ്ര–സംസ്ഥാന സർക്കാർ ഏജൻസികൾ നടത്തുന്ന വിവിധ പദ്ധതികളെക്കുറിച്ച് നമുക്ക് അറിയാം. അവയെന്തെല്ലാമാണെന്ന അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും.
9. കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, വിവിധ അക്കാദമികൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഭവനുകൾ, വകുപ്പുകൾ, സ്മാരകങ്ങൾ എന്നിവ ഇതിനു കീഴിലുണ്ട്. സർക്കാരിന്റെയും സാംസ്കാരിക വകുപ്പിന്റെയും സാമ്പത്തിക സഹായത്തിലാണ് ഈ സ്ഥാപനങ്ങൾ നിലനിൽക്കുന്നത്.

## 11.4 നമ്മുടെ പ്രധാന സാംസ്കാരിക-കലാ സ്ഥാപനങ്ങൾ

- കേരള സാഹിത്യ അക്കാദമി
- കേരള സംഗീതനാടക അക്കാദമി
- കേരള ലളിതകലാ അക്കാദമി
- കേരള ഫോക്ലോർ അക്കാദമി
- കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി
- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
- സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്
- കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ
- ഭാരത് ഭവൻ
- വൈലോപ്പിള്ളി സംസ്കൃതി ഭവൻ
- കേരള കലാമണ്ഡലം
- കുഞ്ചൻ നമ്പ്യാർ സ്മാരകങ്ങൾ
- ഗുരു ഗോപിനാഥ് നടനഗ്രാമം
- തകഴി സ്മാരകവും മ്യൂസിയവും
- മഹാകവി മോയീൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി
- സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്
- ഉണ്ണായിവാര്യർ സ്മാരക കലാനിലയം
- മഹാകവി ഉള്ളൂർ സ്മാരകം
- മഹാകവി പി. സ്മാരക കലാസാംസ്കാരിക കേന്ദ്രം
- കണ്ണശ്ശസ്മാരകം, നിരണം
- ചെറുകാട് സ്മാരകട്രസ്റ്റ്
- എ. ആർ. രാജരാജ വർമ്മ സ്മാരകം
- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്
- കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി
- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ
- സഹോദരൻ അയ്യപ്പൻ സ്മാരകം, ചെറായി

» തുഞ്ചൻ സ്മാരക ട്രസ്റ്റും ഗവേഷണകേന്ദ്രവും
» മലയാളം മിഷൻ
» വാസ്തുവിദ്യാ ഗുരുകുലം, ആറന്മുള
» സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
» ആശാൻ മെമ്മോറിയൽ അസോസിയേഷൻ, കായിക്കര
» മാർഗ്ഗി
» ഷഡ്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതി
» മുല്ലൂർ സ്മാരകം ഇലവുംതിട്ട.

ഈ സ്ഥാപനങ്ങളുടെ പദ്ധതികളെ നഗരസഭാപ്രദേശത്തേക്ക് കൊണ്ടുവരുന്നതിനെ കുറിച്ചുള്ള ആലോചനകൾ ഉണ്ടാകണം.

നഗരസഭയും ഇത്തരം സാംസ്കാരിക സ്ഥാപനങ്ങളും സംഘടനകളുമായുള്ള സംയുക്ത പദ്ധതികളുടെ ആലോചനകൾ നടത്താവുന്നതാണ്. നഗരസഭയുടെ ടൗൺഹാൾ/ കമ്മ്യൂണിറ്റി ഹാളുകൾ, നഗരചത്വരങ്ങൾ എന്നിവ സൗജന്യമായോ അല്ലാതെയോ കലാ–സാംസ്കാരിക പരിപാടികൾക്ക് വേണ്ടി വിട്ടുനൽകാൻ കഴിയും. ജനങ്ങളെ സംഘടിപ്പിക്കാനുള്ള നഗരസഭയുടെ കഴിവ് ഇത്തരം സംയുക്ത പദ്ധതികളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ സഹായിക്കും.

പ്രാദേശിക ചരിത്ര നിർമ്മാണവും ഡോക്യുമെന്റേഷനും നഗരസഭകൾ ഏറ്റെടുക്കേണ്ട ഒരു പ്രധാന സാംസ്കാരിക ഇടപെടലാണ്. ചരിത്രം ഒരു ജ്ഞാനരൂപമെന്ന നിലയിലും പഠനവിഷയമെന്ന നിലയിലും വലിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. ചരിത്ര വസ്തുത എന്ന ഒന്നില്ല, വ്യാഖ്യാനങ്ങൾ മാത്രമേയുള്ളൂ, അതേ സാധ്യമാവൂ എന്നിടം വരെ എത്തുന്ന അനേകം വാദങ്ങൾ ചരിത്രത്തിനെതിരെ ഉയർന്നു വരുന്ന കാലമാണിത്.

ചരിത്രബോധമുള്ള ഒരു ജനത ഭൂതകാലാനുഭവങ്ങളുടെ ഓർമയെ ആധാരമാക്കി വർത്തമാനത്തിലെ എല്ലാ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക നീക്കങ്ങളുടെയും പിന്നിലെ യഥാർത്ഥമായ ഉദ്ദേശ്യങ്ങൾ വളരെ പെട്ടെന്ന് തിരിച്ചറിയും. അവരെ കബളിപ്പിക്കുക അൽപം പോലും എളുപ്പമായിരിക്കുകയില്ല. വർത്തമാനത്തിൽ മാത്രം ജീവിക്കുന്നവരെ മാർക്കറ്റിന് വേഗത്തിൽ കീഴടക്കാനാവും.

## 11.5 സാംസ്കാരിക മേഖലയിലെ ലിംഗനീതി എങ്ങനെ?

സ്വതന്ത്ര ഇന്ത്യയുടെ 75ാം വർഷത്തിലും ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീ സമൂഹം വിദ്യാഭ്യാസമില്ലാത്ത, വരുമാനമില്ലാത്ത, തൊഴിലില്ലാത്ത, അധികാരമില്ലാത്ത, സ്വയം നിർണ്ണയാവകാശമില്ലാത്ത, സുരക്ഷിതത്വമില്ലാത്ത, സ്വത്തവകാശമില്ലാത്ത വിഭാഗമായി തുടരുന്നു. ഇന്ത്യൻ ജനാധിപത്യത്തെ അർത്ഥരഹിതമാക്കി മാറ്റുന്ന വിവേചനങ്ങളാണ് ഇന്ത്യൻ സ്ത്രീ അനുഭവിക്കുന്നത്. അടിമത്തവും ജന്മിത്തവും മുതലാളിത്തവും സാമ്രാജ്യത്വവും കൂടിക്കലർന്ന ഇന്ത്യൻ സാമൂഹ്യാവസ്ഥയുടെ അനിവാര്യഭാഗമാണ് പുരുഷാധിപത്യം. വർഗ്ഗപരവും സാമൂഹ്യവുമായ രൂക്ഷമായ അടിച്ചമർത്തൽ അനുഭവിക്കുന്ന സ്ത്രീകളുടെ ജീവിതം, നവഉദാരവൽക്കരണത്തിലൂടെ കൂടുതൽ യാതനാപൂർണ്ണമായിരിക്കുന്നു. ദാരിദ്ര്യത്തിന്റെയും തൊഴിലിന്റെയും സ്ത്രൈണവൽക്കരണം ഗുരുതരമായ സാമൂഹ്യ വികസന പ്രതിസന്ധിക്ക് ഇടയാക്കുന്നു. ലിംഗനീതി ഒരു വികസന പ്രശ്നമായി കണക്കാക്കിയാൽ മാത്രമേ ജനാധിപത്യം പൂർണ്ണമാകുകയുള്ളൂ.

കേരളം ലിംഗാനുപാതത്തിൽ (1000:1084) ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണ്. സാക്ഷരത, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് തുടങ്ങിയവയിലൊക്കെ വികസിത രാജ്യങ്ങൾക്കൊപ്പം എത്തുവാൻ കേരള സ്ത്രീക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാന പ്രക്രിയയും പുരോഗമന രാഷ്ട്രീയവും ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്.

എന്നാൽ ലിംഗനീതി ഉറപ്പുവരുത്തുന്നതിന് മേൽ സൂചിപ്പിച്ച അഭിമാനാർഹമായ കണക്കുകൾ സഹായിച്ചിട്ടില്ലായെന്നുള്ളതാണ് കേരളത്തിന്റെ വൈരുദ്ധ്യം. കേരള മാതൃക വിമർശിക്കപ്പെടുന്നതിന്റെ ഒരു പ്രധാന കാരണം ഇവിടുത്തെ സ്ത്രീകളുടെ അശാക്തീകരണമാണ്. സാക്ഷരതയിലും സാർവ്വത്രിക പ്രൈമറി വിദ്യാഭ്യാസത്തിലും സ്ത്രീകൾ മെച്ചപ്പെട്ട അവസ്ഥയിലാണ്. മാത്രമല്ല, കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് 75–80% പെൺകുട്ടികളാണ് പഠിക്കുന്നത്. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ദുർബലമാണ്. ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീയിലെ അംഗത്വം ലക്ഷമായിരിക്കുമ്പോഴും സ്വയം തൊഴിലിലൂടെ വരുമാനം ഉണ്ടാക്കുന്ന സ്ത്രീകൾ 5% മാത്രമാണ്. (അരുണാചൽപ്രദേശിൽ ഇത് 40% ആണെന്ന് കാണുക.)

അധികാര സ്ഥാനങ്ങളിലെ കേരള സ്ത്രീയുടെ അദൃശ്യതയാണ് ഏറ്റവും പ്രകടം. പലവിധ കാരണങ്ങളാൽ വീട്ടിൽ നിന്നും അകലെപ്പോയി ജോലി ചെയ്യുവാൻ കഴിയാതെ വീട്ടമ്മമാരായി ചുരുങ്ങുവാൻ നിർബന്ധിക്കപ്പെട്ട വിദ്യാസമ്പന്നരായ സ്ത്രീകൾ നിരവധിയാണെന്ന് പഠനങ്ങൾ പറയുന്നു.

വരുമാനമുള്ള തൊഴിലെടുക്കുന്ന സ്ത്രീകൾക്കുള്ള പിന്തുണാ സംവിധാനം കേരളത്തിൽ ലഭ്യമല്ല. ചെലവ് കുറഞ്ഞ ക്രഷുകളോ പകൽ വീടുകളോ ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ ദുർലഭമാണ്. പ്രായമായ രക്ഷിതാക്കളെ നോക്കുന്നതിനായി സ്വയം വിരമിക്കൽ സ്വീകരിക്കേണ്ടി വരുന്ന ഉദ്യോഗസ്ഥകളും പ്രസവത്തോടെ ജോലി അവസാനിപ്പിക്കുന്ന പ്രൊഫഷണൽ ബിരുദധാരികളായ യുവതികളും വർദ്ധിച്ചു വരുന്നു. ഐ.ടി മേഖലയിൽ നിന്നും യുവതികളുടെ കൊഴിഞ്ഞുപോക്കിന്റെ സ്ഥിതിവിവര കണക്ക് തയ്യാറാക്കി വരുന്നു.

50 വയസ്സ് കഴിഞ്ഞ മധ്യവർഗ്ഗ സ്ത്രീകളുടെ ജീവിതം കൊച്ചുമക്കൾക്കുവേണ്ടി ഉഴിഞ്ഞുവയ്ക്കുകയും അങ്ങനെ വീണ്ടും വീട്ടമ്മവൽക്കരണത്തിന്റെ പുതിയ ഘട്ടം ആരംഭിക്കുന്നതും കേരളത്തിന്റെ പുത്തൻ പ്രവണതകളാണ്. ഗാർഹിക പീഡനത്തിൽ ഇന്ത്യയിൽ കേരളം നാലാം സ്ഥാനത്താണ്.

ബിരുദം നേടുന്ന പെൺകുട്ടികൾ തൊഴിൽ പ്രാപ്തി നേടുന്നില്ല. ജീവിതത്തെ സധൈര്യം നേരിടുന്നതിനുള്ള ത്രാണിയും ഉണ്ടാകുന്നില്ല. വിദ്യാലയങ്ങളുടെ അരാഷ്ട്രീയ കാലാവസ്ഥ പെൺകുട്ടികളെ സാമൂഹ്യവൽക്കരണത്തിൽ നിന്നും അകറ്റുന്നു. വ്യത്യസ്ഥങ്ങളായ നിരവധി പ്രശ്നങ്ങളാണ് നമുക്ക് മുന്നിലുള്ളത്. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാൻ കഴിയുന്ന സാംസ്കാരിക ഇടപെടലുകളും സംവാദങ്ങളും സമൂഹത്തിലുടനീളം നിരന്തരം നടക്കണം. അതിനുതകുന്ന പരിപാടികളും പദ്ധതിയും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നമുക്കാവണം. ഇതിനായി താഴെ പറയുന്ന സാംസ്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുക്കാം.

### 11.5.1 സമൂഹത്തിലെ ലിംഗനീതി ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

- സ്ത്രീകളുടെ പദവി പഠനം നടക്കേണ്ടതായിട്ടുള്ള പ്രധാന പ്രവർത്തനമാണ്. കൂടാതെ സ്ത്രീ നാടക പുരകൾ, സ്ത്രീകളുടെ ബാൻഡുകൾ, കുട്ടികളുടെ നാടകവേദി പ്രവർത്തനങ്ങൾ, ജനറൽ/ന്യൂടൽ കളിയിടങ്ങൾ എന്നിവയ്ക്കായുള്ള മുൻകൈകളും, വികസന ഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കാൻ നമുക്ക് കഴിയണം.
- പൊതു ഇടങ്ങൾ എല്ലാവർക്കും എന്ന ആശയം മുന്നിൽ വെച്ചുകൊണ്ട് നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ കുട്ടികൾക്കും സ്ത്രീകൾക്കും ഒഴിവുവേളകളിലും വൈകുന്നേരങ്ങളിലും വന്നിരിക്കാൻ കഴിയുന്ന പൊതു ഇടങ്ങൾ ഉണ്ടാക്കിയെടുക്കുക, ശക്തിപ്പെടുത്തുക. ഇത്തരം പൊതു ഇടങ്ങളിൽ നിരന്തരം ചെറുതും വലുതുമായ കലാസാംസ്കാരിക പരിപാടികളും ബഹുജന കൂട്ടായ്മകളും സംഘടിപ്പിച്ചു കൊണ്ടിരിക്കുക. കൂടാതെ വിപുലമായ അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾക്ക് നേതൃത്വം നൽകാൻ നഗരസഭകൾക്ക് കഴിയണം.
- നഗരസഭാ പ്രദേശത്തെ എല്ലാവർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്തുന്നതിനുള്ള വിവിധ തരം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, ജനാധിപത്യം, ലിംഗനീതി ഇവയെക്കുറിച്ചെല്ലാം ഉള്ള പൊതുധാരണ സമൂഹത്തിൽ ഉറപ്പിക്കാൻ കഴിയുന്ന പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് എങ്ങനെയാണെന്നത് സംബന്ധിച്ച് വിപുലമായ ആലോചനകൾ ഉണ്ടാകണം.
- നഗര ചത്വരങ്ങളിലും പാർക്കുകളിലും സ്ത്രീ സൗഹൃദ കലകളും കൂട്ടായ്മകളും സംഘടിപ്പിക്കുക. എല്ലാ പൊതുഇടങ്ങളിലും സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

# 12

# എസ്.എസ്.കെ പദ്ധതിയും നഗരങ്ങളിലെ വിദ്യാഭ്യാസ ഇടപെടലുകളും

രാജ്യത്തെ പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ആരംഭിച്ച പദ്ധതിയാണ് സർവ്വ ശിക്ഷ അഭിയാൻ. സെക്കണ്ടറി മേഖലയിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് രാഷ്ട്രീയ മാധ്യമിക്ക് ശിക്ഷാ അഭിയാൻ (RMSA) എന്ന ഒരു പദ്ധതിയും പിന്നീട് നടപ്പിലാക്കി. ഡി.പി.ഇ.പി പദ്ധതിയുടെ തുടർച്ചയായി രാജ്യത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ എന്ന നിലിയിലാണ് ഇവ നടപ്പിലാക്കപ്പെട്ടത്. എന്നാൽ പിന്നീട് എസ്.എസ്.എ യും, ആർ.എം.എസ്.എ യും സംയോജിപ്പിച്ച് ഒരു പദ്ധതിയാക്കി മാറ്റി. കേരളത്തിൽ ഇത് സർവ്വ ശിക്ഷാ കേരളം എന്ന പേരിൽ ആണ് ഇപ്പോൾ അറിയപ്പെടുന്നത്. പ്രീ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസ്സുകളിലെ അക്കാദമിക പ്രവർത്തനങ്ങളും, അടിസ്ഥാന സൗകര്യ വികസനവും എസ്.എസ്.കെ യുടെ നേതൃത്വത്തിൽ നടന്നു വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയാണ് എസ്.എസ്.കെ എങ്കിലും പദ്ധതിയുടെ കേന്ദ്ര വിഹിതം കാലാനുസൃതമായി കുറഞ്ഞിട്ടുണ്ട്. ഇതിന് അനുസൃതമായി സംസ്ഥാന വിഹിതം വർദ്ധിപ്പിക്കേണ്ട സാഹചര്യം സംജാതമായി. കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പിന്തുണ് ഇന്ന് എസ്.എസ്.കെ പദ്ധതിയെ മുൻപോട്ടു നയിക്കുന്നതിൽ നിർണ്ണായകമായ ഒന്നാണ്.

## 12.1 എസ്.എസ്.കെ പദ്ധതിയുടെ ലക്ഷ്യങ്ങൾ

- പ്രീപ്രൈമറി മുതൽ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണത ഉറപ്പാക്കുക.
- നിർബന്ധിതവും, സാർവ്വത്രികവും, സൗജന്യവുമായ വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക.
- പിന്നോക്കം നിൽക്കുന്ന ഗ്രൂപ്പുകളേയും, ദുർബല വിഭാഗങ്ങളേയും ഉൾപ്പെടുത്തുന്നതിനുള്ള വിദ്യാഭ്യാസ പ്രക്രിയയിലെ തുല്യത ഉറപ്പു വരുത്തുക.
- സ്കൂൾ വിദ്യാഭ്യാസത്തിലെ സാമൂഹികവും ലിംഗപരവുമായ വിടവുകൾ നികത്തുക
- സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഉള്ള തുല്യത ഉറപ്പു വരുത്തുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
- ഉൾച്ചേർന്ന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക (പ്രത്യേക പരിഗണന അർഹിക്കുന്ന

വിഭാഗങ്ങളുടെ ഉന്നമനം)

## 12.2 പ്രവർത്തനങ്ങൾ

മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടുന്നതിനായി പൊതുവിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ആണ് എസ്.എസ്.കെ ഏറ്റെടുക്കുന്നത്.

» പ്രീ പ്രൈമറി ശാക്തീകരണം: പ്രീ പ്രൈമറി രംഗത്ത് ഗുണ നിലവാരമുള്ള ഉള്ളടക്കം വികസിപ്പിക്കുക, അദ്ധ്യാപകരെ പരിശീലിപ്പിക്കുക, ശിശു കേന്ദ്രീകൃതമായ ഉള്ളടക്കം വികസിപ്പിക്കുക.

» ഭാഷാ രംഗത്ത് അക്കാദമിക നിലവാരം ഉയർത്തുന്നതിനായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾക്ക് പ്രത്യേക പദ്ധതികൾ സംസ്ഥാനത്താകെ നടപ്പിലാക്കി വരുന്നു. മലയാളത്തിളക്കം, ഹലോ വേൾഡ്, സുറിലി ഹിന്ദി എന്നിവ ഈ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ആണ്.

» ഗണിതം, ശാസ്ത്രം, സാമൂഹിക ശാസ്ത്ര വിഷയങ്ങൾക്കായി അതത് മേഖലയിൽ ആഴത്തിലുള്ള പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്ന ഗണിത വിജയം, ശാസ്ത്ര ലാബ്, ഭൗമ പദ്ധതികൾ എന്നിവ എല്ലാ സ്ക്കൂളുകളിലും നടപ്പിലാക്കി വരുന്നു.

» കഴിഞ്ഞ ഒന്നര വർഷമായി കോവിഡിന്റെ സാഹചര്യത്തിൽ പഠനം വീടുകളിൽ ആയപ്പോൾ വീടുകളിൽ കുട്ടികളുടെ പഠനം ആസ്വാദ്യകരം ആക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. മാത്ത്സ് ലാബ്, ലാബ് അറ്റ് ഹോം, വീട്ടിൽ ഒരു സാമൂഹ്യ ശാസ്ത്ര ലാബ് എന്നിവ ഈ ലക്ഷ്യത്തോടെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ആയിരുന്നു.

» സ്ക്കൂളുകളിൽ ശാസ്ത്ര വർക്കുകൾ, കുട്ടികളുടെ ശേഷികളും പ്രത്യേക കഴിവുകളും വികസനിപ്പിക്കുന്നതിനായുള്ള ടാലന്റ് ലാബുകൾ എന്നിവ നടപ്പിലാക്കി വരുന്നു.

» കുട്ടികളുടെ പഠന താല്പര്യം വർദ്ധിപ്പിക്കുന്നതിന് സ്ക്കൂളിൽ ജൈവ വൈവിധ്യ പാർക്കുകൾ, കുട്ടികളുടെ താല്പര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആർട്ട് ഗാലറികൾ എന്നിവ എസ്.എസ്.കെ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.

» ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ക്കൂളുകളിൽ സ്പെഷലിസ്റ്റ് അദ്ധ്യാപകരുടെ സേവനം എസ്.എസ്.കെ ലഭ്യമാക്കുന്നു. ഇതോടൊപ്പം ഭിന്നശേഷിക്കാർക്കായി നിരവധി പ്രത്യേക പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

» ലിംഗ തുല്യതയുള്ള വിദ്യാഭ്യാസം ലക്ഷ്യമിട്ട് നിരവധി പ്രവർത്തനങ്ങൾ പെൺകുട്ടികൾക്കായി പ്രത്യേകം എസ്.എസ്.കെ യുടെ ഭാഗമായി നടപ്പിലാക്കുന്നു. സെൽഫ് ഡിഫൻസ് പരിശീലനങ്ങൾ, പിങ്ക് ബോക്സ് പ്രവർത്തനങ്ങൾ, കൗൺസിലിംഗ് പ്രോഗ്രാമുകൾ എന്നിവ ഇതിന്റെ ഭാഗമായി നടന്നു വരുന്നു.

» കുട്ടികളിലെ പ്രതിഭകളെ വികസിപ്പിക്കുന്നതിന് പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ സംഘടിപ്പിക്കുന്നു.

» ശാസ്ത്രപഥം, നൈതികം എന്നിവ നടപ്പിലാക്കുന്നു.

» പ്രത്യേക കൈപ്പുസ്തകം (5) തയ്യാറാക്കി പ്രീ പ്രൈമറി അദ്ധ്യാപർക്കായി പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു.

» അദ്ധ്യാപകർക്ക് ബ്ലോക്ക്, പഞ്ചായത്ത്, നഗരസഭ തലങ്ങളിൽ നിരന്തര പരിശീലനം

നൽകുകയും, അദ്ധ്യാപക കൂട്ടായ്മകൾ രൂപീകരിക്കുകയും ചെയ്യുന്നു.

» ഭിന്നശേഷി വിദ്യാർത്ഥികൾക്കായി വിവിധ ആനുകൂല്യങ്ങൾ നൽകൽ, പഠന സഹായികൾ ലഭ്യമാക്കൽ, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ എന്നിവ നിർവ്വഹിക്കുന്നു. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വിവിധ പഠന ഉപകരണങ്ങൾ വിതരണം ചെയ്യുകയും, അവരുടെ ശേഷികൾ വികസിപ്പിക്കുന്നതിന് വിവിധ തെറാപ്പികൾ ലഭ്യമാക്കുകയും ചെയ്യുന്നു.
» കിടപ്പിലായ കുട്ടികൾക്ക് വിദ്യാലയ അനുഭവങ്ങൾ ലഭ്യമാക്കുന്നതിന് SPACE എന്ന പദ്ധതി നടപ്പിലാക്കുന്നു.
» ഓട്ടിസം ബാധിച്ച കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്കായി ഓട്ടിസം സെന്ററുകൾ നടപ്പിലാക്കുന്നു.
» വിവിധ തരം കുട്ടികൾക്കായി പ്രത്യേക ടാലന്റുകൾ ലഭ്യമാക്കുന്നു (ഗേൾസ് സ്റ്റൈഫന്റ്, റിസോഴ്സ് അലവൻസ് എന്നിവ)
» സ്‌ക്കൂളുകളിലെ സ്പെഷലിസ്റ്റ് അദ്ധ്യാപകരുടെ സേവനത്തിലെ വിടവ് നികത്താൻ കലാ കായിക രംഗത്ത് പ്രത്യേക അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നു.
» ക്ലാസ്സ് റൂം നിർമ്മാണം, ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളുടെ നിർമ്മാണം, ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക നിർമ്മിതികൾ, ടോയ് ലെറ്റ് നിർമ്മാണം, കുടിവെള്ള ലഭ്യത ഉറപ്പാക്കൽ എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നു.
» ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള എല്ലാ പെൺകുട്ടികൾക്കും, പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും യൂണിഫോം വിതരണം ചെയ്യുന്നു.
» 1 മുതൽ 8 വരെ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ടെക്സ്റ്റ് ബുക്ക് ലഭ്യമാക്കുന്നു.

## 12.3 വിഭവ സമാഹരണം

നിലവിൽ എസ്.എസ്.കെ പദ്ധതിക്ക് സാമ്പത്തികം ലഭ്യമാക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ട്. പുതിയ മാർഗ്ഗരേഖ പ്രകാരം എസ്.എസ്.കെ പദ്ധതിയുടെ കേന്ദ്ര വിഹിതം 60 ശതമാനവും, സംസ്ഥാന വിഹിതം 40 ശതമാനവും ആണ്. കേരളത്തിൽ സംസ്ഥാന വിഹിതമായ 40 ശതമാനം ലഭ്യമാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. എസ്.എസ്.കെ തയ്യാറാക്കുന്ന പദ്ധതിക്ക് ആനുപാതികമായ തുക ഓരോ ബ്ലോക്കിലേയും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും, നഗരസഭകളും നീക്കി വയ്ക്കുന്ന രീതിയാണ് നിലവിൽ പിന്തുടരുന്നത്. ഇതിനാൽ തന്നെ ഓരോ തദ്ദേശ സ്ഥാപന തലത്തിലും നീക്കി വയ്ക്കുന്ന തുകയുടെ ആവശ്യകത, അവയുടെ വിനിയോഗം എന്നിവയെ സംബന്ധിച്ച് ഓരോ തദ്ദേശ സ്ഥാപന തലത്തിലും ചർച്ചകൾക്കുള്ള ഇടം ലഭ്യമാണ്. 2020–2021 വർഷത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി എസ്.എസ്.കെ കേരളം കേന്ദ്ര സർക്കാരിന് 1334.19 കോടി രൂപയുടെ പദ്ധതി സമർപ്പിക്കുകയും അതിൽ 718.79 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## 12.4 മുൻസിപ്പൽ വിദ്യാഭ്യാസ സമിതികളുടെ ശാക്തീകരണവും എസ്.എസ്.കെ യും

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ വഴി പ്രാദേശിക വിഭവങ്ങളും,

വൈദഗ്ധ്യവും ഇഴ ചേർത്ത ഇടപെടലുകളിലൂടെ പൊതു വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനാണ് എസ്.എസ്.കെ ശ്രമിക്കുന്നത്. ഒരു നഗരസഭയിലെ പ്രാദേശിക വിദ്യാഭ്യാസ ആസൂത്രണത്തിന്റെ തലം എന്ന നിലയിലാണ് എസ്.എസ്.കെ മുനിസിപ്പൽ, കോർപ്പറേഷൻ തല വിദ്യാഭ്യാസ സമിതികളെ (MEL, LEC) കാണുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ നഗരത്തിലും ഉറപ്പാക്കുന്നതിനുള്ള അക്കാദമിക പിന്തുണ വേദികളായി ഇവയ്ക്ക് പ്രവർത്തിക്കാൻ കഴിയും.

പാഠപുസ്തക വിതരണം, യൂണിഫോം വിതരണം തുടങ്ങി നിർബന്ധിതമായി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് അപ്പുറം വിദ്യാഭ്യാസ മികവ് ഓരോ നഗരസഭയിലും ഉറപ്പാക്കുന്നതിനുള്ള തനത് പദ്ധതികൾക്ക് അക്കാദമിക പിന്തുണ ഉറപ്പാക്കാൻ എസ്.എസ്.കെ ക്ക് നഗരസഭയിലെ വിദ്യാഭ്യാസ സമിതി പ്രവർത്തനങ്ങളെ പിന്തുണക്കുന്നതിലൂടെ കഴിയും. ഇതിന് ഉതകുന്ന രീതിയിൽ നഗരസഭകളിലെ വിദ്യാഭ്യാസ കല കായിക കാര്യ സ്റ്റാന്റിംഗ് കമ്മറ്റി, നഗരസഭാ വിദ്യാഭ്യാസ സമിതി, എസ്.എസ്.കെ എന്നിവയുടെ സംയുക്ത പ്രവർത്തനങ്ങൾ വികസിപ്പിക്കാൻ കഴിയണം.

പ്രാദേശിക വിദ്യാഭ്യാസ പദ്ധതികൾ ഓരോ നഗരസഭയുടെ പരിധിയിലും തനത് സ്വഭാവത്തിന് അനുസരിച്ച് വിന്യസിപ്പിക്കുന്നതിനുള്ള സഹായക സംവിധാനം ആയ് എസ്.എസ്.കെ യേയും ഉപയോഗിക്കാൻ ഇത് സാധ്യത നൽകുന്നു.

# 13

# സ്കൂൾ മുനിസിപ്പൽതല മാസ്റ്റർ പ്ലാനും കർമ്മപരിപാടികളും

നവകേരള സൃഷ്ടിയ്ക്കുള്ള മുന്നൊരുക്കങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം ഏവർക്കും ബോധ്യമുള്ളതാണ്. എല്ലാ കുട്ടികളെയും മികവിന്റെ പരമാവധിയിലെത്തിക്കുന്നതിനാണ് നാം ലക്ഷ്യമിടുന്നത്. ലോകത്തെവിടെയുമുള്ള സമപ്രായക്കാരോട് അക്കാദമിക മികവിൽ വെല്ലുവിളി ഉയർത്തുന്നതിനും അവരെ പ്രാപ്തരാക്കേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷ ണയജ്ഞംത്തിലൂടെ നാം വിഭാവനം ചെയ്യതും അതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പാക്കലാണ് മുമ്പിലുള്ള ദൗത്യം. പൊതുവിദ്യാലയ ശാക്തീകരണമാണ് ഇതിനുള്ള ആദ്യപടി.

കേരളത്തിന്റെ സാമൂഹ്യ പുരോഗതിയിൽ പൊതുവിദ്യാലയങ്ങൾ വഹിച്ച പങ്ക് വലുതാണ്. ജാതിമത ചിന്തകൾക്കതീതമായി ഒരുമിച്ചു പഠിച്ചതും കളിച്ചതുമെല്ലാം കേരളത്തിന്റെ ഉത്തരവാദിത്വമുഖത്തിനു നൽകിയ സംഭാവന വലുതാണ്. ഇക്കാലത്ത് കുറച്ചു പേരെങ്കിലും പൊതുവദ്യാലയങ്ങളിൽ നിന്ന് അകലുന്ന അനുഭവമുണ്ടായി. എല്ലാവരേയും പൊതുവിദ്യാ ലയങ്ങളി ലെത്തിക്കുന്നതിലൂടെ മതേതര കേരളത്തിന്റെ ഒരു തിരിച്ചുവരവ് കൂടിയാണ് നാം ലക്ഷ്യമിടുന്നത്. മതനിരപേക്ഷമായ, ജനാധിപത്യ വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിൽ പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ നാം ലക്ഷ്യമിടുന്നത്

എല്ലാ കുട്ടികളേയും ലോകത്തെവിടെയുമുള്ള സമപ്രായക്കാർക്കൊത്ത് നിലവാരത്തിലെ ത്തിക്കുക എന്നതാണ് പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞം വിഭാവനം ചെയ്യുന്നത്. അതിന്റെ രണ്ടാം ഘട്ടമാണ് വിദ്യാകിരണം പദ്ധതി. സമ്പൂർണ സ്കൂൾ പ്രവേശനം, കൊഴിഞ്ഞുപോക്കു തടയൽ എന്നിവയിൽ നേട്ടം കൈവരിച്ച നമ്മുടെ മുമ്പിലുള്ളത് ഗുണനി ലവാരം വർദ്ധനയാണ്. ഇതിന് സഹായകരമായ രൂപത്തിൽ ഭൗതിക സൗകര്യങ്ങളിൽ നമുക്ക് ലോകോത്തര നിലവാരത്തിലെത്താനാവണം. അദ്ധ്യാപക ശാക്തീകരണം പ്രയോജനപ്പെടുത്തൽ, മികച്ച അനുബന്ധ സംവിധാനമൊരുക്കൽ എന്നിവ ആവശ്യമുണ്ട്.

വിദ്യാലയ വികസനത്തിലും പ്രവർത്തനങ്ങളിലും സാധ്യമായത്രയും സമൂഹ പങ്കാളിത്തം ഉറപ്പാക്കി മാത്രമേ ഇതൊക്കെ സാധ്യമാകൂ. പൂർവ്വവിദ്യാർത്ഥികൾ തദ്ദേശ സ്വയംഭ രണസ്ഥാപനങ്ങൾ പ്രാദേശിക സമൂഹം എന്നിവയിൽ നിന്നുള്ള വിഭവ പിന്തുണയും ഉറപ്പാക്കേണ്ടതുണ്ട്.

സമഗ്രവും കാര്യക്ഷമവുമായ ഒരു ആസൂത്രണ പ്രക്രിയ ലക്ഷ്യപ്രാപ്തി ഉറപ്പാക്കാൻ കൂടിയേ തീരൂ. അത്തരമൊരാസൂത്രണത്തിന്റെ പൊതുസ്വഭാവം ഇങ്ങനെ സംഗ്രഹിക്കാം.

» വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
» മുനിസിപ്പൽ തലത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
» നിലവിലുള്ള കുട്ടികളുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇതിൽ സംഭവിക്കുന്ന ഏറ്റക്കുറച്ചിലുകൾ, തുടർ വർഷങ്ങളിൽ വരാനിടയുള്ള മാറ്റം തുടങ്ങിയവ പരിഗണിക്കണം.
» പഠന സൗഹൃദ അന്തരീക്ഷം പ്രദാനം ചെയ്യുന്ന ക്ലാസ്മുറികൾ സൗകര്യങ്ങൾ സാങ്കേതികവിദ്യ.
» മികച്ച ആരോഗ്യ ശുചിത്വ സംവിധാനം
» ഹരിത വിദ്യാലയമെന്ന കാഴ്ചപ്പാട് കലാകായിക വികസനത്തിനുള്ള സൗകര്യങ്ങൾ
» വിദ്യാലയ സൗന്ദര്യവൽക്കരണം
» സ്ഥല-വിഭവങ്ങളുടെ സമ്പൂർണ്ണ വിനിയോഗം ഉറപ്പാക്കൽ
» അക്കാദമിക മികവുകയർത്താനുള്ള പദ്ധതികൾ
» പ്രാദേശിക വിഭവങ്ങളും വൈദഗ്ധ്യവും പ്രയോജനപ്പെടുത്തൽ
» വിദ്യാർഥികളിൽ മികച്ച വ്യക്തിത്വ ഗുണമുറപ്പാക്കൽ
» പൊതു പരീക്ഷകളിൽ നേട്ടമുറപ്പാക്കൽ
» കുട്ടിയുടെ സവിശേഷ കഴിവുകളിലുള്ള പോഷണം
» അദ്ധ്യാപക ശാക്തീകരണം
» വിദ്യാലയങ്ങൾ തമ്മിലും അക്കാദമിക സ്ഥാപനങ്ങൾ തമ്മിലുള്ള പങ്കുവെപ്പ്
» ഇതര വകുപ്പുകളുമായുള്ള പരസ്പരബന്ധം
» സാമൂഹ്യ പങ്കാളിത്തം
» പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ
» പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്കുള്ള സവിശേഷ പരിഗണന
» ലിംഗനീതി ഉറപ്പാക്കൽ
» അങ്കണവാടികളുടെനവീകരണവും മികവുയർത്തലും
» അയൽപക്ക വിദ്യാലയ പ്രവേശനം പ്രോത്സാഹിപ്പിക്കൽ
» മുൻഗണന നിശ്ചയിക്കൽ
» രക്ഷാകർതൃ ശാക്തികരണം
» ദീർഘകാല വീക്ഷണം

## 13.1 വിദ്യാലയ വികസന മാസ്റ്റർ പ്ലാൻ

2018 ജനുവരി-ഫെബ്രുവരി മാസങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ വിദ്യാലയ ങ്ങളും അവരവരുടെ വിദ്യാലയ മാസ്റ്റർ പ്ലാനിന് രൂപം നൽകുകയുണ്ടായി. ദീർഘകാല വീക്ഷണത്തോടെയുള്ള ഭൗതികസൗകര്യങ്ങൾ, അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കൽ, സൗന്ദര്യവൽക്കരണം തുടങ്ങി വിദ്യാലയ അന്തരീക്ഷം വിദ്യാർത്ഥി സൗഹൃദവും സാങ്കേതിക വിദ്യാഭ്യാസ സൗഹൃദവുമാക്കാനുള്ള നിർദേശങ്ങളാണ് ഇതിൽ മുന്നോട്ടുവെച്ചത്. അതോ ടൊപ്പം തന്നെ അക്കാദമിക് മാസ്റ്റർപ്ലാനും തയ്യാറാക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ടുവെച്ച ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങൾ കൂടി പരിഗണിച്ചാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അക്കാദമിക മികവാണ് വിദ്യാലയ മികവ്

എന്നതിനെ ആധാരമാക്കിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ സ്കൂളിലെയും പഠനനിലവാരം ലോകോത്തര മാതൃക എന്നതാണ് ലക്ഷ്യം വെച്ചത്. ഭാഷാ, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, കല, കായികം, വ്യക്തിത്വവികസനം, സർഗ്ഗാത്മകത, തൊഴിൽ നൈപുണി തുടങ്ങിയവയിലെല്ലാം മികവുറപ്പാക്കുന്നതിനുള്ള കർമപരിപാടികൾ ഹ്രസ്വകാല–ദീർഘകാലാടി സ്ഥാനത്തിൽ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഇടംപിടിച്ചിട്ടുണ്ട്. ജനകീയ ചർച്ചകൾ, വിദഗ്ധരുമായുള്ള പങ്കുവെപ്പ് തുടങ്ങിയവയെല്ലാം സ്കൂൾതല മാസ്റ്റർപ്ലാൻ രൂപീകരണത്തിൽ നടന്നിട്ടുണ്ട്. മിക്കയിടങ്ങളിലും ഒരു പൊതുപരിപാടിയുടെ ഭാഗമായാണ് സ്കൂൾ മാസ്റ്റർ പ്ലാൻ പുറത്തിറക്കിയത്.

## 13.2 മുനിസിപ്പൽ തല മാസ്റ്റർ പ്ലാനിലേക്ക്

ഏറ്റവും മികച്ച അനുഭവങ്ങളുമായാണ് കുട്ടികൾ വിദ്യാലയങ്ങളിൽ കഴിയേണ്ടത്. അതിനൊത്ത സൗകര്യങ്ങളും സംവിധാനങ്ങളും വിദ്യാലയങ്ങളിലും അങ്കണവാടികളിലും ഉണ്ടാകണം. നമ്മുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ലോകോത്തര നിലവാരമാണ് വിഭാവനം ചെയ്യേണ്ടത്. എല്ലാം ഒറ്റയടിക്ക് നേടണമെന്നില്ല. സ്വപ്നം കാണാൻ അതിരു നിശ്ചയിക്കേണ്ടല്ലോ. ഏറ്റവും മികച്ച ആരോഗ്യ ശുചിത്വ സംവിധാനങ്ങൾ, മനോഹരമായ സ്കൂൾ അന്തരീക്ഷം, പെൺകുട്ടികൾക്കുള്ള പ്രത്യേക സൗകര്യങ്ങൾ, ചെറിയ കുട്ടികൾക്കുള്ള പാർക്കുകൾ, കളിസ്ഥലം, കുടിവെള്ളം, ജൈവവൈവിധ്യ ഉദ്യാനം, കലാപരിശീലന സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം ഉറപ്പാക്കണം. വിദ്യാലയ പ്രവേശന പ്രായം ആറ് വയസ്സാകുന്ന സാഹചര്യത്തിൽ, കുട്ടികൾ കൂടുതൽ കാലം അങ്കണവാടികളെ ആശ്രയിക്കേണ്ടി വരുന്നുണ്ട്. ചുറ്റുമതിൽ, ശിശു സൗഹൃദ ടോയ്‌ലറ്റുകൾ, കളിസ്ഥലം, കളിയുപകരണങ്ങൾ തുടങ്ങിയവയെല്ലാം അങ്കണവാടികളിൽ ഉറപ്പാക്കണം, ഉദ്യാന സമാനമായ അന്തരീക്ഷവും ശുചീകരണ സംവിധാനവും കൂടി നിർബന്ധമാക്കണം.

അതിവേഗം വികസിച്ചുവരുന്ന സാങ്കേതികവിദ്യക്കൊപ്പം നമ്മുടെ കുട്ടികളേയും ചേർക്കേണ്ടതുണ്ട്. ലോകത്തെവിടെയുമുള്ള വിജ്ഞാനം വിരൽത്തുമ്പിലെത്തിക്കാനുള്ള സൗകര്യം ക്ലാസ് മുറിയിൽ ഉണ്ടാകണം. പഠന–ബോധന ശാസ്ത്രത്തോടൊപ്പം അദ്ധ്യാപകരെ എത്തിക്കാനും നമുക്ക് കഴിയണം. അക്കാദമിക പ്രവർത്തനങ്ങളുടെ കേന്ദ്രം വിദ്യാലയമാണെങ്കിലും അതിനുള്ള ഏകോപനത്തിനും പിന്തുണയ്ക്കും മുനിസിപ്പൽതലത്തിൽ സാധ്യതയുണ്ട്.

## 13.3 വിദ്യാലയ മാസ്റ്റർ പ്ലാൻ നവീകരണം

വിവിധ ഘട്ടങ്ങളിലൂടെയാണ് വിദ്യാലയ മാസ്റ്റർപ്ലാനിൽ എത്തിച്ചേർന്നത്. അക്കാദമിക വിദഗ്ധർ, ആദ്ധ്യാപകർ, സാങ്കേതിക വിദഗ്ധർ, പി.ടി.എ., സ്കൂൾ സമിതി, പൊതുസമൂഹം, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയവയെല്ലാം ഇതിന്റെ വിദഗ്ധ ഘട്ടങ്ങളിൽ പങ്കാളികളായി. വിദ്യാലയ മാസ്റ്റർപ്ലാൻ കഴിഞ്ഞ മൂന്നുവർഷ അനുഭവം കൂടി ഉൾക്കൊണ്ട് നവീകരിക്കുകയാണ് അടിയന്തര കടമ. ചെയ്തു തീർത്തത്, ബാക്കിയുള്ളത്, ആരംഭിച്ചത്, തുടങ്ങിയവയെല്ലാം ചർച്ചയ്ക്ക് വിധേയമാക്കണം. സ്കൂൾതലത്തിലാണ് ഇത്തരമൊരു നവീകരണ ചർച്ച നടക്കേണ്ടത്. നിശ്ചിത സമയത്തിനകം നവീകരിച്ച പതിപ്പ് വിദ്യാലയങ്ങൾക്ക് കൈമാറാൻ നിർദ്ദേശിക്കണം. സർക്കാർ സ്കൂളുകൾക്കൊപ്പം എയ്ഡഡ് സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ കൂടി സാഹരിക്കണം. അതോടൊപ്പം അങ്കണവാടികളുടെ പ്ലാൻ

കൂടി തയ്യാറാക്കേണ്ടതുണ്ട്. ഇവയെല്ലാം ചേർന്ന് മുനിസിപ്പൽതല മാസ്റ്റർ പ്ലാനിലേക്കും കർമ്മ പദ്ധതിയിലേക്ക് കടക്കാം.

» മുനിസിപ്പൽതല കർമ്മസമിതിക്കാവും ഇതിന്റെ ചുമതല.
» അക്കാദമികം, ഭൗതികം പ്രത്യേകമായി ക്രമീകരിക്കണം.
» സ്കൂളുകൾ സ്വന്തം നിലയിൽ ഏറ്റെടുക്കേണ്ടത്, മുനിസിപ്പാലിറ്റി നിർവഹിക്കേണ്ടത്, വിദ്യാഭ്യാസ വകുപ്പ്/എസ്.എസ്.കെ./ഐ.സി.ഡി.എസ്/മറ്റു വകുപ്പുകൾ ചെയ്യേണ്ടത് എന്നിങ്ങനെ പട്ടികപ്പെടുത്തണം.
» മുൻഗണനാ പട്ടിക തയ്യാറാകേണ്ടതുണ്ട്.
» സ്ക്കൂൾതല നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് ഒറ്റ പദ്ധതിയാക്കി മാറ്റാനുള്ള സാധ്യതയും പരിശോധിക്കണം.
» മുനിസിപ്പാലിറ്റിയുടെ പൊതുകാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള പുതിയ പദ്ധതിയും ചേർക്കാവുന്നതാണ്.

തയ്യാറാക്കപ്പെട്ട മുനിസിപ്പൽ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരണത്തിലേക്ക് കടക്കാവുന്നതാണ്.